

ഏപ്രിൽ 2018
Price ₹ 25
ജീവനും വെളിച്ചവും
നമുക്കും
ഉത്ഥിതനോടൊപ്പം
പോകാം...



സെന്റ് നിക്കോളാസ് ദേവാലയം, പുതിയതുറ
വിശുദ്ധ ഗീവർഗ്ഗീസ് സഹദായുടെ
തിരുനാൾ
മഹോത്സവം
പുതിയതുറ
പൊറ്റയിൽപള്ളി
കൊച്ചെടത്വ
തീർത്ഥാടനം
2018 ഏപ്രിൽ 27 മുതൽ മെയ് 6 വരെ

**ജീവനും വെളിച്ചവും**

തിരുവനന്തപുരം
ലത്തീൻ അതിരൂപത
പ്രസിദ്ധീകരണം

2018 ഏപ്രിൽ
പുസ്തകം - 42 ലക്കം - 4
വില 25 രൂപ (വാർഷിക വരിസംഖ്യ: 300 രൂപ)

ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, തിരുവനന്തപുരം-695 003.
ഫോൺ: 2724001.
www.latinarchdiocesetrivandrum.org
jeevanumvelichavum@gmail.com

**രക്ഷാധികാരി**
മോസ്റ്റ് റവ. ഡോ. സൂസപാക്യം
**സഹ രക്ഷാധികാരി**
റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്
മോൺ. യൂജിൻ എച്ച് പെരേര
**ഉപദേശക സമിതി**
ഫാ. എഡിസൺ വൈ.എം.
ഫാ. ലോറൻസ് കുലാസ്
ഫാ. ശാന്തപ്പൻ എം.
ഫാ. ലെനിൻ രാജ്
ഫാ. മൈക്കിൾ തോമസ്
ഫാ. ലെനിൻ ഫെർണാണ്ടസ്
ഫാ. ജോൺ എ.ആർ.
എം. ആർക്കാഞ്ചലോ
പി. ശശിധരൻ
**പത്രാധിപർ**
ഫാ. തോമസ് ജെ. നെറ്റോ
**സഹ പത്രാധിപർ**
ഫാ. വിക്ടർ എവരിസ്റ്റസ്
അഗസ്റ്റിൻ കണിപ്പിള്ളി
ഫാ. ദീപക് ആന്റോ
**പത്രാധിപ സമിതി**
ഡോ. ഐറിസ്
ലോറൻസ് ഫെർണാണ്ടസ്
സി. ലിസ്യൂ വർഗ്ഗീസ് എസ്.വി.സി.
അഡ്വ. എം.എ.ഫ്രാൻസിസ്
ബർണാഡ് മൊറായിസ് ജെ.
**ഓഫീസ് നിർവ്വഹണം**
സി. ലീല മൂഴയിൽ ഡി.എസ്.പി
**രൂപകല്പന**
സുനിൽകുമാർ

## മുഖവിചാരം

# തിരിഞ്ഞുനോട്ടത്തിനുള്ള സമയമായി


ഒരു വലിയ നോമ്പിനെ തുടർന്ന് ക്രിസ്തുവിന്റെ ഉയിർപ്പ് ആഘോഷിക്കാൻ നാം ഒരുങ്ങുകയാണ്. കഴിഞ്ഞ 40 നാളുകളുടെ ദിനചര്യകളിലേക്കും ആത്മവിചാരങ്ങളിലേക്കും ഒന്ന് തിരിഞ്ഞുനോക്കാം. ആത്മീയവും മാനസികവും ശാരീരികവുമായ ഒരുക്കവും നോമ്പുനോക്കലും പ്രാർത്ഥനയും പരോപകാരപ്രവൃത്തികളും എത്രമാത്രം നമ്മുടെ ഉള്ളിലേക്ക് തിരിഞ്ഞുനോക്കാൻ സഹായിച്ചു.

കൂട്ട ആക്രമണങ്ങളും മുറിവേറ്റുകിടക്കുന്ന സഹോദരനെയും സഹോദരിയെയും പരീശന്മാരെപ്പോല കണ്ണടച്ചുകടന്നുപോകുന്ന മനോഭാവം. ആക്രമണ അരൂപിയിൽ സ്വന്തം രക്തത്തിന്റെ രക്തവും മാംസത്തിന്റെ മാംസവുമായ കുരുന്നുകളെപ്പോലും ആക്രമിച്ച് കൊലപ്പെടുത്താൻ പാകത്തിൽ മനസ്സുള്ള അമ്മമാരും അപ്പന്മാരും. നമുക്കായി കാൽവരിയിൽ ജീവത്യാഗം ചെയ്ത, "അവനെ ക്രൂശിക്കുകയെന്ന് ആർപ്പുവിളിച്ച സമൂഹമനസ്സാക്ഷി നോക്കി, 'നിങ്ങളെയും നിങ്ങളുടെ കുഞ്ഞുങ്ങളെയും ഓർത്ത് കരയുവിൻ' എന്ന യേശുവിന്റെ ഓർമപ്പെടുത്തലിന്റെ ആഴം കാണാനും അളക്കാനും ഉൾക്കൊള്ളുവാനുമുള്ള നേരമാണിത്. നമുക്ക് അവനോട് ചേർന്ന് നടക്കാം. അവന്റെ വികാരവായ്പുകളെ ഒപ്പിയെടുക്കാം. ഉത്ഥിതൻ നല്കുന്ന ജീവന്റെ തുടിപ്പുകളുള്ളവരാകാം.

തീരത്തിന്റെ ജന്മാവകാശികളും, പരമ്പരാഗത അവകാശികളുമായ മീൻപിടിത്ത ജനതയുടെ തീരത്തിന്മേലും കടലിന്മേലുമുള്ള അവകാശങ്ങൾ തീരെപരിപാലന വിജ്ഞാപനത്തിന്റെ മറവിൽ തട്ടിയെടുക്കാനുള്ള ശ്രമം നടക്കുകയാണ്. കൂടാതെ നമ്മുടെ രാജ്യത്ത് നൂറ്റാണ്ടുകളായി നിലനിന്നിരുന്ന ജാതിവ്യവസ്ഥകാരണം വിദ്യാഭ്യാസപരമായും സാമൂഹ്യമായും പാർശ്വവൽക്കരിക്കപ്പെട്ട ജനതയുടെ മുന്നേറ്റത്തിനായി ഭരണഘടന ഉറപ്പുവരുത്തുന്ന സംവരണത്തെ സാമ്പത്തിക മാനദണ്ഡങ്ങൾ ഉൾച്ചേർത്ത് അട്ടിമറിക്കാനുള്ള നീക്കങ്ങളെ തോല്പിക്കാനാകണം.

ഉയിർപ്പാശംസകളോടെ....

- പത്രാധിപർ




## ലേഖനം ശ്രദ്ധേയമായി

യുവജനങ്ങളുടെ മനസ്സിലേക്കും ഹൃദയത്തിലേക്കും ജീവിത വഴികളിലേക്കും തീർത്ഥാടനം നടത്തി ഫാ. ലെനിൻ ഫെർണാണ്ടസ് എഴുതിയ യുവജനങ്ങൾ ശ്രദ്ധിക്കപ്പെടുന്ന എന്ന ലേഖനം യൗവനത്തിന്റെ പ്രസരിപ്പും ചുറുചുറുക്കും തീഷ്ണതയും നിറഞ്ഞതായിരുന്നു.

– വിയാനാ
ജൂബിലി ഹോസ്പിറ്റൽ

## സുതാര്യത മറ്റുള്ളവർക്കോ?

ഓഖി ദുരിതാശ്വാസത്തിന് കേന്ദ്രം അനുവദിച്ചതും കേരളം സമാഹരിച്ചതുമായ കോടികളെപ്പറ്റി ജീവനും വെളിച്ചവും പരാതിപ്പെടുമ്പോൾ, മാർച്ച് ലക്കം 28-ാം പേജിൽ ലത്തീൻ സമുദായ സംഘടനയായ കെഎൽസിഎ സമാഹരിച്ച തുക കൈമാറുന്ന ഒരു ചിത്രം കണ്ടു. സമുദായ സംഘടന, സമുദായ അംഗങ്ങളിൽ നിന്ന്, സമുദായത്തിലെ ദുരിതമനുഭവിക്കുന്ന ഒരു വിഭാഗത്തിന് വേണ്ടി, എത്ര തുക സമാഹരിച്ചുവെന്നുകൂടി, സമുദായ അംഗങ്ങൾ അറിയാൻ അതിനോടൊപ്പം എഴുതിക്കണ്ടില്ല. സുതാര്യത എപ്പോഴും മറ്റുള്ളവർക്കുള്ളതാണ്.

– ഐറിൻ ഗോമസ്
പള്ളിത്തുറ.

## കരുണയുടെയും ദയയുടെയും വക്താക്കളാകണം

മാർച്ച് ലക്കത്തിൽ "ഓഖി ദുരന്തവും അരും കൊലകളും" വായിച്ചു. ഓഖി ദുരന്തത്തിൽപെട്ട ഓരോരുത്തരുടെയും കണ്ണീരൊപ്പി സർക്കാർ അവരെ ആശ്വസിപ്പിച്ച് അവരുടെ ക്ഷേമൈശ്വര്യങ്ങൾ നിരന്തരം അന്വേഷിച്ചുകൊണ്ടിരിക്കുകയാണെന്ന് ഭരണാധികാരികൾ അവകാശപ്പെടുന്നു. കേന്ദ്രം കുറേ സഹായങ്ങൾ വാരിക്കോരി നൽകിയിരുന്നുവെങ്കിൽ തേനും പാലുമൊഴുക്കി തീരദേശവാസികളുടെ ജീവിതം സ്വർഗ്ഗസമാനമാക്കുമായിരുന്നെന്നും സംസ്ഥാന സർക്കാർ ആണയിട്ടുപറയുന്നു.

ആയിരക്കണക്കിന് കോടി രൂപ വാരിയെറിഞ്ഞിട്ടും അട്ടപ്പാടിയിലെ ആദിവാസികളുടെ ജീവിതം തകർച്ചയിലും തളർച്ചയിലും അധോഗതിയിലും അതിദയനീയമായ നരകാവസ്ഥയിലുമാണെന്ന് ഒരുപിടി അന്നം വിശപ്പടക്കാൻ എടുക്കേണ്ടിവന്നതിന്റെ പേരിൽ പരിഷ്കൃത സമൂഹം മൃഗത്തേക്കാൾ ദയനീയമായി തല്ലിക്കൊന്ന മധുവിന്റെ അരുംകൊല തെളിയിക്കുന്നു. വികസനത്തിന്റെ ഊഞ്ഞാലിൽ ആകാശത്തോളം ആലോലമാടുകയാണ് മധുര മനോജ്ഞസന്ധ്യ ശ്യാമള കോമളമായ കേരളമെന്ന് പാവങ്ങളുടെ പക്ഷം ചേർന്നുനിന്നു ഭരിക്കുന്നുവെന്നു പറയുന്ന അധികാരികൾ ഇതൊക്കെ ഗൗരവമായി ചിന്തിച്ചാൽ നന്ന്.

ഷുഹൈബിനെ മരം മുറിക്കുന്ന ലാഘവത്തോടെ വെട്ടിനുറുക്കിയവരും അതിന്റെ ഗുഡാലോചനയിൽ പങ്കെടുത്തവരും ദയ അർഹിക്കുന്നില്ല. പ്രത്യയ ശാസ്ത്രങ്ങളെക്കുറിച്ച് വാതോരാതെ പ്രസംഗിക്കുന്നവർ മനുഷ്യ സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും കരുണയുടെയും ദയയുടെയും വക്താക്കളാകണം.

– ജെറാൾഡ് ബി.മിരാൻഡ,
തോന്നയ്ക്കൽ

## യേശു സ്നേഹമെന്ന സത്യം മറക്കരുത്

മാധ്യമമുക്ത കുടുംബ മണിക്കൂർ വായിച്ചു. കുടുംബങ്ങൾ ഇന്ന് വെറും 'കുംഭ'ങ്ങളായി മാറിക്കൊണ്ടിരിക്കുന്നു. കുടുംബാംഗങ്ങൾ അവരവരുടെ മൊബൈലിലും ലാപ് ടോപ്പിലും മാത്രമായി തല താഴ്ത്തി ലോക തറവാട്ടിൽ ഏകാന്തതയുടെ തടവറയിലാണ്. കുടുംബങ്ങൾ കമ്പപ്പുരകളായും മാറിക്കൊണ്ടിരിക്കുന്നു. ഈശോ ഉള്ള സ്ഥലമാണ് സ്വർഗം. കുടുംബം സ്വർഗമാകാൻ ഈശോ വേണം. കുടുംബത്തിലെ ഓരോ വ്യക്തിയുടെയും ഉള്ളിലും അവരുടെ വാക്കിലും പ്രവൃത്തിയിലും ഈശോ അനുഭവം മറ്റുള്ളവർക്ക് കാണാൻ കഴിയണം. കുടുംബ പ്രാർത്ഥന മുടക്കം കൂടാതെ നടത്തിയിട്ടും വാർഷിക ധ്യാനം കൂടിയിട്ടും കുമ്പസാരിച്ച് കുർബാന കൈക്കൊള്ളിച്ചിട്ടും എന്തേ നമ്മുടെ വ്യക്തികളിലും കുടുംബങ്ങളിലും സ്വർഗ സാന്നിധ്യം കെട്ടുപോകുന്നു? വീട്ടിനുള്ളിൽ ഉള്ളുതുറന്ന് ചിരിക്കാനും വർത്തമാനവും തമാശയും പറയുവാനും യേശു ചെയ്ത കാര്യങ്ങൾ ചർച്ച ചെയ്യാനും എന്തേ നാം മടിക്കുന്നു? ദൈവാലയം വിട്ടിറങ്ങുന്ന നാം നമ്മിലെ കർത്താവിനെയും സക്രാരിയിൽ വെച്ചാണ് മടങ്ങുന്നതെന്നുതോന്നുന്നു. ആ സ്വഭാവം മാറ്റി നാം തന്നെയും സാക്രാരിയായി മാറേണ്ടതല്ലേ? അങ്ങനെയുള്ള ചിന്തകളും വേണം. കുടുംബത്തെ ഒന്നിപ്പിക്കുന്ന 'ഹം' ആണ് സ്നേഹം. സ്നേഹമെന്നാൽ യേശുവെന്നു നാം മറന്നുപോകരുത്.

– റീനാ ലൂഷ്യസ്
ചെമ്പക മംഗലം.

# താളുകളിൽ

## ലേഖനം

6 ഉത്ഥാനശേഷം
ഫാ. ഇമ്മാനുവേൽ

8 'തീരാ'ശങ്കയുടെ കാരണങ്ങൾ
എം.ഉണ്ണികൃഷ്ണൻ

12 ദൈവവിളി: ദാനവും രഹസ്യവും
ഫാ. ക്രിസ്റ്റിൽ റൊസാരിയോ

16 ഹോം മിഷൻ 2017 – 18
സി. ഷീബ & സി. ധന്യ

18 സംവരണതത്വം അട്ടിമറിക്കപ്പെടരുത്
അഡ്വ. എം.എ.ഫ്രാൻസിസ്

22 ദരിദ്രന്റെ ദുരിതവും സർക്കാരിന്റെ മദ്യവും
അഗസ്റ്റിൻ കണിപ്പിള്ളി

## സ്ഥിരം പംക്തികൾ

15 കവിത
20 അല്മായ വേദി
21 കാനോൻ നിയമത്തിൽ
24 വാർത്തകൾ
29 അജപാലനം
30 നീർച്ചാലുകൾ
38 വചനജ്വാല
40 ഇളംതൂവൽ
42 നേർക്കാഴ്ച
ജെ.സി.

ലേഖനം

ഫാ. ഇമ്മാനുവേൽ

**ഉത്ഥാനം അത് കുരിശുമരണത്തിന്റെ സമ്മാനമാണ്. എല്ലാ പീഡാനുഭവങ്ങളും ഉയിർപ്പിലേക്കാണ് നയിക്കുന്നത്.**

# ഉത്ഥാനശേഷം

"രാത്രിയും രാത്രിയുടെ നിഴലുകളും ദീർഘനേരം തങ്ങി നിൽക്കുകയില്ല. അങ്ങ് ഞങ്ങളോടൊപ്പം കഴിയുകയാണെങ്കിൽ അതിവേഗം ഞങ്ങൾക്ക് പുലരിയെ കാണാം."

ഒരു ചെറുപ്പക്കാരന്റെ സംശയമായിരുന്നു - നിങ്ങളെന്തുകൊണ്ട് ഒരു ദിവസം ഈസ്റ്റർ ആഘോഷിക്കുകയും ബാക്കി എല്ലാ ദിവസങ്ങളും കുരിശിനെ ആരാധിക്കുകയും ചെയ്യുന്നത്? ദൈവത്തെ മാത്രം പഠിക്കുന്ന വേളയിൽ ഒരിക്കൽ പ്രൊഫസറോട് ഈ ചോദ്യം ചോദിക്കേണ്ടിവന്നു. അദ്ദേഹം ബൈബിളിലെ യോഹന്നാന്റെ സുവിശേഷത്തിലെ മൂന്നുവാക്യങ്ങൾ ഉദ്ധരിച്ചുകൊണ്ടാണ് ഉത്തരം നൽകിയത്.

യോഹ 3:14 മോശ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയതുപോലെ തന്നിൽ വിശ്വസിക്കുന്നവന് നിത്യജീവൻ ഉണ്ടാകേണ്ടതിന് മനുഷ്യപുത്രനും ഉയർത്തപ്പെടേണ്ടിയിരിക്കുന്നു...

യോഹ 8:28 നിങ്ങൾ മനുഷ്യപുത്രനെ ഉയർത്തിക്കഴിയുമ്പോൾ, ഞാൻ തന്നെയെന്നും ഞാൻ സ്വമേധയാ ഒന്നും പ്രവർത്തിക്കുന്നില്ല, പ്രത്യുത എന്റെ പിതാവ് എന്നെ പഠിപ്പിച്ചതുപോലെ ഇക്കാര്യങ്ങൾ ഞാൻ സംസാരിക്കുന്നുവെന്നും നിങ്ങൾ മനസ്സിലാക്കും.

യോഹ 12:32 ഞാൻ ഭൂമിയിൽ നിന്ന് ഉയർത്തപ്പെടുമ്പോൾ എല്ലാ മനുഷ്യരേയും എന്നിലേക്കാകർഷിക്കും.

കുരിശ് ശിക്ഷയുടെ അടയാളമല്ല; അത് രക്ഷയിലേക്കുള്ള അടയാളമാണ്. കുരിശ് - കൊലമരമായിരുന്നു... ശിഷ്യയുടെ ഉപകരണമായിരുന്നു.... ദോഷത്തിന്റെ നുകമായിരുന്നു. ഉത്ഥാനത്തെക്കുറിച്ച് ആരെങ്കിലും എന്തെങ്കിലും പറഞ്ഞാൽ അതിനുമുൻപ് കുരിശിന്റെ മഹത്വത്തെക്കുറിച്ചും അറിഞ്ഞിരിക്കണം. കുരിശ് ഉത്ഥാനത്തിന്റെ ചിഹ്നമാണ്. കുരിശ് ഓർമ്മിപ്പിക്കേണ്ടത് മരണത്തെയല്ല; ഉത്ഥാനത്തെയാണ്. കുരിശിനെ നോക്കുമ്പോൾ രക്ഷപ്രാപിക്കുമെങ്കിൽ അത് ഉത്ഥാനത്തിന്റെ ചിഹ്നമല്ലാതെ പിന്നെയെന്താണ്.

ഉത്ഥാനം അത് കുരിശുമരണത്തിന്റെ സമ്മാനമാണ്. എല്ലാ പീഡാനുഭവങ്ങളും ഉയിർപ്പിലേക്കാണ് നയിക്കുന്നത്. യേശു ഉയിർത്തെഴുന്നേറ്റപ്പോഴാണ് കുരിശിനെക്കുറിച്ചുള്ള ചിന്തകൾ ഉടലെടുത്തത്. എമ്മാവൂസിലേക്ക് പോയ ശിഷ്യന്മാർ ഉത്ഥിതനെയാണ് ആദ്യം കണ്ടത്. അതിനുശേഷമാണ് അവർ ഒരു നിരപരാധിയുടെ കുരിശുമരണത്തെപ്പറ്റി കേൾക്കുന്നത്... ഹെലേന രാഞ്ജി ഉത്ഥിതനെക്കുറി



ഉത്ഥാനം മരണത്തിൽ നിന്നും ഒരു പുതിയ ജീവിതത്തിലേക്കുള്ള ഉത്ഥാനത്തിലൂടെ സംഭവിക്കുന്നത്.



ജീവനിലേക്കുള്ള ഉണർവ്വാണ്. ഈശ്വരന്റെ ക്ഷണമാണ്

ച്ച് അറിഞ്ഞപ്പോഴാണ് ആ കുരിശിനെ വീണ്ടെടുക്കണമെന്ന് തീവ്രമായ ആഗ്രഹം ഉള്ളിൽ ഇതൾ വിരിഞ്ഞത്. സുവിശേഷം മുഴുവൻ ഒരു ഫ്ളാഷ്ബാക്കാണ്. ഉത്ഥാനത്തെ കേന്ദ്രീകരിച്ചുകൊണ്ടാണ് യേശുവിന്റെ ജനന-പീഡാസഹന-മരണത്തെക്കുറിച്ച് എഴുതപ്പെടുന്നത്. തിന്നുക, കുടിക്കുക, ആനന്ദിക്കുക എന്ന തത്വത്തേക്കാൾ എത്രയോ അഭികാമ്യമാണ് സഹനത്തിലൂടെയുള്ള മഹത്വത്തിലേക്കുള്ള പ്രവേശനം. ഓടക്കുഴൽ നാദം മധുരമാണെങ്കിലും അതിന്റെ സുഷിരങ്ങൾ വേദനയുടെ പ്രതീകമല്ലേ...

ഉത്ഥാനം മരണത്തിൽ നിന്നും ജീവനിലേക്കുള്ള ഉണർവ്വാണ്. ഒരു പുതിയ ജീവിതത്തിലേക്കുള്ള ഈശ്വരന്റെ ക്ഷണമാണ് ഉത്ഥാനത്തിലൂടെ സംഭവിക്കുന്നത്. പുതിയ നിയമത്തിൽ ഉത്ഥാനത്തെ മനസ്സിലാക്കാൻ ഉപയോഗിക്കുന്ന രണ്ടുപദങ്ങളുണ്ട്. ഒന്നാമതായി, *അനിസ്തേമി* അർത്ഥം ഇത്രയേ ഉള്ളൂ - താഴെനിന്നും ഉയർത്തുക - രോഗിയെ ഉണർത്തുക... എന്നൊക്കെ, രണ്ടാമതായി, *എഗേയ്റോ*. സർവശക്തന്റെ ആത്ഭുതകരമായ പ്രവർത്തിയാണ് ക്രിസ്തുവിന്റെ ഉത്ഥാനം. വന്ധ്യമായിപ്പോയ സാറയുടെയും ഹന്നയുടെയും എലിസബത്തിന്റെയും ഉദരത്തിൽ ജീവൻ നൽകിയ സർവശക്തന്റെ കരവിരുതാണ് ഉയിർപ്പ്. ശൂന്യമായ കല്ലറ നൽകുന്ന നിർവൃതിയും... വിശ്വാസത്തിലേക്ക് നയിക്കുന്ന പ്രത്യക്ഷപ്പെടലുകളും... അനുഭവിച്ചറിഞ്ഞ ക്രിസ്തുസാക്ഷ്യങ്ങളും ഉത്ഥാനത്തിന്റെ തെളിവുകളാണ്.

ഉയിർപ്പിനുശേഷം പുണ്യങ്ങളാണ്. ക്ഷമയുള്ളിടത്ത് ഉയിർപ്പ് സംജാതമാണ്. പുണ്യങ്ങൾ തന്നെയാണ് ഒരാളെ ഉയിർപ്പിലേക്ക് നയിക്കുന്നത്. പിതാവേ... അവരോട് ക്ഷമിക്കേണമേ. ആരെങ്കിലും ഇങ്ങനെ ഉരുവിട്ടതായി ചരിത്രത്തിൽ കേട്ടിട്ടുണ്ടോ? ഹൃദയം കുത്തിതുളയ്ക്കപ്പെടുമ്പോഴും ഈ വാക്കുകൾ പറയാനുള്ള കഴിവ് അപാരമല്ലേ? സ്വർഗത്തിനും ഭൂമിക്കുമിടയിൽ മുഴങ്ങി കേട്ട ഉയിർപ്പിലേക്ക് നയിക്കുന്ന കാഹള ധ്വനിയല്ലേ ഈ ക്ഷമയുടെ പ്രാർത്ഥന. ഋതുക്കൾ തളർന്നു പോയാലും വർഷങ്ങൾ വയസ്സായാലും ഈ വാക്കുകളുടെ ശക്തി ക്ഷയിക്കുകയില്ല; മരിക്കുകയില്ല. എന്നും ഉയർത്തെഴുന്നേറ്റുതന്നെ നിൽക്കും.

സ്നേഹം ഉയിർപ്പാണ്. നാവ് ഒരിക്കലും ഉരിയാടാത്തതും കാതുകൾ ഒരിക്കലും കേൾക്കാത്തതും ഹൃദയം മനസ്സിലാക്കും. ഹൃദയഭാഷയാണ് സ്നേഹം. ഇന്ദ്രിയങ്ങൾക്കപ്പുറത്തേക്ക് ഒരാൾ ചെന്നെത്തിയാലും സ്നേഹത്തിലൂടെ അയാൾ അടുത്തുവരികയാണ്. നിശബ്ദത അനാവരണം ചെയ്ത അന്ത്യ നാളുകളിൽ സെബദിയുടെ ഇളയമകൻ യോഹന്നാന് ലോകത്തോട് പറയാനുണ്ടായിരുന്നത് സ്നേഹത്തിലൂടെ മൊട്ടിടുന്ന ഉയിർപ്പിനെപ്പറ്റിയായിരുന്നു. നെഞ്ചിൽ സ്നേഹം നിറയുന്നവരൊക്കെ ഉയിർപ്പിന്റെ നിർവൃതിയിലാണ്. സ്നേഹം മരിച്ചാൽ അവിടെ ഉയിർപ്പില്ല; മരണം മാത്രം.

കരുണയുള്ളടത്തോളം ഉയിർപ്പിന്റെ പൊരുൾ പ്രഘോഷിക്കപ്പെടും. കയ്പേറിയ കടലിലേക്ക് ഒഴുകിവരുന്ന പുഴയാണ് കരുണ. ഹൃദയകാവടത്തിൽ മുട്ടുന്നവനായി തുറക്കപ്പെടുന്ന വാതിൽ കരുണയുടെ വാതിലാണല്ലോ. അത് ഉയിർപ്പിലേക്കുള്ള കവാടമാണ്. പാപിനിയെന്ന് ലോകം മുദ്രകുത്തിയ മഗ്ദലേനക്കാരി മറിയത്തിന്റെ നെറ്റിയിൽ സ്പർശിച്ചുകൊണ്ട് അവളുടെ കണ്ണുകളുടെ ആഴങ്ങളിലേക്ക് നോക്കി കരുണകാട്ടിയ നസ്രായൻ ഉയിർപ്പിലേക്ക് ക്ഷണിക്കുകയായിരുന്നു. മരണത്തിന്റെ കയ്പിനുമേൽ കാരുണ്യത്തിന്റെ മാധുര്യം ചേരുമ്പോൾ ഉയിർപ്പ് സംഭവിക്കുന്നു.

എന്റെ സിംഹാസനം നിന്റെ വീക്ഷണത്തിനുമപ്പുറമുള്ളൊരു സിംഹാസനമാണ്. എന്റെ ഇരിപ്പിടം പൂർവ്വീകരുടെ തലയോട്ടികളുടെ പുറത്തല്ല തീർത്തിട്ടുള്ളത്. അത് ജീവനുള്ളവരുടെ നാട്ടിലാണ്... എന്റെ രാജ്യം ഈ ഭൂമിയുടേതല്ല. എവിടെ നിങ്ങളിൽ രണ്ടോ മൂന്നോ പേർ സ്നേഹത്തോടെ സന്ധിക്കുകയും, ജീവിതത്തിന്റെ സൗന്ദര്യത്തെപ്പറ്റി അത്ഭുതപ്പെട്ടുകൊണ്ട് സന്തോഷത്തോടെയിരിക്കുകയും എന്നെ സ്മരിക്കുകയും ചെയ്യുന്നോ അവിടെയായിരിക്കും എന്റെ രാജ്യം... ഉയിർപ്പിന്റെ രാജ്യം...

ക്ഷമയാണുയിർപ്പ്
സ്നേഹമാണുയിർപ്പ്
കരുണയാണുയിർപ്പ്
ഉയിർപ്പിനുശേഷം ക്ഷമയാണ്....
സ്നേഹമാണ്..
കരുണയാണ്...
ഈസ്റ്റർ പുണ്യങ്ങളുടെ ആഘോഷം.



ലേഖനം

# ‘തീരാ’ശങ്കയുടെ കാരണങ്ങൾ

## തീരമേഖലയുടെ വിധിയെഴുതുന്ന പ്ലാൻ തയ്യാറാക്കുന്നതിലെ വീഴ്ചകൾ, തിരുത്തലുകൾ

● എം. ഉണ്ണികൃഷ്ണൻ

പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ പ്രാദേശിക ജനതയെ ബോധവൽക്കരിച്ച് അവരുടെ പങ്കാളിത്തം കൂടി ഉറപ്പാക്കി വേണമെന്നത് ആഗോളതലത്തിൽ തന്നെ അംഗീകരിക്കപ്പെട്ട തത്വമാണ്. ഇൻറർനാഷണൽ യൂണിയൻ ഫോർ കൺസർവേഷൻ ഓഫ് നേച്ചർ (ഐ.യു.സി.എൻ) മുന്നോട്ട് വയ്ക്കുന്നതാണ് ഏറ്റവും സ്വീകാര്യമായ സംരക്ഷണ മാതൃക. പ്രാദേശിക ജനതയുടെ പങ്കാളിത്തം ഉറപ്പാക്കിയാലേ പാരിസ്ഥിതിക, സാമൂഹിക സാമ്പത്തിക താൽപ്പര്യങ്ങൾ മുൻനിർത്തിയുള്ള സംതുലിതവും സമഗ്രവുമായ സമീപനം സാധ്യമാകൂവെന്ന് ഈ സംരക്ഷണ ക്രമം അടിവരയിടുന്നു. എന്നാൽ ഈ തത്വങ്ങൾ എല്ലാം വിസ്മരിച്ച് ഒരു കോടിയോളം തീരവാസികളുടെ ഭൂഅവകാശങ്ങൾക്ക് അതിർത്തികൾ നിശ്ചയിക്കാൻ തീരമേഖല വിജ്ഞാപനത്തിന്റെ ഭാഗമായി തിടുക്കത്തിൽ നീക്കം നടന്നു.

കേരള ഹൈക്കോടതിയും സംസ്ഥാന സർക്കാരും പ്രതിപക്ഷവും എംപിമാരും സമയോചിതമായി വിഷയത്തെ ഉൾക്കൊണ്ട് ഇടപെട്ടു. ഇപ്പോൾ തീരപരിപാലന പ്ലാൻ തയ്യാറാക്കുന്നതിൽ അധികൃതർക്ക് വന്ന വീഴ്ചകൾ തിരുത്താൻ സർക്കാരിനും ജനങ്ങൾക്കും ഒരവസരം ലഭിച്ചിരിക്കുകയാണ്. പ്രത്യാഘാതങ്ങളെപ്പറ്റി ജനങ്ങളെ ബോധവൽക്കരിച്ച് അവരുടെ പങ്കാളിത്തം ഉറപ്പാക്കാനുള്ള അവസരം തീരപരിപാലന അതോറിറ്റിയിലെയും സർക്കാരിലെയും ഉദ്യോഗസ്ഥർ ആത്മാർത്ഥമായി ഉപയോഗപ്പെടുത്തുമോയെന്നു മാത്രം അറിഞ്ഞാൽ മതി.

### ജനങ്ങളുടെ അവകാശങ്ങൾ കവരാൻ വീഴ്ചകളുടെ തനിയാവർത്തനം

തീരപ്ലാൻ തയ്യാറാക്കുന്നതിൽ ഇപ്പോൾ വന്ന ഗുരുതര വീഴ്ചകൾ രണ്ടു പതിറ്റാണ്ട് മുൻപു സംഭവിച്ച പിഴവുകളുടെ തനിയാവർത്തനമാണെന്ന് അറിയണം. ആഗോള സംരക്ഷണ തത്വങ്ങൾ അംഗീകരിക്കുമെന്ന നമ്മുടെ രാജ്യത്തിന്റെ പ്രഖ്യാപനങ്ങൾ കടലാസിൽ നിരത്തി ജനങ്ങളെ അവഗണിക്കുന്നതിന്റെ ഉത്തമ ഉദാഹരണം കൂടിയാണ് ഉദ്യോഗസ്ഥ തലത്തിലെ ഈ നടപടി ക്രമങ്ങൾ. രാജ്യത്തെ തീരമേഖലയുടെയും സംരക്ഷണത്തിനായി 1991ലാണ് തീരമേഖലാ വിജ്ഞാപനം (Coastal Regulatory Zone notification)കൊണ്ടുവരുന്നത്. ഈ വിജ്ഞാപനത്തിന്റ ഭാഗമായി തീരമേഖലയെ 1, 2,3 എന്നിങ്ങനെ വേർതിരിച്ച് നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ പ്ലാൻ (Coastal Zone Management Plan)തയ്യാറാക്കണം. 1991ൽ വിജ്ഞാപനം പുറത്തിറങ്ങിയ ശേഷം നാല് വർഷത്തേക്ക് തീരപ്ലാൻ തയ്യാറാക്കിയില്ല. 1995ൽഎൻവിറോ ലീഗൽ എന്ന സന്നദ്ധ സംഘടന നൽകിയ പൊതു താല്പ്പര്യ ഹർജിയെ തുടർന്ന് സുപ്രീം കോടതി ആറു മാസത്തിനകം പ്ലാൻ തയ്യാറാക്കാൻ ഉത്തരവിട്ടു. ഇതോടെ പരിസ്ഥിതി മന്ത്രാലയം നാല് മാസത്തിനകം പ്ലാൻ തയ്യാറാക്കി സമർപ്പിക്കാൻ സംസ്ഥാന സർക്കാരുകൾക്ക് നിർദ്ദേശം നൽകി. സംസ്ഥാനങ്ങൾ പ്ലാൻ തയ്യാറാക്കാനുള്ള നെട്ടോട്ടത്തിലായി. അതീവ ശ്രദ്ധയോടെ ചെയ്യേണ്ട നടപടികൾ തിടുക്കത്തിലാ



**തീരപരിപാലന പ്ലാൻ തയ്യാറാക്കുന്നതിൽ അധികൃതർക്ക് വന്ന വീഴ്ചകൾ തിരുത്താൻ സർക്കാരിനും ജനങ്ങൾക്കും ഒരവസരം കൈവന്നിരിക്കുന്നു. തീരദേശ ജനതയുടെ അവകാശങ്ങൾ സംരക്ഷിച്ചും ആശങ്കകൾ പരിഹരിച്ചും മത്സ്യത്തൊഴിലാളികൾ അടക്കമുള്ളവർക്ക് നിർമ്മാണത്തിനുള്ള വിലക്കുകൾ നീക്കിയും പുതിയൊരു തീരമേഖല വിജ്ഞാപനത്തിന് കളമൊരുങ്ങിയിരിക്കുന്നു.**

യതോടെ നിരവധി അപാകതകൾ പ്ലാനിൽ കടന്നുകൂടി. സുപ്രീം കോടതിയുടെയും ഹൈക്കോടതിയുടെയും നിരവധി വിധികളിലും വിദഗ്ദ സമിതി റിപ്പോർട്ടുകളിലും ഇക്കാര്യം പരാമർശിച്ചിട്ടുണ്ട്. ഈ പിഴവുകൾ തീരമേഖലയിലെ താമസക്കാർക്ക് രണ്ടു പതിറ്റാണ്ടുകാലം പ്രതിസന്ധികൾ സൃഷ്ടിച്ചു.

2011ൽ പുതിയ തീരമേഖല വിജ്ഞാപനം ഇറങ്ങി. തീരവാസികളുടെ ആശങ്കകൾ പരിഹരിക്കുമെന്ന വാഗ്ദാനങ്ങളുടെ തുടർച്ചയായിരുന്നു ഈ ഭേദഗതി വിജ്ഞാപനം. ഇത് പ്രകാരം തീരപ്ലാൻ പുതുക്കി വിജ്ഞാപനം ചെയ്യാൻ നിശ്ചയിച്ച സമയപരിധി2013 ജനുവരി 6 വരെയായിരുന്നു.2013ലെ ദേശീയ തീരപരിപാലന അതോറിറ്റി യോഗത്തിന്റെ മിനുട്സ് പ്രകാരം കർണ്ണാടക അപ്പോഴേക്കും പ്ലാൻ തയ്യാറാക്കി കഴിഞ്ഞിരുന്നു. തമിഴ്നാട് വലിയ ഭാഗം പ്രവർത്തനങ്ങൾ പൂർത്തിയാക്കി. എന്നാൽ കേരളം പ്ലാൻ തയ്യാറാക്കാനുള്ള നടപടികൾ തുടങ്ങിയതേയില്ല. എഴുവർഷത്തോളം നടപടികൾ വൈകിപ്പിച്ചു. 1991ലെ മാപ്പ് പ്രകാരമുള്ള നിയന്ത്രണങ്ങളുടെ അടിസ്ഥാനത്തിലാണ് എല്ലാ നിർമ്മാണ പ്രവർത്തനങ്ങൾക്കും ഈ കാലമത്രയും അനുമതികൾ നൽകി വരുന്നത്. പ്ലാൻ തയ്യാറാക്കുന്നതിലെ കാലതാമസം ചോദ്യം ചെയ്തു പരിസ്ഥിതി പ്രവർത്തകർ നൽകിയ ഹർജിയിൽ ദേശീയ ഹരിത ട്രിബ്യൂണലിന്റെ പ്രിൻസിപ്പിൾ ബെഞ്ച് കഴിഞ്ഞ വർഷം നവംബറിൽ പഴയ പ്ലാൻ മരവിപ്പിച്ചു. പരിസ്ഥിതി മന്ത്രാലയവും എല്ലാ സംസ്ഥാനങ്ങളും പുതിയ പ്ലാൻ തയ്യാറാക്കി 2018 ഏപ്രിൽ 31നു മുൻപ് സമർപ്പിക്കാൻ ഉത്തരവിട്ടു. വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥരുടെ ശമ്പളത്തിൽ നിന്ന് അഞ്ചു ലക്ഷം രൂപ പിടിച്ചെടുക്കുമെന്നായിരുന്നു ഉത്തരവ്. അതോറിറ്റി കുംഭകർണ്ണ സേവ നടത്തുന്നു എന്നാണ് സുപ്രീം കോടതി ഒരു കേസിൽ വിമർശിച്ചത്. ശമ്പളവും പേരും നഷ്ടമാകാതിരിക്കാൻ അതോറിറ്റിയിലെ ഉദ്യോഗസ്ഥർ കുംഭകർണ്ണ സേവ വെടിഞ്ഞു, നെട്ടോട്ടമായി. അതായത് 1996 ന്റെ തനിയാവർത്തനം; വീഴ്ചകളുടെയും പ്രഹസനങ്ങളുടെയും ഘോഷയാത്ര!


### ഉദ്യോഗസ്ഥ പദ്ധതി പൊളിച്ച് തുറന്നുകാട്ടൽ; ഇനി വേണ്ടത് നിതാന്ത ജാഗ്രത

ഏപ്രിലിനകം പ്ലാൻ തട്ടിക്കൂട്ടി കേന്ദ്രത്തിനു സമർപ്പിക്കാനുള്ള നീക്കത്തിലെ ആശങ്ക ലത്തീൻ സഭ, പരിസ്ഥിതി വിദഗ്ദൻ പി. ഇസഡ്. തോമസ്, പരിസ്ഥിതി പ്രവർത്തകൻ ഹരീഷ് വാസുദേവൻ തുടങ്ങിയവരും കക്ഷി രാഷ്ട്രീയ ഭേദമന്യേ ജനപ്രതിനിധികളും ഏറ്റെടുത്തു. തിരുവന്തപുരത്ത് മാർച്ച് ഏഴാം തീയതിയും കൊല്ലത്ത് എട്ടാം തീയതിയും കോട്ടയത്ത് 15 ാം തീയതിയും നടത്താനിരുന്ന പൊതുജന ഹിത പരിശോധന (Public Hearing) പ്രഹസനങ്ങൾ ജനപ്രതിനിധികൾ തടഞ്ഞു. തീരപ്ലാനിന്റെ കരട് മലിനീകരണ നിയന്ത്രണ ബോർഡിന്റെ വെബ് സൈറ്റിലെ ഒറ്റനോട്ടത്തിൽ ആർക്കും കാണാത്ത ലിങ്കിൽ 'ഒളിപ്പിക്കുക'യായിരുന്നു അധികൃതർ. കൊല്ലത്തെ ചില പഞ്ചായത്തു

കളെ നോട്ടീസിൽ നിന്ന് ഒഴിവാക്കി. ഈ നീക്കത്തിന് തടയിട്ട് കേരള ഹൈക്കോടതി മാർച്ച് എട്ടാം തീയതി പുറത്തിറക്കിയ ഉത്തരവിൽ പറയുന്നത് ഇങ്ങനെയാണ്: ' വ്യക്തതയുള്ള 1:3960 എന്ന അനുപാതത്തിലുള്ള കഡസ്ട്രൽ മാപ്പുകൾ തയ്യാറാക്കണം. അത് ഗ്രാമ പഞ്ചായത്തുകൾക്ക് നല്കണം. പരിസ്ഥിതി സംരക്ഷണ നിയമപ്രകാരം വ്യാപക പ്രചാരണം നൽകണം. പൊതു ജനങ്ങളുടെ അഭിപ്രായം പരിഗണിച്ചുവേണം പ്ലാൻ തയ്യാറാക്കാൻ'. പരിസ്ഥിതി സംരക്ഷണ നിയമപ്രകാരം പ്രദേശവാസികളുടെ അഭിപ്രായം തേടാനുള്ള ഹിയറിംഗ് നടത്തുന്നതിനു കൃത്യമായ ചട്ടങ്ങൾ ഉണ്ട്. അതൊന്നും പാലിച്ചില്ലെന്ന് കണ്ടെത്തിയത് കൊണ്ടാണ് കോടതിയുടെ ഈ ഉത്തരവ്.

തട്ടികൂട്ടൽ എളുപ്പമല്ലെന്നു തിരിച്ചറിഞ്ഞ ഉദ്യോഗസ്ഥർ ജൂലൈ വരെ സമയം തേടി ഹരിത ട്രിബ്യുണലിൽ പുതിയ അപേക്ഷ നൽകി. നേരിട്ട് പരിശോധന നടത്താതെ മാപ്പുകൾ തയ്യാറാക്കുന്നതിനാൽ പിഴവുകൾ സംഭവിച്ചതായി അപേക്ഷയിൽ സമ്മതിക്കുന്നു. കേന്ദ്ര സ്ഥാപനമായ തിരുവനന്തപുരത്തെ നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസാണ് പ്ലാനിന് രൂപം നൽകിയത്. പരിശോധിച്ച് അംഗീകാരം നൽകിയത് ചെന്നൈയിലെ നാഷണൽ സെന്റർ ഫോർ സസ്റ്റയിനബിൾ കോസ്റ്റൽ മാനേജ്മെന്റും. സ്ഥാപനങ്ങൾ തമ്മിലുള്ള എകോപനമില്ലായ്മയടക്കം കാലതാമസത്തിന് കാരണമായതായാണ് ഔദ്യോഗിക വിശദീകരണം. തിരുവന്തപുരം, കൊല്ലം, കാസർഗോഡ് , കണ്ണൂർ,കോഴിക്കോട് ജില്ലകളിൽ ഏപ്രിൽ അവസാനത്തോടെ നടപടികൾ പൂർത്തിയാക്കാനാണ് അതോറിറ്റിയുടെ നിലവിലെ നീക്കം. എറണാകുളത്ത് മെയിൽ പബ്ലിക് ഹിയറിങ് നടത്തും. തൃശൂർ, മലപ്പുറം, ആലപ്പുഴ ജില്ലകളുടെ പ്ലാൻ മെയ് അവസാനത്തോടെ തയ്യാറാക്കും.അതിന് ശേഷം പ്ലാൻ അന്തിമമാക്കി കേന്ദ്രത്തിന് അയച്ചു കൊടുക്കും. ഈ പബ്ലിക് ഹിയറിങ്ങുകളിൽ പ്ലാനിലെ പോരായ്മകൾ വ്യക്തമാക്കാൻ കേരളത്തിലെ തീരദേശ ജനതയ്ക്ക് കഴിയണം. ഒപ്പം അവരുടെ അവകാശ സംരക്ഷണത്തിനുള്ള സാധ്യതകൾ ഉപയോഗപ്പെടുത്താനും.

**ഇന്ത്യൻ തീരമേഖല**




## ഇളവുകൾക്കായി തീരമേഖലയുടെ പദവി മാറ്റാനുള്ള അവസരം

'പഞ്ചായത്തുകൾ തീരമേഖല മൂന്നിലും മുനിസിപ്പാലിറ്റികൾ മേഖല രണ്ടിലും ആണെന്ന് 2011ലെ തീരദേശ വിജ്ഞാപനത്തിൽ ഒരിടത്തും പറയുന്നില്ല. പഞ്ചായത്തുകളിലെ വികസിത പ്രദേശങ്ങളെ തീരമേഖല രണ്ടിലേക്ക് മാറ്റാം. പൊതുജന ഹിത പരിശോധന നടത്തി തീരപ്ലാനിന് അന്തിമ രൂപം നൽകുമ്പോൾ സംസ്ഥാന തീര പരിപാലന അതോറിറ്റി ഇക്കാര്യത്തിൽ ഉചിതമായ ശുപാർശ തയ്യാറാക്കണം'

ബ്ലസി ഡിക്സൺ കേസിൽ ദേശീയ ഹരിത ട്രിബ്യുണലിന്റെ ചെന്നൈ ബെഞ്ച് കഴിഞ്ഞ വർഷം ആഗസ്റ്റിൽ പുറപ്പെടുവിച്ച ഉത്തരവാണിത്. തമിഴ്നാടും ഗോവയും ഈ വ്യവസ്ഥകൾ ഉപയോഗപ്പെടുത്തിയിരുന്നു. എന്നാൽ പുതിയ പ്ലാൻ തിടുക്കത്തിൽ തയ്യാറാക്കാനുള്ള തിരക്കിനിടെ കേരളത്തിലെ ഉദ്യോഗസ്ഥർ ഇതെപ്പറ്റി മൗനം പാലിച്ചു. 1991ലെ പ്ലാൻ പ്രകാരം കേരളത്തിലെ തീരദേശ പഞ്ചായത്തുകൾ എല്ലാം തീരമേഖല മൂന്നിലാണ്. നഗര പ്രദേശങ്ങൾ മേഖല രണ്ടിലും. തീരമേഖല മൂന്നിൽ പ്രദേശവാസികളെ വലയ്ക്കുന്ന നിയന്ത്രണങ്ങളാണ്. അതും 500മീറ്റർ പരിധിയിൽ. ഉയർന്ന തിരയടിക്കുന്ന സ്ഥലത്തുനിന്ന് 200മീറ്റർ വരെ വികസന നിരോധിത മേഖല. പുതിയ നിർമാണങ്ങൾക്ക് പൂർണ നിരോധനം .നിലവിലെ കെട്ടിടങ്ങൾ അതേ വിസ്തീർണ്ണത്തിൽ മാത്രം പുതുക്കി പണിയാം. പുതിയ ശുചിമുറി കെട്ടാനും മീൻ വല വയ്ക്കാൻ ഷെഡ് കെട്ടാനും ഒക്കെ തടസമാകുന്നത് ഈ വ്യവസ്ഥകളാണ്.

എന്നാൽ തീര മേഖല രണ്ടിൽ നിയന്ത്രണങ്ങൾ അൽപ്പം കുറയും.1991ന് മുൻപുള്ള പഴയ കെട്ടിടങ്ങൾ വെള്ളത്തിന് അടുത്തുവരെ പുതുക്കി പണിയാം.50 മീറ്റർ സ്ഥലം വിട്ട് നിർമാണം നടത്തേണ്ട ആവശ്യമില്ല. കടലിന് സമീപത്തുകൂടി റോഡുണ്ടെങ്കിൽ അതിനടുത്ത് വരെ നിർമ്മാണം നടത്താം. തീരമേഖല രണ്ടിന്റെ മാനദണ്ഡമായി വിജ്ഞാപനത്തിൽ പറഞ്ഞിട്ടുള്ളത് ഓവുചാൽ, അപ്രോച് റോഡുകൾ , ജല വിതരണം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ മാത്രം. കേരളത്തിലെ ഒട്ടുമിക്ക പഞ്ചായത്തുകളിലും ഈ സൗകര്യങ്ങൾ ഉണ്ടെന്നിരിക്കെ പഞ്ചായത്തുകൾ നിയന്ത്രണങ്ങളിൽ ഇളവുള്ള മേഖല രണ്ടിലേക്ക് പദവി മാറാൻ യോഗ്യമാണ്. കേരളത്തിലെ പഞ്ചായത്തുകൾ ജനസാന്ദ്രത നോക്കുമ്പോൾ നഗരങ്ങൾക്ക് സമാനമാണെന്ന് ഹൈവേ മദ്യശാല കേസിൽ കേരളം സുപ്രീം കോടതിയെ അറിയിച്ചത് ഓർക്കണം. എം. വിൻസെന്റ് എം. എൽ. എയുടെ ശ്രദ്ധക്ഷണിക്കലിന് മുഖ്യമന്ത്രി തന്നെ നിയമ സഭയിൽ പറഞ്ഞത് ന

ഗരങ്ങളുടെ തുടർച്ചയായുള്ള നമ്മുടെ നാടിന്റെ പ്രത്യേകതയെപ്പറ്റിയാണ്.

2009-10 കാലയളവിൽ മേഖലയുടെ പദവി മാറ്റുന്നതിന് ഉദ്യോഗസ്ഥരെ ബോധവൽക്കരിക്കാൻ സംസ്ഥാന തീര അതോറിറ്റിയും നടപടികൾ സ്വീകരിച്ചിരുന്നു. പിന്നീട് അക്കാര്യം മറച്ചുവച്ചു. പദവി മാറ്റത്തിന് പഞ്ചായത്തുകൾക്ക് ഇനിയും അപേക്ഷ നൽകാൻ കഴിയും. മത്സ്യത്തൊഴിലാളികൾ അടക്കമുള്ള തീരവാസികളുടെ അവകാശ സംരക്ഷണത്തിന് മുൻഗണന നൽകിയും വൻകിടക്കാരുടെ താൽപ്പര്യങ്ങൾക്ക് തടയിട്ടുമാകണം ഈ നടപടി.

## വൻകിടക്കാർക്ക് തരംപോലെ ഇളവുകൾ; തീരവാസികൾക്ക് വർഷങ്ങളുടെ കാത്തിരിപ്പ്

'തീരദേശ ജനതയുടെ ആശങ്കൾ പരിഹരിക്കണം. മത്സ്യത്തൊഴിലാളികൾ അടക്കമുള്ളവർക്ക് നിർമ്മാണത്തിനുള്ള വിലക്കുകൾ നീക്കണം' 2011ലെ തീരമേഖല വിജ്ഞാപനം പുനപരിശോധിച്ച ഡോ: ശൈലേഷ് നായിക് കമ്മിറ്റി റിപ്പോർട്ടിലെ സുപ്രധാന ശുപാർശയാണിത്. ജനസംഖ്യയുടെ അടിസ്ഥാനത്തിൽ ഗ്രാമ പ്രദേശങ്ങളെ വിഭജിച്ച് ഉയർന്ന ജനസാന്ദ്രതയുള്ള പ്രദേശങ്ങളിൽ കർശന നിയന്ത്രണങ്ങളിൽ ഇളവു നൽകണം. പ്രദേശ വാസികൾക്ക് ഹോം സ്റ്റേ , മറ്റു പങ്കാളിത്ത ടൂറിസം പദ്ധതികൾ എന്നിവയ്ക്ക് വേണ്ടിയുള്ള സൗകര്യങ്ങൾ ഒരുക്കാൻ അനുമതി നൽകണം. മുൻകാലങ്ങളിൽ തദ്ദേശ വാസികൾ നിർമ്മിച്ച വീടുകൾ നിയമപരമാക്കാൻ സംസ്ഥാന സർക്കാരുകൾ നടപടി എടുക്കണമെന്നും സമിതി ശുപാർശ ചെയ്തിരുന്നു.

റിപ്പോർട്ട് കേന്ദ്രസർക്കാർ അംഗീകരിച്ചു. വിജ്ഞാപനം ഭേദഗതി ചെയ്യാൻ കഴിഞ്ഞ വർഷം കരട് വിജ്ഞാപനം തയ്യാറാക്കി. പക്ഷെ ഒരു വർഷമായിട്ടും വിജ്ഞാപനം പുറംലോകം കണ്ടിട്ടില്ല. വിവരാവകാശ നിയമപ്രകാരം ഞങ്ങൾ ലഭ്യമാക്കിയ പകർപ്പിൽ ഇളവിനായി നിരവധി നിർദ്ദേശങ്ങൾ കാണാനുണ്ട്.പഞ്ചായത്തുകൾ ഉൾപ്പെടുന്ന തീരമേഖല മൂന്നിലെ വികസന നിരോധിത പരിധി 200 മീറ്ററിൽ നിന്ന് 50 മീറ്റർ ആക്കണം. ഇതിനപ്പുറം പ്രദേശവാസികൾക്ക് നിർമ്മാണ പ്രവർത്തനങ്ങൾ നടത്താം. തീരമേഖല ഒന്നിൽ വിനോദ സഞ്ചാരത്തിനായുള്ള താൽക്കാലിക നിർമ്മാണങ്ങൾ അനുവദിക്കും. മുനിസിപ്പാലിറ്റികൾ ഉൾപ്പെടുന്ന തീരമേഖല രണ്ടിൽ പ്രാദേശിക ചട്ടങ്ങൾ പാലിച്ചാൽ നിർമ്മാണം നടത്താം , എന്നിങ്ങനെയാണ് ഇതിൽ ശ്രദ്ധേയമായ നിർദ്ദേശങ്ങൾ.

കേരളത്തിൽ നിന്നുള്ള ചില എം. പിമാർ കേന്ദ്ര പരിസ്ഥിതി മന്ത്രിയെ കണ്ട് പുതിയ വിജ്ഞാപനത്തിന്റെ കാര്യത്തിൽ വ്യക്തത തേടിയിരുന്നു. ഭേദഗതി കൊണ്ട് വരുമോയെന്ന് വ്യക്തമാകാതെ എങ്ങനെ തീരപ്ലാൻ തയ്യാറാക്കാൻ കഴിയും എന്നായിരുന്നു കേന്ദ്രത്തോട് എംപിമാരുടെ ചോദ്യം. മത്സ്യത്തൊഴിലാളികൾക്ക് ഇളവുകൾ നൽകുന്നകാര്യത്തിൽ ഒരു മാസത്തിനകം തീരുമാനം ഉണ്ടാകുമെന്നായിരുന്നു മാർച്ച് ഏഴാം തീയതി നടന്ന കൂടിക്കാഴ്ചയിൽ മന്ത്രി ഹർഷവർദ്ധന്റെ ഉറപ്പ്. ഏതാനും ദിവസങ്ങൾക്കകം പരിസ്ഥിതി മന്ത്രാലയം അടിയന്തര പ്രാധാന്യത്തോടെ ഒരു വിജ്ഞാപനം ഇറക്കി. എന്നാൽ അത് തീരവാസികളെ സഹായിക്കാൻ ആയിരുന്നില്ല. തീരത്ത് അനുമതിയില്ലാതെ തുടങ്ങിയ വൻകിട പദ്ധതികൾക്ക് മുൻകാല പ്രാബല്യത്തോടെ നിയമ സാധുത നൽകാനായിരുന്നു ഇത്. അപ്പോഴും തീരവാസികളുടെ ന്യായമായ ആവശ്യങ്ങൾക്ക് അംഗീകാരത്തിനായുള്ള കാത്തിരിപ്പ് തുടരുന്നു. ഇനി ഭേദഗതി വിജ്ഞാപനം ഇറങ്ങുമ്പോൾ വൻകിടക്കാർക്ക് അനുകൂലമായ കൂടുതൽ ഇളവുകൾ ഉണ്ടായാലും അത്ഭുതപ്പെടേണ്ട.

## തീരപ്ലാൻ തിരുത്തലിന് ചെയ്യേണ്ടത് എന്തൊക്കെ?

ഗ്രാമ പഞ്ചായത്തുകൾ 1:3960 അനുപാതത്തിലുള്ള വ്യക്തമായ മാപ്പുകൾ ലഭ്യമാക്കണം. ഹൈക്കോടതി വിധി പ്രകാരം തീര അതോറിറ്റി ഇത് നൽകുന്നുവെന്ന് ഉറപ്പാക്കണം.

ഈ മാപ്പുകൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കണം

ജനപ്രതിനിധികൾ, മത സാമൂഹ്യ, ശാസ്ത്ര സംഘടനകൾ, മത്സ്യത്തൊഴിലാളി സംഘടനകൾ എന്നിവർ പ്ലാനിനെപ്പറ്റി ജനങ്ങളെ ബോധവൽക്കരിക്കണം.


എം.പിമാരുടെയും എം.എൽ.എമാരുടെയും നേതൃത്വത്തിൽ മണ്ഡലങ്ങളിൽ പൊതു ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക

മാപ്പ് പരിശോധിച്ച് കാര്യങ്ങൾ മനസിലാക്കാനും പബ്ലിക് ഹിയറിംഗിൽ അഭിപ്രായം അറിയിക്കാനും അവരെ പ്രാപ്തരാക്കണം

തീരമേഖല പദവി മാറ്റാൻ പഞ്ചായത്തുകൾ അപേക്ഷ നൽകണം. സംസ്ഥാന സർക്കാരും നടപടികൾ സ്വീകരിക്കണം

വരാൻ പോകുന്ന പബ്ലിക് ഹിയറിങ്ങുകൾ ചട്ടപ്രകാരമാണെന്ന് ഉറപ്പാക്കുക. ആവശ്യമായ പ്രചാരണം താഴെത്തട്ടിൽ അടക്കം നൽകുന്നുണ്ടോയെന്നു പരിശോധിക്കണം.

*(തീരജനതയുടെ അവകാശങ്ങൾ ലംഘിക്കാനുള്ള നീക്കത്തിനെതിരെ അന്വേഷണാത്മക റിപ്പോർട്ടുകൾ തയ്യാറാക്കിയ ന്യൂസ് 18 കേരളം അസിസ്റ്റന്റ് കോർഡിനേറ്ററാണ് ലേഖകൻ)* ■



ലേഖനം

ഫാ. ക്രിസ്റ്റിൽ റൊസാരിയോ
റെക്ടർ, സെന്റ് വിൻസന്റ്സ് സെമിനാരി



# ദൈവവിളി: ദാനവും രഹസ്യവും

ദൈവവിളി ദൈവത്തിന്റെ വിലപ്പെട്ട ഒരു ദാനമാണ്. അത് വ്യക്തിയ്ക്കതീതമായും സ്ഥലത്തിനതീതമായും സമയത്തിനതീതമായും ദൈവം നൽകുന്ന വിലപ്പെട്ട ദാനമാണ്. ദൈവവിളിയുടെ യഥാർത്ഥ കഥ ദൈവവിളി സ്വീകരിക്കുന്ന വ്യക്തിപോലും പലപ്പോഴും അറിയണമെന്നില്ല. അത് ഒരർത്ഥത്തിൽ ദൈവത്തിനുമാത്രം അറിയാവുന്ന ഒരു രഹസ്യമാണ്. ദൈവവിളി സ്വീകരിച്ചുകൊണ്ട് പൗരോഹിത്യത്തിലേക്കും സന്യാസത്തിലേക്കും മറ്റ് പ്രേഷിത ശുശ്രൂഷകളിലേക്കും കടന്നുവരുന്ന വ്യക്തികൾ ദൈവത്തിന് തങ്ങളെ തന്നെ പൂർണമായി സമർപ്പിക്കുവാൻ വിളിക്കപ്പെട്ടവരാണ്. ദൈവം അവരെ വിളിക്കുന്നതിലൂടെ അവരുടെയും അവരുമായി ബന്ധപ്പെട്ട എല്ലാവരുടെയും വിശുദ്ധീകരണവും നന്മയും ദൈവം ആഗ്രഹിക്കുന്നു. അബ്രഹാമിനെ വിളിക്കുന്ന ദൈവം അബ്രഹാമിനോട് അരുൾചെയ്തതും ഇതുതന്നെയാണ്. "നിന്നിലൂടെ ഭൂമുഖത്തെ വംശങ്ങളെല്ലാം അനുഗ്രഹീതമാകും" (ഉൽപ്പത്തി 12:3).

ഓരോ വ്യക്തിയേയും ദൈവം വിളിക്കുമ്പോൾ സവിശേഷമായ ഒരു ദൗത്യം ആ വ്യക്തിക്ക് ദൈവം നൽകുന്നുണ്ട്. അത് ദൈവത്തിന്റെ ഇച്ഛയ്ക്കനുസരിച്ച് ദൈവം നൽകുന്ന ഒന്നാണ്. ജെറമിയ പ്രവാചകനെ വിളിച്ചുകൊണ്ട് പറയുന്നു: "പിഴുതെറിയുവാനും ഇടിച്ചുതകർക്കാനും നശിപ്പിക്കാനും തകിടം മറിക്കാനും പണിതുയർത്താനും നട്ടുവളർത്താനും വേണ്ടി ഇന്നിതാ, ജനതകളുടെയും രാജ്യങ്ങളുടെയും മേൽ നിന്നെ ഞാൻ അവരോധിച്ചിരിക്കുന്നു" (ജെറമിയ 1:10). എസക്കിയേൽ പ്രവാചകനെ വിളിച്ചുകൊണ്ട് അവിടുന്ന് അരുൾ ചെയ്തു "അവർ നോക്കി നിൽക്കെത്തന്നെ നീ ഭാണ്ഡം തോളിലേറ്റി ഇരുട്ടത്തു പുറത്തുകടക്കുക. നിലം കാണാതാതിരിക്കാൻ നീ മുഖം മൂടിയിരിക്കണം, എന്തെന്നാൽ നിന്നെ ഞാൻ ഇസ്രായേൽ ഭവനത്തിന് ഒരടയാളമാക്കിയിരിക്കുന്നു.എന്നോടു കൽപ്പിച്ചതുപോലെ ഞാൻ ചെയ്തു. പ്രവാസത്തിനുള്ള ഭാണ്ഡമെന്നപോലെ എന്റെ ഭാണ്ഡം പകൽ സമയത്ത് ഞാൻ പുറത്തു കൊണ്ടുവന്നു. സായംകാലത്ത് എന്റെ കൈകൊണ്ടുതന്നെ ഭിത്തിതുരന്ന് ഭാണ്ഡം തോളിലേറ്റി അവർ കാൺകെ തന്നെ ഇരുട്ടത്തു ഞാൻ പുറപ്പെട്ടു" (എസക്കിയേൽ 12:6-7). ഹോസിയാ പ്രവാചകനിലൂടെ ദൈവത്തിന്റെ സ്നേഹം മനുഷ്യൻ തിരസ്കരിച്ചതിന്റെ കഥയും, ആ തിരസ്കരിക്കപ്പെട്ട സ്നേഹത്തിലേക്ക് തിരിച്ചുവരേണ്ടതിന്റെ ആവശ്യകതയും വ്യക്തമാക്കുന്നു. "ഇസ്രായേൽ ശിശുവായിരുന്നപ്പോൾ ഞാനവനെ സ്നേഹിച്ചു; ഈജിപ്തിൽ നിന്ന് ഞാൻ എന്റെ മകനെ വിളിച്ചു. ഞാൻ അവരെ അടുക്കലേക്ക് വിളിക്കുന്തോറും അവർ എന്നിൽ നിന്ന് അകന്നുപോവുകയാണ് ചെയ്തത്. അവർ ബാൽദേവന്മാർക്കു ബലിയും വിഗ്രഹങ്ങൾക്കു ധൂപവും അർപ്പിച്ചുപോന്നു" (ഹോസിയ 11:1-2). ഇങ്ങനെ വിശുദ്ധ ഗ്രന്ഥത്തിലുടനീളം ദൈവം വിളിച്ചവരെയെല്ലാം തന്റെ സവിശേഷമായ പദ്ധതിക്ക് ഒരുക്കുന്നതായി നാം കാണുന്നു. ആ അർത്ഥത്തിൽ ദൈവവിളി വ്യക്തിക്കതീതമാണ്, സ്ഥലത്തിനതീതമാണ്, സമയത്തിനതീതമാണ്. എല്ലാവരെയും സ്നേഹിക്കുവാനും എല്ലാവരെയും ശുശ്രൂഷിക്കുവാനുമാണ് ദൈവവിളി ഒരു വ്യക്തിക്ക്

നൽകപ്പെടുന്നത്. പൗലോസ് അപ്പസ്തോലൻ പറയുന്നതുപോലെ എല്ലാവർക്കും എല്ലാമാകുവാനുള്ള വിളിയാണ് ദൈവവിളി.

എല്ലാവർക്കും എല്ലാമാകാനുള്ള വിളി സ്വീകരിക്കുന്നവൻ തന്നെതന്നെ രൂപീകരണത്തിന് വിട്ടുകൊടുക്കേണ്ടത് ആവശ്യമാണ്. ആ രൂപീകരണമാണ് പൗരോഹിത്യ സന്യാസജീവിതത്തിൽ ഏഴും, എട്ടും, പത്തും, പതിമ്മൂന്നും വർഷങ്ങളിലൂടെ ഓരോ അർത്ഥിയും നേടുവാൻ പരിശ്രമിക്കുന്നത്. ഈ പരിശീലനത്തിലൂടെ കടന്നുപോകുമ്പോഴും തന്നെ വിളിച്ചദൈവം എന്താണ് തന്നിൽ നിന്ന് പ്രതീക്ഷിക്കുന്നതെന്ന് നിരന്തരം കണ്ടെത്തുവാനായിട്ടുള്ള വ്യഗ്രത ആ വ്യക്തിക്കുണ്ടാകണം. അതിന് ആ വ്യക്തിയെ സഹായിക്കുവാനാണ് ആ വ്യക്തിയുടെ മാതാപിതാക്കൾ, ഗുരുഭൂതർ, സഹോദരങ്ങൾ, സഹപാഠികൾ, സ്നേഹിതർ എന്നിവരെല്ലാം. സെമിനാരി പരിശീലനവും അതുപോലെ ദൈവവിളിയുടെ മറ്റ് പരിശീലനങ്ങളും അതിന് ആ വ്യക്തിയെ സഹായിക്കുന്നതായിരിക്കണം. അത് എത്രമാത്രം ആ വ്യക്തി ഉൾക്കൊള്ളുകയും സ്വീകരിക്കുകയും ചെയ്യുന്നുവോ അതനുസരിച്ചു മാത്രമേ ദൈവവിളിയുടെ അന്തരാർത്ഥം ആ വ്യക്തിക്ക് കണ്ടെത്തുവാൻ സാധിക്കുകയുള്ളു. ദൈവവിളി സ്വീകരിക്കുന്ന ഒരു വ്യക്തിയ്ക്കുണ്ടായിരിക്കേണ്ട അടിസ്ഥാന മനോഭാവം എന്നുപറയുന്നത് പ്രാർത്ഥനയുടെയും, പഠനത്തിന്റെയും ശിക്ഷണത്തിന്റെയും ജീവിതമായിരിക്കണം.

പ്രാർത്ഥന ഒരർത്ഥത്തിൽ യാചന മാത്രമല്ല, തന്റെ ജീവിതത്തിൽ സംഭവിക്കുന്നതിനെയെല്ലാം ദൈവത്തിന് വിട്ടുകൊടുക്കുന്നതാണ് പ്രാർത്ഥന. അതുകൊണ്ടായിരിക്കാം വി. കൊച്ചുത്രേസ്യ ഇപ്രകാരം പറഞ്ഞത്: "എന്നെ സംബന്ധിച്ചിടത്തോളം ഹൃദയത്തിന്റെ അലയടിയാണ് പ്രാർത്ഥന. സ്വർഗത്തിലേക്കുള്ള ലളിതമായ ഒരു നോട്ടം പരീക്ഷണത്തിന്റെയും സന്തോഷത്തിന്റെയുമിടയിൽ നന്ദിയുടെയും സ്നേഹത്തിന്റെയും നിലവിളിയാണത്." ഹൃദയത്തിനും, ആത്മാവിനും സംഭവിക്കുന്ന സന്തോഷത്തിന്റെയും, ദുഃഖത്തിന്റെയും, വേദനയുടെയും, ഒറ്റപ്പെടുത്തലിന്റെയും എല്ലാ അനുഭവങ്ങളിലും ദൈവവിളി സ്വീകരിക്കുന്ന ഒരു വ്യക്തിക്ക് പ്രാർത്ഥിക്കുവാൻ കഴിയണം. അങ്ങനെ പ്രാർത്ഥന. വി.ജോൺ മരിയ വിയാനി പറയുന്നതുപോലെ "ഞാൻ ദൈവത്തെ നോക്കുന്നു, ദൈവം എന്നെയും നോക്കുന്നു." അവിടെ സംഭാഷണമില്ല. വാക്കുകളില്ല എന്നാൽ പരസ്പരം മുഖാമുഖം നോക്കുവാനും കാണുവാനും അനുഭവിക്കുവാനും കഴിയുന്ന ഒരു തലത്തിലേക്ക് ആ വ്യക്തി വളരണം. അങ്ങനെ പ്രാർത്ഥനയിൽ വളരുന്ന വ്യക്തി പഠനത്തിലും മുന്നേറുമ്പോൾ ജീവിത യാഥാർത്ഥ്യങ്ങളെ കാണുവാനും മനസ്സിലാക്കുവാനും തന്നെ വിളിച്ച ദൈവം തന്നിൽ നിന്ന് എന്താണ് പ്രതീക്ഷിക്കുന്നതെന്ന് ഉൾക്കൊള്ളുവാനുമൊക്കെ കഴിയുന്നു.



ദൈവവിളി ഇന്നുനേരിടുന്ന ചില വെല്ലുവിളികളെക്കുറിച്ചുകൂടി എഴുതുവാൻ ആഗ്രഹിക്കുകയാണ്. പണ്ടൊക്കെ വലിയ കുടുംബങ്ങളിൽ നിന്ന് സഹോദരങ്ങളോടൊപ്പം ജീവിച്ച് കടന്നുവരുന്ന അർത്ഥികൾ ഒരുപക്ഷെ സെമിനാരിയിലും മറ്റു പരിശീലനകേന്ദ്രങ്ങളിലും വരുമ്പോൾ കുറച്ചുകൂടെ തങ്ങളെ തന്നെ മനസ്സിലാക്കുവാനും മറ്റുള്ളവരെ മനസ്സിലാക്കുവാനും കുറവുകളും പോരായ്മകളും അംഗീകരിക്കുവാനും ഉള്ളത് സന്തോഷത്തോടെ പങ്കുവയ്ക്കുവാനും കഴിയുന്ന ഒരു തലത്തിലേക്ക് വളർന്നിട്ടുള്ളവരായിരിക്കാം. അല്ലെങ്കിൽ വളർന്നിട്ടുള്ളവരായിരുന്നു. എന്നാൽ ഇന്ന് നമ്മുടെ ആധുനിക കുടുംബങ്ങൾ പലപ്പോഴും നാം തന്നെ പറയാറുള്ളതുപോലെ അണുകുടുംബങ്ങൾക്ക് സദൃശ്യമാണ്. ഒന്നോ രണ്ടോ അല്ലെങ്കിൽ മൂന്നോ മക്കളുള്ള കുടുംബങ്ങളിൽ നിന്ന് കടന്നുവരുമ്പോൾ ആ കുടുംബത്തിൽ നിന്ന് അവർക്ക് ലഭിച്ച സ്നേഹത്തിന്റെയും പരിചരണത്തിന്റെയും അതുപോലെ ഒറ്റപ്പെടലിന്റേതുമായ അനുഭവങ്ങൾ അവരെ സ്വാധീനിക്കാറുണ്ട്. ഒരുപക്ഷെ ചില കുടുംബങ്ങളിൽ ചോദിച്ചതെല്ലാം നൽകി അവരെ വളർത്തിയ ഒരു ശീലമായിരിക്കാം. സ്വാഭാവികമായിട്ടും സെമിനാരിയിലും, മറ്റ് പരിശീലനകേന്ദ്രങ്ങളിലും വരുമ്പോൾ അതിന്റേതായ ബുദ്ധിമുട്ടുകൾ അവർ പിന്നീട് അനുഭവിക്കുന്നു. അതല്ലെങ്കിൽ വേണ്ടത്ര സ്നേഹമോ പരിചരണമോ ലഭിക്കാത്തതിന്റെ പേരിലുണ്ടാകുന്ന ബുദ്ധിമുട്ടുകളും പ്രയാസങ്ങളും ഇന്നത്തെ പരിശീലനത്തിൽ വെല്ലുവിളിയായി എനിക്ക് തോന്നുന്നു. ഇന്നത്തെ പരിശീലനത്തിൽ വെല്ലുവിളിയായി മാറുന്നത് അർത്ഥികളുടെ രൂപീകരണത്തിൽ പ്രധാനപങ്കുവഹിക്കുന്ന അവരുടെതന്നെ വ്യക്തിത്വത്തെ അവർ എപ്രകാരം മനസ്സിലാക്കുന്നു. അത് മറ്റുള്ളവരുമായിട്ടുള്ള ജീവിതത്തിൽ എങ്ങനെ മനസ്സിലാക്കുന്നു, എന്നുള്ളതിനെക്കുറിച്ചാണ്. തങ്ങളെ തന്നെ ഉൾക്കൊള്ളുവാനും തങ്ങളെ തന്നെ അംഗീകരിക്കുവാനും തങ്ങളിലുള്ള നന്മകൾ സ്വീകരിക്കുവാനോ നൽകപ്പെടുന്നതിന്റെ മൂല്യം മനസ്സിലാക്കുവാനോ കഴിയാതെ പോ

**ഓരോ വ്യക്തിയേയും ദൈവം വിളിക്കുമ്പോൾ സവിശേഷമായ ഒരു ദൗത്യം ആ വ്യക്തിക്ക് ദൈവം നൽകുന്നുണ്ട്. ജെറമിയ പ്രവാചകനെ വിളിച്ചുകൊണ്ട് ദൈവം പറയുന്നു: "പിഴുതെറിയുവാനും ഇടിച്ചുതകർക്കാനും നശിപ്പിക്കാനും തകിടം മറിക്കാനും പണിതുയർത്താനും നട്ടുവളർത്താനും വേണ്ടി ഇന്നിതാ, ജനതകളുടെയും രാജ്യങ്ങളുടെയും മേൽ നിന്നെ ഞാൻ അവരോധിച്ചിരിക്കുന്നു"**

കുന്നു. അങ്ങനെ പലപ്പോഴും പൗരോഹിത്യ ജീവിതത്തിന്റെ ശൈലികൾ തന്നെ പൗരോഹിത്യത്തെക്കുറിച്ച് ചില വ്യത്യസ്തമായ കാഴ്ചപ്പാടുകളും ചിലപ്പോൾ നൽകിപ്പോകുന്നുണ്ട്. ലൗകികതയുടെയും ആർഭാടങ്ങളുടെയുമൊക്കെ ഒരു ജീവിതമാണോ അല്ലെങ്കിൽ പുറമെ കാണുന്ന ഒരു 'ഗ്ലോറിയസ് പ്രീസ്റ്റ്ഹുഡ്' അവർ ആഗ്രഹിക്കുന്നതെന്നോ സംശയിക്കേണ്ടിയിരിക്കുന്നു. ഈ ഗ്ലോറിയസ് പ്രീസ്റ്റ്ഹുഡിനുള്ളിൽ നിറഞ്ഞുനിൽക്കുന്ന സംഘർഷത്തിന്റെയും പ്രലോഭനങ്ങളുടെയും പ്രതിസന്ധികളുടെയും നൊമ്പരങ്ങളുടെയുമൊക്കെ ഒരു ജീവിതം ഒരർത്ഥത്തിലെങ്കിലും പറഞ്ഞുകൊടുക്കുവാൻ കഴിയുന്ന പരിശീലനത്തിലൂടെ കടന്നുപോകുന്നവർ മാത്രമാണ് ഈ ദൈവവിളി സ്വീകരിക്കുന്നതുകൊണ്ട് ദൈവത്തിന് പ്രിയപ്പെട്ടവരായി മാറുന്നത്. അതുകൊണ്ട് യഥാർത്ഥ ദൈവവിളി സ്വന്തം കുടുംബത്തിൽ നിന്ന് പ്രാർത്ഥനാരൂപിയിൽ സ്വീകരിക്കപ്പെടേണ്ടതാണെന്നും അങ്ങനെ സ്വീകരിച്ച് കടന്നുവരുന്നവരെ സ്നേഹത്തോടെ ശുശ്രൂഷിക്കാനും പരിചരിക്കാനും കഴിയേണ്ടതാണെന്നും എല്ലാറ്റിനും അതീതമായി ദൈവത്തിൽ കൂടുതൽ ആശ്രയിക്കുവാനും വ്യക്തിയെ പഠിപ്പിക്കേണ്ടതാണെന്നും സഭ നമ്മെ ഓർമ്മിപ്പിക്കുന്നു.

ഈ ഒരു പശ്ചാത്തലത്തിൽ തിരുവനന്തപുരം അതിരൂപതയിൽ ദൈവവിളി സുലഭമാണെന്ന് ഞാൻ പറഞ്ഞുവെങ്കിൽ തന്നെയും ഒരുപക്ഷേ വരുംകാലങ്ങളിൽ അത് എത്രത്തോളമായിരിക്കാമെന്നുള്ളത് നാം ചിന്തിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ട് തന്നെ വേണ്ടത്ര ബോധ്യങ്ങൾ നൽകി വേണ്ടത്ര കാഴ്ചപ്പാടുകൾ നൽകി ഈ ജീവിതത്തിന്റെ അങ്ങേയറ്റം സഹനത്തെയും അങ്ങേയറ്റം ത്യാഗത്തെയും ഒറ്റപ്പെടുത്തലിനെയും തെറ്റിദ്ധരിക്കപ്പെടലിനെയുമൊക്കെ ഓർമ്മിച്ചുകൊണ്ടുള്ള ഒരു പരിശീലനത്തിലൂടെ മാത്രമേ നല്ല ദൈവവിളി വളർത്തിയെടുക്കാൻ സാധിക്കുകയുള്ളൂ എന്നാണ് എനിക്ക് തോന്നുന്നത്. യേശു തന്റെ ശിഷ്യന്മാരോട് പരിശുദ്ധ ദിവ്യകാരുണ്യത്തെക്കുറിച്ച് സംസാരിക്കുന്ന വേളയിൽ അവന്റെ ശിഷ്യരിൽ പലരും പറഞ്ഞു. "ഈ വചനം കഠിനമാണ് ഇത് ശ്രവിക്കാൻ ആർക്കും കഴിയും." (യോഹ. 6:60). "തന്റെ ശിഷ്യന്മാർ പിറുപിറുക്കുന്നെന്നു മനസ്സിലാക്കി യേശു അവരോട് ചോദിച്ചു. ഇത് നിങ്ങൾക്ക് ഇടർച്ച വരുത്തുന്നുവോ?" (യോഹ. 6:61). "പിന്നീട് യേശു പന്ത്രണ്ടുപേരോടുമായി ചോദിച്ചു. നിങ്ങളും പോകാൻ ആഗ്രഹിക്കുന്നുവോ." (യോഹ. 6:67). അങ്ങനെ തന്റെ പിന്നാലെ വരുന്നവൻ കുരിശെടുക്കണമെന്നും പീഡകൾ അനുഭവിക്കണമെന്നും വ്യക്തമായി സൂചിപ്പിച്ചുകൊണ്ടുള്ള യേശുവിന്റെ ക്ഷണമുണ്ട്. ഇന്ന് പൗരോഹിത്യത്തിലേക്ക് കടന്നുവരുന്നവരോട് നിങ്ങൾ കുരിശ് എടുക്കേണ്ടവരാണ്. നിങ്ങൾ പീഡനങ്ങൾക്ക് വിധേയരാക്കേണ്ടവരാണ്. നിങ്ങൾ ഒറ്റപ്പെടേണ്ടവരാണ് എന്നുപറഞ്ഞു ആരും സ്വീകരിക്കാറില്ല. എല്ലാവരെയും പലപ്പോഴും സ്വീകരിക്കുന്നത് പൗരോഹിത്യം നല്ലതാണ്, പൗരോഹിത്യം സുന്ദരമാണ്. ഒരു വൈദികനാകുക ആകർഷണീയമാണ്, നല്ലതാണ് എന്നൊക്കെ പറഞ്ഞുകൊണ്ട്, എന്നാൽ ആ ജീവിതത്തിന്റെ തന്നെ അന്തസത്ത അവരുമായി ഒരുമിച്ചിരുന്ന് പങ്കുവയ്ക്കുന്ന അല്ലെങ്കിൽ ക്ലേശങ്ങൾ പരസ്പരം പങ്കുവയ്ക്കുന്ന ഒരു കുടുംബത്തിലെ അംഗങ്ങളെപ്പോലെ ദുഃഖവും സന്തോഷവും ഒരുപോലെ പങ്കുവയ്ക്കുന്ന ഒരുകൂട്ടായ്മയായിട്ടുള്ള പരിശീലനത്തിൽ മാത്രമേ ഒരു അർത്ഥിയുടെ ദൈവവിളിയുടെ താല്പര്യം കൂടുതൽ കണ്ടെത്തുവാനും പരിപോഷിപ്പിക്കുവാനും കഴിയൂ. അങ്ങനെയുള്ള ഒരു പരിശീലനത്തിലേക്ക് നാം കടന്നുവരുവാനായിട്ടുള്ള കൃപ നമുക്ക് ദൈവത്തോട് യാചിക്കാം. ധാരാളം ദൈവവിളി നൽകുന്ന ദൈവത്തെ നമുക്ക് സ്തുതിക്കാം. ദൈവത്തിന്റെ പരിപാലനയിൽ നമുക്ക് വിശ്വസിക്കാം. കാരണം യേശു നമ്മോടു പറഞ്ഞു, "വിളവധികം വേലക്കാരോ ചുരുക്കം. അതിനാൽ തന്റെ വിളഭൂമിയിലേക്ക് വേലക്കാരെ അയയ്ക്കുവാൻ വിളവിന്റെ നാഥനോട് നിങ്ങൾ പ്രാർത്ഥിക്കുവിൻ" (മത്തായി. 9:37-38) വീണ്ടും യേശു പറഞ്ഞു, "ചെന്നായ്ക്കളുടെ ഇടയിൽ ചെമ്മരിയാടുകളെ എന്നെപ്പോലെ ഞാൻ നിങ്ങളെ അയയ്ക്കുന്നു." (മത്തായി. 10:16).

ആകുലതകളും അസ്വസ്ഥതകളും മാറ്റിവച്ചുകൊണ്ട് ദൈവത്തിൽ ശരണപ്പെടുവാനും ദൈവം നൽകുന്ന നന്മകളെയും ദാനങ്ങളെയും സന്തോഷത്തോടെ സ്വീകരിച്ചുകൊണ്ട് തന്റെ ജീവിതം കർത്താവിൽ സമർപ്പിക്കാനുള്ള ഒരു വലിയ മനസ്സ് ഓരോ അർത്ഥിയും നേടുമ്പോഴാണ് ദൈവവിളി സാർത്ഥകമാക്കുന്നത്. ആ ദൈവവിളിയാണ് യഥാർത്ഥത്തിൽ എന്നെ ദൈവം എന്തിനു വിളിച്ചു എന്നുള്ള ഉൾക്കാഴ്ച ഒരു വ്യക്തിക്ക് നൽകുന്നത്. അതിനെയാണല്ലോ മദർ തെരേസ തന്റെ ജീവിതത്തെ ആസ്പദമാക്കി പറഞ്ഞത്: ദൈവവിളിക്കുള്ളിലുള്ള ദൈവവിളി ദൈവത്തിന്റെ ദാനത്തിന്റെയുള്ളിലുള്ള ഒരു ദൈവീകമായ ദാനം. അത് കണ്ടെത്തുവാൻ ഒരു വ്യക്തിയെ പ്രേരിപ്പിക്കുന്നതായിരിക്കണം ദൈവവിളിയും ദൈവവിളി സ്വീകരിക്കുന്ന വ്യക്തിക്ക് ലഭിക്കുന്ന പരിശീലനവും അതുപോലെ നമ്മുടെ ജീവിതവും. അങ്ങനെയുള്ള ഒരു വലിയ ദൈവീകകൃപ ഈ ദൈവവിളി നാളുകളിലും പരിശീലന കാലയളവിലും ദൈവം എല്ലാവർക്കും നൽകട്ടെയെന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. ■

മേരി ഷീബ എ.ഡി.

# കഴുത

മുൾച്ചെടികൾ കാർന്നുതിന്ന്
വിഴുപ്പിന്റെ ഭാരം പേറി
പാവം കഴുത
മണ്ടൻ കഴുത

ആ തരിശിടത്തിൽ
ഒറ്റപ്പെടലിന്റെ കയ്പുമായി
പുളിക്കുന്ന കണ്ണുകളിൽ
ദൈന്യം നിറച്ച്...
രോമക്കാടുകൾക്കിടയിലെ ചെള്ളുകളെ
വാലുകൊണ്ട് ചുഴറ്റിയോടിച്ച്
പാവം കഴുത...


കുതിരയാകാൻ കഴിഞ്ഞല്ലല്ലോ
വീറും വാശിയുമുള്ള പന്തയക്കുതിര...
എണ്ണമിനുപ്പുള്ള കറുത്തമേനിയും
തിളങ്ങുന്ന പടക്കോപ്പും പട്ടുജീനിയും,
വെളുത്തു നിബിഡമായ വാലും
കുഞ്ചിരോമവും..
കാറ്റുപോലെ പായുന്ന
കുതിരയാകാൻ കഴിഞ്ഞില്ലല്ലോ.

നെടുവീർപ്പിൽ മനസ്സുരുകി
തിരസ്കാരത്തിന്റെ മുണ്ടുകൾ ഞെരുക്കി,
ചമർപ്പിന്റെ നീരുകുടിച്ച്
അവൻ ചിന്തിച്ചു
ഒരു കുതിരയാകാൻ കഴിഞ്ഞല്ലല്ലോ?

ആരോ എന്റെ കെട്ടുകൾ അഴിക്കുന്നു...
ഗുരുവിന് നിന്നെക്കൊണ്ട് ആവശ്യമുണ്ട്.
ഒടുവിൽ ഒരുനോട്ടം....
കരുണയുടെ ആഴക്കടൽ
തലയിലും ചെവിയിലും

പൂവിതൾക്കരങ്ങൾ തലോടലായ്
"എനിക്ക് ഒന്നും മനസ്സിലാവുന്നില്ല."
മുതുകിൽ ഒരു പട്ടുവിരി വീണു.
ഞാൻ ഗുരുനാഥന്റെ ഇരിപ്പിടമാകുന്നുവോ?
ഒലിവിലകളും മേലങ്കികളും വിരിച്ച വഴിയിൽ
ആർപ്പുവിളികൾ.. ആഘോഷങ്ങൾ..
ഹോസാന.. ഹോസാന..
"എളിമയുടെ രാജാവ് എന്റെമേലുണ്ടല്ലോ...
അവൻ എന്നെ തെരഞ്ഞെടുത്തേ
എന്നെ പുണർന്നു."

സ്വപ്നലോകത്തിലെന്ന വണ്ണം നടക്കവെ
ഒരു വലിയ തിരിച്ചറിവിൽ
അവന്റെ ഹൃദയം പ്രകാശിച്ചു..
കണ്ണുകളിൽ നനവൂറി മതി...
എനിക്ക് കഴുതയായാൽ മതി.



ലേഖനം

● സി. ഷീബ & സി. ധന്യ

# ഹോം മിഷൻ 2017-18




ആധുനികലോകം നിരവധി പരിവർത്തനങ്ങൾക്ക് വിധേയമാണ്. ഈ മാറ്റം ഏറ്റവും കൂടുതൽ കടന്നാക്രമിക്കുന്നത് സഭയുടെയും സമൂഹത്തിന്റെയും അടിസ്ഥാന ഘടകമായ കുടുംബങ്ങളെയാണ്. അതിനാൽ കുടുംബങ്ങളുടെ വീണ്ടെടുപ്പ് ഈ കാലഘട്ടത്തിന്റെ അനിവാര്യതയാണ്. മാനുഷികമൂല്യങ്ങൾക്ക് വില കല്പിക്കാതെ ജീവിതത്തെക്കുറിച്ച് നിശ്ചയമില്ലാതെ ഉത്കണ്ഠാകുലരായി നിരാശയിലും അസ്വസ്ഥതയിലും മാനസിക സംഘർഷത്തിലും അകപ്പെട്ട് ദൈവവിശ്വാസത്തിൽ നിന്നും അകന്നുപോകുന്ന ദൈവജനത്തിന് പ്രാർത്ഥന വഴിയും സാന്നിധ്യംകൊണ്ടും സാന്ത്വനമേകുവാൻ ദൈവസ്നേഹം പകർന്നു നൽകുവാനും ആഗ്രഹിച്ചുകൊണ്ട് തിരുവനന്തപുരം അതിരൂപത തുടക്കം കുറിച്ച് 'ഹോം മിഷൻ' എന്ന കുടുംബ കേന്ദ്രീകൃത അജപാലന ശുശ്രൂഷ ആത്മീയ ഉണർവ്വോടെ സഭാ മക്കളെ ആശ്വസിപ്പിച്ച് മുന്നേറുന്നു. 2017 മാർച്ചിൽ തുടക്കം കുറിച്ച ഈ ശുശ്രൂഷാ അതിരൂപതാ ബിസിസി എക്സിക്യൂട്ടീവ് സെക്രട്ടറി ഫാ. മൈക്കിൾ തോമസിന്റെ കീഴിൽ പ്രത്യേക പരിശീലനം ലഭിച്ച 24 സമർപ്പിതരുടെ പ്രേഷിത ശുശ്രൂഷയിലൂടെ അഭംഗുരം മുന്നേറുന്നു.


ഹോം മിഷൻ പ്രവർത്തനത്തിന്റെ വിജയത്തിന് പ്രേരകശക്തിയായി നിലകൊള്ളുന്നത് ഇടവക നേതൃത്വത്തിന്റെ തീഷ്ണമായ മുന്നൊരുക്ക പ്രവർത്തനങ്ങളും പ്രാർത്ഥനയുമാണ്. അതാത് ഇടവക വികാരിമാരുടെ താല്പര്യവും അർപ്പണ മനോഭാവവുമാണ് ഹോം മിഷൻ പ്രവർത്തനത്തെ ഫലവത്താക്കുന്നത്. മധ്യസ്ഥ പ്രാർത്ഥനയിലൂടെയും, അഖണ്ഡജപമാല സമർപ്പണത്തിലൂടെയും ഉപവാസ പ്രാർത്ഥനയിലൂടെയും ഹോം മിഷനായി സജ്ജമാക്കപ്പെടുന്ന ഇടവക സമൂഹം ആത്മീയവും ഭൗതികവുമായി തുറവിയുള്ളതായിത്തീരുന്നു. ഉഴുതുമറിച്ച് ഒരുക്കിയ പുതുമണ്ണുപോലെ പരുവമായ മനുഷ്യഹൃദയങ്ങളിലേക്ക് ദൈവസ്നേഹത്തിന്റെയും കരുതലിന്റെയും, സഹവർത്തിത്വത്തിന്റെയും സന്ദേശവുമായി സമർപ്പിതർ കടന്നുചെല്ലുമ്പോൾ അഭൗമമായ ഒരു നവാനുഭൂതി, ഓരോ കുടുംബങ്ങളേയും ആശ്ലേഷിച്ചുകടന്നുപോകുന്നതുപോലെ അനുഭവപ്പെടുന്നു.



*ആഴാകുളം ക്രിസ്തുരാജ ഇടവകയിൽ നടന്ന ഹോം മിഷന്റെ സമാപനം ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം ഉദ്ഘാടനം ചെയ്യുന്നു*



*കഴക്കൂട്ടം സെന്റ് ജോസഫ് ഇടവകയിൽ ഹോം മിഷന് തുടക്കംകുറിച്ച് ബിഷപ്പ് ആർ.ക്രിസ്തുദാസ് ദിവ്യബലി അർപ്പിക്കുന്നു*




സന്ദർശനവേളയിൽ കൂടുതൽ ശ്രദ്ധയും പരിഗണനയും വേണ്ട കുടുംബങ്ങളെയും വ്യക്തികളെയും കണ്ടെത്തുകയും അവരുമായി തുടർ സൗഹൃദംനിലനിർത്തി പുതുജീവിതത്തിലേക്ക് അവരെ കൈപിടിച്ചുയർത്തുകയും ചെയ്യുന്നത് ഹോം മിഷന്റെ പ്രവർത്തനമാണ്. മാനസികമായി സംഘർഷാവസ്ഥയിൽ കഴിയുന്ന വ്യക്തികൾക്ക് ഹോംമിഷൻ വേളയിൽ പ്രത്യേകം ക്രമീകരിക്കപ്പെട്ട ദിവസം കൗൺസലിംഗ് നൽകുന്നു. തുടർ ചികിത്സ ആവശ്യമുള്ളവർക്ക് അതിനുവേണ്ട ക്രമീകരണങ്ങൾ ഉണ്ടാകും. അതോടൊപ്പം വർഷങ്ങളായി കുമ്പസാരം, കുർബാന എന്നീ കൂദാശകൾ സ്വീകരിക്കാതെ കൗദാശിക ജീവിതത്തിൽ നിന്നും മാറി നിൽക്കുന്നവരെ ഉപദേശങ്ങളും നിർദ്ദേശങ്ങളും നൽകി കൗദാശിക ജീവിതത്തിലേക്ക് നയിക്കാനും, കുടുംബപ്രാർത്ഥനയില്ലാത്ത കുടുംബങ്ങൾക്ക് പ്രാർത്ഥനയിലേക്ക് നയിക്കാനും കുടുംബപ്രേഷിത ശുശ്രൂഷ വഴിയൊരുക്കുന്നു.

ഹോം മിഷൻ ടീം അംഗങ്ങൾ പ്രഭാത ദിവ്യബലിയിലും ഒരുമിച്ചുള്ള യാമപ്രാർത്ഥനയിലും വ്യക്തിപരമായ പ്രാർത്ഥനയിലും തങ്ങൾ സന്ദർശിക്കുന്ന ഭവനങ്ങളെ സമർപ്പിച്ച് പ്രാർത്ഥിച്ചാണ് ഭവനസന്ദർശനത്തിന് പോകുന്നത്.

കുടുംബസന്ദർശനം കഴിഞ്ഞ ടീം അംഗങ്ങൾ എല്ലാവരും ദേവാലയത്തിൽ ഒരുമിച്ചുകൂടി അന്നു സന്ദർശനം നടത്തിയ കുടുംബങ്ങളോടൊപ്പം ഒരുമണിക്കൂർ ജീവിതാനുഭവങ്ങളും, വേദനകളും, ദുഃഖങ്ങളും, സന്തോഷങ്ങളും ദൈവ തിരുമുമ്പിൽ സമർപ്പിച്ചു പ്രാർത്ഥിക്കുകയും ഇടവക വൈദീകർ സന്യസ്തർ എന്നിവരുമായി ആശയങ്ങൾ പങ്കുവയ്ക്കുകയും ചെയ്യും. ഹോംമിഷൻ സമാപന ദിവസം ഇതുസംബന്ധിച്ച റിപ്പോർട്ട് ജനങ്ങളുടെ മുമ്പാകെ അവതരിപ്പിക്കും. ഇടവകയുടെ മൂന്നാംഘട്ട പ്രവർത്തനത്തിന് ഊന്നൽ നൽകി ഇടവകയുടെ പ്ലാനും ബജറ്റും തയ്യാറാക്കുന്നതിന് ഈ റിപ്പോർട്ട് പ്രയോജനപ്പെടുത്തും.

ഹോംമിഷൻ ദിവസങ്ങളിൽ ഇടവകകളിലെ മിക്ക കുടുംബങ്ങളും തൊഴിൽ മുടക്കിയും വിദ്യാലയങ്ങളിൽ നിന്നും അവധിയെടുത്തും കുടുംബാംഗങ്ങൾ ഒന്നിച്ച് തുറവിയുള്ള മനസ്സോടെ തങ്ങളുടെ ജീവിതാനുഭവങ്ങൾ പങ്കുവച്ചും പ്രാർത്ഥനയും, സഹകരണവും വഴി ഹോം മിഷൻ പ്രവർത്തനങ്ങളോട് സഹകരിക്കുന്നുവെന്നതാണ് ഈ ഉദ്യമത്തിന്റെ വിജയരഹസ്യം. നാളിതുവരെ 23 ഇടവകകളിൽ ഹോം മിഷൻ പ്രവർത്തനം നടന്നു. ■


പൂത്തുറ സെന്റ് റോക്സ് ഇടവകയിൽ ഹോം മിഷന് തുടക്കം കുറിച്ച് ബിഷപ്പ് ഡോ. ക്രിസ്തുദാസ് ദീപം കൈമാറുന്നു



ലേഖനം

അഡ്വ. എം.എ. ഫ്രാൻസിസ്



# ഭരണഘടനാനുസൃതമായ സംവരണതത്വം അട്ടിമറിക്കപ്പെടരുത്

സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേകമായ ആനുകൂല്യങ്ങൾ അനുവദിച്ചു നൽകാൻ സംസ്ഥാന സർക്കാരുകൾക്ക് ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിളുകൾ 15 (4), 16 (4) അനുസരിച്ച് അധികാരമുണ്ട്. ഭരണഘടനയുടെ 340-ാം വകുപ്പുപ്രകാരം സാമൂഹികവും വിദ്യാഭ്യാസപരവുമായി പിന്നാക്കം നിൽക്കുന്ന ജനവിഭാഗങ്ങളുടെ അവസ്ഥ പഠിക്കാൻ കമ്മിഷനെ നിയോഗിക്കുന്നതിന് സംസ്ഥാനങ്ങൾക്ക് അധികാരം നൽകിയിട്ടുമുണ്ട്. മേൽപ്പറഞ്ഞ ആർട്ടിക്കിളുകളിൽ സംവരണം നൽകുന്നതിനെക്കുറിച്ച് പറയുമ്പോൾ പ്രത്യേകമായി എടുത്തുപറയുന്ന മാനദണ്ഡങ്ങളാണ് സാമൂഹികവും വിദ്യാഭ്യാസപരവുമായ പിന്നോക്കാവസ്ഥ.

ഇന്ത്യയിൽ കാലാകാലങ്ങളായി നിലനിന്നിരുന്ന ജാതിവ്യവസ്ഥതികളുടെയും അതിലധിഷ്ഠിതമായി രൂപമെടുത്ത തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും, തൊഴിലിന്റെ അടിസ്ഥാനത്തിലുള്ള വേർതിരിവുകളുമാണ് സാമൂഹികവും വിദ്യാഭ്യാസപരവുമായി വലിയ ഒരു വിഭാഗത്തെ പിന്നോക്കാവസ്ഥയിലേക്ക് ചവിട്ടിത്താഴ്ത്തിയത്. ഇത് പരിഹരിച്ച് എല്ലാവർക്കും തുല്യതയും തുല്യമായ അവകാശങ്ങളും പരിഗണനകളും ലഭ്യമാക്കുന്നതിനാണ് ഭരണഘടനാ ശില്പികൾ ഇതിലൂടെ ലക്ഷ്യമിട്ടിരുന്നത്. എന്നാൽ ഭരണഘടന നിലവിൽ വന്ന് 60 വർഷങ്ങൾ പിന്നിടുമ്പോഴും ഇന്ത്യയിലെ പിന്നോക്ക വിഭാഗ ജനങ്ങളുടെ ജീവിത സാഹചര്യങ്ങളിൽ വലിയ മാറ്റമൊന്നും ഉണ്ടായിട്ടില്ല എന്നതാണ് നഗ്നയാഥാർത്ഥ്യം.

അധികാരത്തിന്റെ പ്രധാനതലങ്ങളൊക്കെ തന്നെ കയ്യടക്കിയിരുന്ന ഉന്നതകുലജാതരുടെ ആധിപത്യം ഇന്നും വലിയ മാറ്റമൊന്നും ഇല്ലാതെ തുടരുന്നു എന്നാണ് വസ്തുത. ഈ സാഹചര്യം നിലനിൽക്കെയാണ് പുരോഗമന കാഴ്ചപ്പാടുള്ള സർക്കാരുകൾകൂടെ ഭരണഘടനാ ചട്ടങ്ങൾ മറികടന്നുകൊണ്ട് ദേവസ്വം ബോർഡിൽ സാമ്പത്തിക സംവരണം നടപ്പിലാക്കാൻ ശ്രമം നടത്തുന്നത്. സർക്കാരിന്റെ നിയമവകുപ്പുതന്നെ ഇക്കാര്യത്തിലുള്ള നിയമതടസം ചൂണ്ടിക്കാട്ടിയിട്ടും അതിനെ മറികടക്കുവാനുള്ള കുറുക്കുവഴികൾ തേടുന്നത് ചിലരെ പ്രീണിപ്പിക്കുവാനുള്ള തന്ത്രങ്ങളുടെ ഭാഗമായേ കാണാനാകൂ. ദേവസ്വം ബോർഡിൽ ഇത് തുടക്കം കുറിച്ചാൽ നാളെ മറ്റ് പല മേഖലകളിലേക്കും ഇത് വ്യാപിച്ചേക്കാം. ആയതിനാൽ ഭരണഘടനാനുസൃതമായ സംവരണ തത്വം അട്ടിമറിക്കാനുള്ള നീക്കത്തിനെതിരെ പിന്നോക്ക വിഭാഗങ്ങളുടെ യോജിച്ചുള്ള ചെറുത്തുനിൽപ്പ് അനിവാര്യമാണ്.

ഇന്ത്യയിലെ സംവരണതത്വങ്ങൾക്ക് ഏകദേശം 12 വർഷക്കാലത്തെ ചരിത്രമുണ്ട്. തിരുക്കൊച്ചിയിലും, മദ്രാസിലും, ബ്രിട്ടീഷ് ഇന്ത്യയിലും സാമൂഹികവും വിദ്യാഭ്യാസപരവുമായി പിന്നോക്കം നിൽക്കുന്നവർക്ക് സംവരണം നൽകിയിരുന്നു. മലയാളി മെമ്മോറിയലും നിവർത്തന പ്രക്ഷോഭവുമൊക്കെ സംവരണവുമായി ബന്ധപ്പെട്ട് നടന്ന ആദ്യകാല സമരങ്ങളാണ്. മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം

നിൽക്കുന്നവർക്ക് സർക്കാർ ജോലികളിൽ 10 ശതമാനം സംവരണം നൽകാനുള്ള സർക്കാർ നീക്കത്തെയാണ് ഭരണഘടനാവിരുദ്ധമെന്നുപറഞ്ഞുകൊണ്ട് ഇന്ദിരാസാഹ്നി കേസിൽ 1993ൽ സുപ്രീം കോടതി തടഞ്ഞത്.

11 വർഷക്കാലത്തെ സംവരണത്തിന്റെ പ്രാതിനിധ്യം ജാതിയുടെ അടിസ്ഥാനത്തിൽ പരിശോധിച്ച നരേന്ദ്രൻ കമ്മിഷൻ കണ്ടെത്തിയത് 4370 തസ്തികകൾ ലത്തീൻ കത്തോലിക്കർക്ക് നീക്കിവച്ചതിൽ യോഗ്യരായുള്ളവർ ഇല്ലാത്തതുമൂലം ഒഴിഞ്ഞുകിടക്കുന്നു എന്നായിരുന്നു. ഇതിലേക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ് വേണമെന്ന ആവശ്യം ഇന്നും സർക്കാർ അംഗീകരിച്ചിട്ടില്ല. അതുകൊണ്ടുതന്നെ ലത്തീൻ കത്തോലിക്കക്കാർക്ക് അർഹതപ്പെട്ട നിരവധി തസ്തികകൾ ഇന്നും ഒഴിഞ്ഞുകിടക്കുകയാണ്.

ഈ സാഹചര്യത്തിന്റെ പശ്ചാത്തലത്തിൽ വേണം കേരളത്തിൽ 1-1-2018 മുതൽ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് പ്രാബല്യത്തിൽ വരുത്തിക്കൊണ്ടുള്ള 29.12.2017 ലെ ജി.ഒ (പി) നം. 12/2017/പി&എആർഡി നമ്പർ ഉത്തരവിലെ നിയമന നിബന്ധനകൾ പരിശോധിക്കപ്പെടേണ്ടത്.

കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ പ്രവേശിക്കുന്നവർക്ക് 8 വർഷത്തെ സർവ്വീസ് പൂർത്തിയാക്കിയാൽ ഐഎഎസ് കൺഫർ ചെയ്തു ലഭിക്കും. നാളെ കേരളത്തിന്റെ ഭരണസിരാകേന്ദ്രങ്ങളിലെ ഏറ്റവും ഉന്നതമായ ഉദ്യോഗസ്ഥപദവികളിൽ എത്തപ്പെടുന്നത് കെഎഎസ് ൽ നിയമനം ലഭിക്കുന്നവരായിരിക്കും.

കേരളത്തിലെ 30 സർക്കാർ വകുപ്പുകളിലായി ഏകദേശം 150 തസ്തികകളിലേക്കാണ് ആദ്യഘട്ടത്തിൽ കെഎഎസ് നിയമനത്തിനായി കണ്ടെത്തിയിട്ടുള്ളത്. ഈ 150 തസ്തികകളിലേക്ക് മൂന്ന് സ്ട്രീമുകളായാണ് നിയമനത്തിന് വ്യവസ്ഥ ചെയ്തിട്ടുള്ളത്. സ്ട്രീം ഒന്നിൽ 50 തസ്തികകളിലേക്ക് നേരിട്ടുള്ള നിയമനമാണ്. ഡിഗ്രി അടിസ്ഥാന യോഗ്യതയുള്ള 21 നും 32 നും ഇടയ്ക്കുപ്രായമുള്ളവർക്ക് ഇതിലേക്ക് അപേക്ഷിക്കാം. ഇതിൽ സർക്കാരിന്റെ നിയമാനുസൃതമായ സംവരണതത്വം പാലിക്കപ്പെടും. അതായത് 25 തസ്തികകൾ ഓപ്പൺ മെരിറ്റിലും 25 തസ്തികകൾ ജാതിതിരിച്ചുള്ള സംവരണാടിസ്ഥാനത്തിലുമായിരിക്കും നിയമനം.

രണ്ടാമത്തെ സ്ട്രീമിൽ 21 നും 40 നും ഇടയ്ക്ക് പ്രായമുള്ള സർക്കാർ സർവ്വീസിൽ ഗസറ്റഡ് തസ്തികയിൽ അല്ലാത്ത, സ്ഥിരമായ, ഡിഗ്രി യോഗ്യതയുള്ള ഏതൊരാൾക്കും അപേക്ഷിക്കാവുന്നതാണ്. ഇതിനെ ബൈട്രാൻസ്ഫർ റിക്രൂട്ട്മെന്റ് എന്നാണ് പറഞ്ഞിട്ടുള്ളത്. ഇന്നും 50 തസ്തികകളിലേക്കാണ് നിയമനം നടത്തുന്നത്.

മൂന്നാമത്തെ സ്ട്രീമിൽ 50 വയസ്സു തികയാത്ത സർക്കാർ സർവ്വീസിലുള്ള ഫസ്റ്റ് ഗസറ്റഡും അതിനും മുകളിലുമുള്ള ഡിഗ്രി യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. ഇതിലേക്കും 50 തസ്തികകൾ മാറ്റിവച്ചിരിക്കുന്നു. ഇതിനെ ബൈ ട്രാൻസ് അപ്പോയ്മെന്റ് എന്നും ഉത്തരവിൽ പറഞ്ഞിരിക്കുന്നു. ബൈ ട്രാൻസ്ഫർ റിക്രൂട്ട്മെന്റും ബൈ ട്രാൻസ്ഫർ അപ്പോയിന്റുമെന്റും തമ്മിലുള്ള വ്യത്യാസമെന്തെന്നും എവിടെയും പരാമർശിക്കപ്പെട്ടിട്ടില്ല.

രണ്ടും മൂന്നും സ്ട്രീമുകളിലായുള്ള 100 തസ്തികകളിലേക്ക് സംവരണതത്വം പാലിക്കപ്പെടുന്നില്ല എന്നതാണ് ഏറെ ശ്രദ്ധേയം. ഇവിടെ സംവരണം നൽകാതിരിക്കാൻ സർക്കാർ കണ്ടെത്തുന്ന ന്യായം കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസിലെ ചട്ടങ്ങളാണ്. ഒരിക്കൽ സംവരണത്തിന്റെ ആനുകൂല്യം ലഭിച്ച് സർവ്വീസിൽ പ്രവേശിച്ചവർക്ക് വീണ്ടും സംവരണാനുകൂല്യം നൽകാനാകില്ല എന്ന കോടതിവിധിയും ബൈട്രാൻസ്ഫർ നിയമനങ്ങളുടെ കാര്യത്തിൽ സർക്കാരിന് എടുത്തുകാട്ടാം.

ഒരു വകുപ്പിലെ താഴ്ന്ന വിഭാഗം ജീവനക്കാരന് അതേ വകുപ്പിൽ ഉയർന്ന തസ്തികയിലേക്ക് പ്രമോഷൻ ലഭിക്കുന്നതിന് അഞ്ചോ പത്തോ ശതമാനം തസ്തികകൾ മാറ്റിവച്ച് ആയതിലേക്ക് പിഎസ്സി നടത്തുന്ന എഴുത്തുപരീക്ഷയിലൂടെയോ ഇന്റർവ്യൂവിലൂടെയോ യോഗ്യത തെളിയിച്ച് നൽകുന്നതാണ്. ബൈട്രാൻസ്ഫർ അപ്പോയിന്റ്മെന്റ് എന്നാൽ കെഎഎസ് ഇതുപോലെയല്ല. 30 വകുപ്പുകളിലെ 10 ശതമാനം തസ്തികകൾ വീതം നീക്കിവച്ച് പുതിയ ഒരു സർവ്വീസിലേക്ക് നടക്കുന്ന തെരഞ്ഞെടുപ്പാണ്. ഇവിടെ മുഴുവൻ തസ്തികകൾക്കും സംവരണം പാലിക്കപ്പെട്ടില്ലെങ്കിൽ പ്രായോഗികതലത്തിൽ 150 തസ്തികകളിലേക്ക് നിയമനം നടന്നാൽ അതിൽ പട്ടികജാതി/വർഗക്കാരും മറ്റുപിന്നോക്കവിഭാഗക്കാരുമായി വരുന്നത് 25 പേർ മാത്രമായിരിക്കും. ബാക്കി 125 ലേക്കും തെരഞ്ഞെടുക്കപ്പെടുക ഉന്നതകുലജാതരായിരിക്കും. ഇത് വലിയ സാമൂഹിക നീതി നിഷേധത്തിന് ഇടയാക്കും.

ആയതിനാൽ സാമൂഹികവും വിദ്യാഭ്യാസപരവുമായി പിന്നോക്കം നിൽക്കുന്നവർക്ക് തുല്യയോഗ്യതയോടെയുള്ള സാമൂഹിക നീതി ഉറപ്പുവരുത്തണമെങ്കിൽ ഈ 150 തസ്തികകളിലേക്കും സംവരണ തത്വം പാലിച്ചുതന്നെ വേണം നിയമനങ്ങൾ നടത്തേണ്ടത്. സംവരണതത്വങ്ങൾ അട്ടിമറിക്കാൻ കണ്ടെത്തുന്ന കുറുക്കുവഴികൾ വലിയ സാമൂഹിക പ്രത്യാഘാതങ്ങൾക്ക് ഇടവരുത്തും. ■





## അല്മായ വേദി



ആർക്കാഞ്ചലോ.എം
അല്മായ ശുശ്രൂഷാ ഡയറക്ടർ

# അവഗണിക്കപ്പെട്ട അല്മായ പ്രേഷിതത്വം

ആധുനിക യുഗത്തിൽ ജ്ഞാനോദയ മുന്നേറ്റവും യുക്തിവാദവും ഫ്രഞ്ചുവിപ്ലവവും സഭയ്ക്ക് മാരകമായ മുറിവേല്പ്പിച്ചെങ്കിലും പേപ്പസി ശക്തമായിത്തന്നെ തുടർന്നു. പക്ഷേ, ആധുനിക യുഗത്തിന്റെ ഉപോല്പന്നങ്ങളായുള്ള പുരോഹിത വിദ്വേഷവും ലൗകീകരണവും തുടർന്നുകൊണ്ടേയിരുന്നു. ഇവ രണ്ടും ഇന്നും സെക്കുലർ ലോകത്ത് തുടർന്നു കൊണ്ടേയിരിക്കുന്നു. സഭയ്ക്ക് വലിയ വെല്ലുവിളിയാണ് ഇവ ഉയർത്തിക്കൊണ്ടുവരുന്നത്. ലോകത്തിന്റെ വെല്ലുവിളികൾ നേരിടാൻ സഭയെ പ്രാപ്തമാക്കുന്ന ചുമതല ആരുടേതാണ് ? തീർച്ചയായും അല്മായരുടേതു തന്നെ.

സഭയെ എതിർക്കുന്ന ശക്തികൾക്ക് സഹായകരായി നിന്നത് സഭയിലുള്ളവർ തന്നെയായിരുന്നു. ഇന്നും അങ്ങനെ തന്നെയല്ലേ എന്ന് ഇക്കാലത്ത് കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്ന ചില സംഭവങ്ങൾ വിരൽചൂണ്ടുന്നു. സഭയെ തകർക്കാൻ എല്ലാവിധ ആക്രമണങ്ങളും അഴിച്ചുവിട്ടവരെ നേരിടാനുള്ള ദൈവശാസ്ത്ര വിജ്ഞാനമൊന്നും സാധുക്കളായ അല്മായർക്കില്ലായിരുന്നു. അവർ നിസ്സംഗതയിലേയ്ക്ക് ഇടറിവീണു. ചില ഭക്തകൃത്യങ്ങൾ നിർവ്വഹിച്ച് കഷ്ടിച്ച് മുന്നോട്ടുപോവുക എന്നത് മാത്രമേ കരണീയമായിട്ടുള്ളു എന്നവർ കരുതി. അല്മായ ദൈവശാസ്ത്രമെന്തെന്നോ അല്മായ പ്രേഷിതത്വമെന്തെന്നോ മനസ്സിലാക്കുവാൻ പോലും അവർക്കായില്ല.

ഈ കാലഘട്ടത്തിലാണ് പൊതുപൗരോഹിത്യവും ശുശ്രൂഷാ പൗരോഹിത്യവും തമ്മിലുള്ള മൂപ്പിളമ പ്രശ്നം ഉടലെടുക്കുന്നത് . ട്രെന്റ് സൂനഹദോസ് ശുശ്രൂഷാ പൗരോഹിത്യത്തിനുള്ള പ്രാധാന്യം ഊന്നിപ്പറഞ്ഞതോടെ പൊതുവായ പൗരോഹിത്യം (വിശ്വാസികളുടെ) വിസ്മൃതിയിലാണ്ടു. ഇതു നൂറ്റാണ്ടുകൾ നീണ്ടു നിന്നു. ഇന്നും പുരോഹിതരുടെ ശുശ്രൂഷാ പൗരോഹിത്യമല്ലേ സഭയുടെ എല്ലാ രംഗങ്ങളിലും നിറഞ്ഞുനിൽക്കുന്നത് ? അല്മായർ, തങ്ങൾ പുരോഹിതരേയല്ല എന്ന് ഇന്നും വിശ്വസിക്കുന്നു. ശുശ്രൂഷാ പൗരോഹിത്യത്തിന്റെ മഹനീയതകൾ നൂറ്റാണ്ടുകളായി കേട്ടുവരുന്ന അല്മായർക്ക് തങ്ങളുടെ പൗരോഹിത്യത്തെപ്പറ്റി അവബോധമില്ലാതെ പോയതിന് അവരെ പഴിക്കേണ്ടതില്ല.

പ്രൊട്ടസ്റ്റന്റ് വിഭാഗങ്ങൾ അല്മായർക്ക് പ്രാതിനിധ്യവും വിദ്യാഭ്യാസവും നൽകി പിന്തുണയേകിയതോടെയാണ് കത്തോലിക്കാ സഭയുടെ കണ്ണുകൾ തുറന്നത്. അല്മായർ വെറും കാണികളും ശ്രോതാക്കളുമല്ല എന്ന് മനസ്സിലായി. ലത്തീൻ ഭാഷയിലുള്ള ദിവ്യബലിയിലെ കാണികൾ മാത്രമായിരുന്നല്ലോ അവർ. ദണ്ഡവിമോചന കണക്കിന്റെ നിലവാരത്തിലുള്ള ഭക്തിയും വിശുദ്ധരോടുള്ള വണക്കവും കന്യാമറിയത്തോടുള്ള ഭക്തിയും ഒഴിച്ചാൽ അല്മായന്റെ സഭാബോധം പൂജ്യമായിരിന്നു. ഈ ശൂന്യത മുതലെടുക്കാൻ സഭാവിരുദ്ധ ശക്തികൾക്കായി.

19-ാം നൂറ്റാണ്ടിന്റെ ഉദയത്തോടെയാണ് അല്മായ പ്രേഷിതത്വം സജീവമാകാൻ തുടങ്ങിയത്. സഭയെന്നാൽ പാപ്പയും മെത്രാന്മാരും വൈദികരും മാത്രമല്ലായെന്നും സഭ അടിസ്ഥാനപരമായി പങ്കാളിത്തസ്വഭാവമുള്ളതാണെന്നും അല്മായർ മനസ്സിലാക്കി. സഭയുടെ സ്വഭാവവും അതിൽ അല്മായരുടെ ഔന്നത്യവും അവർ മനസ്സിലാക്കാൻ തുടങ്ങി. സഭാചരിത്രത്തിലെ ആദ്യകാലങ്ങളിലെ പ്രമുഖ ദൈവശാസ്ത്രജ്ഞന്മാരെല്ലാവരും തന്നെ അല്മായരായിരുന്നു എന്നതാണ് ഏറെ ശ്രദ്ധേയം. വൈദിക നേതൃത്വം മാത്രം വിചാരിച്ചാൽ സഭാനൗകയെ കോളിളക്കം കൂടാതെ നയിക്കാൻ പറ്റില്ലെന്ന് ഉറപ്പായപ്പോഴാണ് അല്മായന് സ്വീകാര്യതയും അംഗീകാരവും വന്നുചേർന്നത്. പിന്നെയങ്ങോട്ട് സമസ്ത കർത്തവ്യങ്ങളും അല്മായന്റെ തോളിലെന്നോണം വ്യാഖ്യാനങ്ങളും വിജ്ഞാപനങ്ങളും തുടരെത്തുടരെ ആവിർഭവിക്കാൻ തുടങ്ങി. ■




# മിശ്രവിവാഹവും കത്തോലിക്കാസഭാംഗത്വവും

തിരുവനന്തപുരം ലത്തീൻ അതിരൂപതയിലെ വെള്ളയമ്പലം ഇടവകാംഗമാണ് ഞാൻ. മാർത്തോമാ സഭയിലെ യുവാവുമായിട്ടാണ് എന്റെ വിവാഹം നിശ്ചയിച്ചിരിക്കുന്നത്. അതിരൂപതാദ്ധ്യക്ഷന്റെ അനുമതിയോടെ കത്തോലിക്കാസഭ അംഗീകരിക്കുന്ന രീതിയിൽ ഞങ്ങളുടെ മിശ്രവിവാഹം നടത്താനാണ് ആഗ്രഹക്കുന്നത്. വിവാഹശേഷം എനിക്ക് കത്തോലിക്കാ വിശ്വാസിയായി തുടരാൻ കഴിയുമോ? കഴിയുമെങ്കിൽ ഞാൻ എങ്ങനെയാണ് എന്റെ അംഗത്വം നിലനിർത്തേണ്ടത്?



കത്തോലിക്കാസഭ അംഗീകരിക്കുന്ന മിശ്രവിവാഹത്തിലേക്ക് പ്രവേശിക്കാൻ ഒരുങ്ങുന്ന വ്യക്തികളാണ് നിങ്ങൾ ഇരുവരും. ലത്തീൻ സഭയ്ക്കുവേണ്ടിയുള്ള കാനോൻ നിയമം (CIC)1124-1129-ഉം പൗരസ്ത്യസഭയ്ക്കുവേണ്ടിയുള്ള കാനോൻ നിയമം (CCEO) 813 816, 834, 839-ഉം കത്തോലിക്കാ ക്രൈസ്തവ വിശ്വാസിയും അകത്തോലിക്കാ ക്രൈസ്തവ വിശ്വാസിയും തമ്മിലുള്ള മിശ്രവിവാഹത്തെക്കുറിച്ചും, അത് അനുവദിക്കുമ്പോൾ ഉറപ്പുവരുത്തേണ്ട നിബന്ധനകളെക്കുറിച്ചും, മിശ്രവിവാഹിതരുടെ വിവാഹ ജീവിതത്തെക്കുറിച്ചും, വിശ്വാസ ജീവിതത്തെക്കുറിച്ചും വ്യക്തമാക്കുന്നു. CIC 1125 ഉം CCEO 814 ഉം മിശ്രവിവാഹത്തിന് അനുമതി നല്കുമ്പോൾ ഉറപ്പുവരുത്തേണ്ട നിബന്ധനകൾ വിവരിക്കുന്നു. അവയിൽ ആദ്യത്തെ രണ്ടു നിബന്ധനകൾ ഇപ്രകാരമാണ്:

1. താൻ കത്തോലിക്കാവിശ്വാസത്തിൽ ഉറച്ചുനിൽക്കുമെന്നും തന്റെ മക്കളെ കത്തോലിക്കാവിശ്വാസത്തിൽ വളർത്താൻ കഴിവിന്റെ പരമാവധി ശ്രമിക്കുമെന്നും കത്തോലിക്കാ വിശ്വാസി സഭാധികാരിയുടെ മുമ്പാകെ സത്യസന്ധമായ വാഗ്ദാനം നല്കുന്നു.
2. സഭാധികാരിയുടെ മുമ്പാകെ കത്തോലിക്കാവിശ്വാസി നല്കിയ വാഗ്ദാനം അകത്തോലിക്കാ ക്രൈസ്തവ വിശ്വാസിയെ ബോധ്യപ്പെടുത്തുന്നു.

ഇവയനുസരിച്ച് മിശ്രവിവാഹത്തിലേക്ക് പ്രവേശിക്കുന്ന കത്തോലിക്കാവിശ്വാസിയെങ്കിലും കത്തോലിക്കാവിശ്വാസത്തിൽ തുടരുമെന്ന ഉറപ്പുണ്ടെങ്കിൽമാത്രമേ മിശ്രവിവാഹത്തിന് കത്തോലിക്കാ സഭ അനുമതി നല്കൂ.

CIC 100-112, CCEO 911-919; 29-34 എന്നിവ വിവിധ സാഹചര്യങ്ങളിലുള്ള ഇടവക (കത്തോലിക്ക) അംഗത്വത്തെക്കുറിച്ച് വിവരിക്കുന്നു.

ഇനി താങ്കളുടെ സംശയത്തിലേക്ക് വരുന്നു. കത്തോലിക്കാ സഭയുടെ അനുമതിയോടെ മാർത്തോമാ ക്രൈസ്തവ വിശ്വാസിയുമായി മിശ്രവിവാഹം നടത്തിയാൽ കത്തോലിക്കാ വിശ്വാസിയായി തുടരാനും കത്തോലിക്കാസഭയിൽ അംഗത്വം നിലനിർത്താനും സാധിക്കുമോ എന്നതാണ് താങ്കളുടെ സംശയം. മുകളിൽ സൂചിപ്പിച്ചപോലെ CIC1125, CCEO 814 പ്രകാരം മിശ്രവിവാഹത്തിനുള്ള അനുമതി തേടുമ്പോൾ കത്തോലിക്കാ വിശ്വാസിയായി തുടരാമെന്ന വാഗ്ദാനം താങ്കൾ നല്കുകയും താങ്കളുടെ വാഗ്ദാനം സഭാധികാരികൾ അംഗീകരിക്കുകയും ചെയ്യുന്നു. ആയതിനാൽ, താങ്കൾ കത്തോലിക്കാ വിശ്വാസിയായി തുടരേണ്ടതാണ്. രണ്ടാമതായി, മിശ്രവിവാഹത്തിലേക്ക് പ്രവേശിക്കുന്ന താങ്കളുടെ അംഗത്വം ഒന്നുകിൽ വിവാഹസമയത്തുള്ള താങ്കളുടെ ഇടവകയിൽ നിലനിർത്താവുന്നതാണ്. അല്ലെങ്കിൽ വിവാഹസമയത്ത് താങ്കൾക്ക് അംഗത്വം ഉണ്ടായിരുന്ന ഇടവകയിൽ നിന്നും മാമ്മോദീസാ സർട്ടിഫിക്കറ്റും ട്രാൻസ്ഫർ ലെറ്ററും വാങ്ങി താമസിക്കുന്ന സ്ഥലത്തെ ലത്തീൻ കത്തോലിക്കാ ഇടവകയിൽ ചേരാവുന്നതാണ്. മിശ്രവിവാഹം തുടരുന്നിടത്തോളംകാലം താങ്കളുടെ ജീവിതപങ്കാളിക്ക് കത്തോലിക്കാ സഭയിൽ അംഗത്വം ഉണ്ടായിരിക്കുന്നതല്ല. ■

അഗസ്റ്റിൻ കണിപ്പിള്ളി












# ദരിദ്രന്റെ ദുരിതവും സർക്കാരിന്റെ മദ്യവും

പാവപ്പെട്ടവന്റെ മരണവും പണക്കാരന്റെ പാപവും ആരും അറിയില്ലെന്ന് പണ്ടാരോ പറഞ്ഞത് എത്രയോ ശരിയാണ്. ഓഖി ദുരിതബാധിതരുടെ കാര്യം തന്നെ അതിനുദാഹരണമല്ലേ. 'ഓഖി' ദുരന്തംവിതച്ചിട്ട് മാസം നാലുകഴിഞ്ഞു. ദുരിത ബാധിതരെ ഇപ്പോ തന്നെ സഹായിച്ചുകളയുമെന്നായിരുന്നില്ലേ അന്ന് നമ്മുടെ സർക്കാരിന്റെ പിടിവാശി. എന്തെല്ലാമായിരുന്നു വാഗ്ദാനങ്ങൾ. എന്നിട്ടിപ്പോ എന്തായി. പാവപ്പെട്ട മത്സ്യത്തൊഴിലാളികളായ ഓഖിദുരന്തബാധിതരെ സർക്കാർ മറന്നു. അവന്റെ ദുരിതം കണ്ടില്ല. പക്ഷെ സർക്കാർ മറ്റൊന്നുകണ്ടു. മദ്യമുതലാളിമാരുടെ ലാഭക്കൊതിയെ. അവരെ സഹായിക്കാൻ അരയും തലയും മുറുക്കി സർക്കാർ രംഗത്തിറങ്ങി. അനുകൂല കോടതിവിധി സമ്പാദിച്ച് നാടുനീളെ മദ്യശാലകൾ തുറക്കാൻ കളമൊരുക്കി. ഇവിടെയാണ് പാവപ്പെട്ടവനും പണക്കാരനും തമ്മിലുള്ള അന്തരം കാണേണ്ടത്. പിന്നെ ഉള്ളത് ഉള്ളതുപോലെ പറയണമല്ലോ. ഓഖി ദുരന്തത്തിൽ മരിച്ചവരിൽ 49 പേരുടെ കുടുംബത്തിന് 20 ലക്ഷം രൂപവീതം ട്രഷറി നിക്ഷേപമായി നമ്മുടെ സർക്കാർ നൽകി. അത് മാസങ്ങൾക്കുമുൻപുള്ള കാര്യം. പിന്നീടിങ്ങോട്ട് തിരിഞ്ഞുനോക്കിയിട്ടില്ല. ഇപ്പോ പറയുന്നത് ദുരിതാശ്വാസത്തിനുവേണ്ടി ദീർഘകാലപദ്ധതികളെക്കുറിച്ച്

ആലോചിച്ചുവരികയാണെന്നാണ്. ഒരു നേരത്തെ ആഹാരത്തിന് വകയില്ലാതെ കഷ്ടപ്പെടുന്ന ദുരിതബാധിതന്റെ മുൻപിൽ ദീർഘകാല പദ്ധതിക്കെന്തു പ്രസക്തി. അവന് അരിവാങ്ങണം, ചികിത്സിക്കണം, കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കണം, പെൺമക്കളെ കെട്ടിച്ചുവിടണം, കടൽപ്പണിക്കുപോകാൻ പണി സാധനങ്ങൾ വേണം. ഇവയ്ക്കൊന്നിനും പാങ്ങില്ലാതെ കഷ്ടപ്പെടുന്നവരോട് ദീർഘകാലപദ്ധതിയെക്കുറിച്ച് പറഞ്ഞിട്ടെന്തുകാര്യം. പക്ഷേ, ദീർഘകാലപദ്ധതികൾ കൊണ്ട് സർക്കാരിന് ഗുണമുണ്ട്. കേന്ദ്ര സർക്കാർ നൽകിയ 169 കോടിയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ഒഴുകിയെത്തിയ തുകയും ഉൾപ്പെടെ ഏകദേശം 500 കോടിയോളം രൂപ സംസ്ഥാന ക്കാൻ അതിരൂപതക്ക് കഴിഞ്ഞുവെന്നാണ് ഓഖി ദുരിതബാധിതരെ ഇന്നത്തെ ഈ നിലയിലെങ്കിലും ജീവിക്കാൻ പ്രാപ്തരാക്കിയത്. ദുരന്തത്തിൽ മരിച്ചവരും കാണാതായവരുമായ 286 പേരുടെ കുടുംബങ്ങൾക്ക് അടിയന്തിര സഹായമായി 30,000 രൂപ വീതം 85,80,000 രൂപയും ചികിത്സാ സഹായമായി 146 പേർക്ക് 10,000 രൂപ വീതം 14,60,000 രൂപയും മത്സ്യബന്ധന യാനങ്ങൾ നഷ്ടപ്പെട്ട 22 പേർക്ക് 620000 രൂപയും വിവാഹസഹായമായി 7 യുവതികൾക്ക് 1650000 രൂപയും, വിദ്യാഭ്യാസത്തിനായി 13 വിദ്യാർത്ഥികൾക്ക് 325175 രൂയും ചികിത്സയ്ക്കും ദൈനംദിന ചെലവുകൾക്കുമായി 1190042 രൂപയും ഉൾപ്പെടെ 17325217 രൂപ ഇതിനോടകം അതിരൂപത നൽകിക്കഴിഞ്ഞു. കൂടാതെ ഇവരുടെ തുടർ ചികി രുന്നു. മന്ത്രിമാരുടെയും എംഎൽഎമാരുടെയും ശമ്പളവും ആനുകൂല്യങ്ങളും ഇപ്പഴത്തെ ജീവിതാവശ്യങ്ങളുമായി പൊരുത്തപ്പെടില്ലെന്നുപറഞ്ഞ് ഏകകണ്ഠമായി വർധിപ്പിച്ചപ്പോഴും മേൽപ്പറഞ്ഞവർക്കും അവരുടെ സെക്രട്ടറിമാർക്കും മൊബൈൽ ഫോൺ വാങ്ങാൻ 20,000 രൂപ അനുവദിച്ചപ്പോഴും പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ദുരിതം കാണാതെ പോയത് വിവേകശൂന്യമായിപ്പോയി. ഓഖി ദുരന്തത്തിന്റെ പേരിൽ സമാഹരിച്ച തുക ഖജനാവിൽ കിടപ്പുണ്ടെന്ന കാര്യം മറക്കരുത്.

അതുമല്ലെങ്കിൽ മദ്യമാഫിയയ്ക്ക് കൊടുക്കുന്ന പരിഗണനയുടെ ഒരംശമെങ്കിലും ഈ ദുരിതബാധിതർക്ക് നൽകാമായിരുന്നല്ലോ. ഏപ്രിൽ ഒന്നു മുതൽ പ്രാബല്യത്തിൽ വരുന്ന മദ്യനയത്തിന്റെ മറവിൽ എത്രയെത്ര മദ്യ

**പ്രകൃതിക്ഷോഭങ്ങളും ദുരന്തങ്ങളും സംസ്ഥാന സർക്കാരിനുള്ള ധനാഗമ മാർഗമായി പരിണമിച്ചിരിക്കുന്നു. ഓഖി ദുരന്തത്തിന് മുമ്പുണ്ടായ പ്രകൃതിക്ഷോഭങ്ങളും ദുരന്തങ്ങളും സംസ്ഥാന സർക്കാരിന് സമ്മാനിച്ച കോടികൾ എത്രയെന്ന് ആർക്കറിയാം. ഈ തുകകൾ ദുരിതബാധിതർക്ക് ആശ്വാസമായി തീർന്നിട്ടുണ്ടോ? സർക്കാർ മാത്രം ആശ്വാസം കൊണ്ടാൽ മതിയോ? അറിയാനുള്ള അവകാശം നിയമമായി നിലനിൽക്കുന്ന ഈ നാട്ടിൽ ആരുണ്ട് ഇത്തരം കാര്യങ്ങൾ അന്വേഷിക്കുന്നു.**

സർക്കാർ ഖജനാവിന് സ്വന്തം. ഈ തുക ദീർഘകാലാടിസ്ഥാനത്തിൽ യഥേഷ്ടം വിനിയോഗിക്കുകയും ചെയ്യാം. പണ്ടും ഇങ്ങനെ സമാഹരിച്ച സുനാമി, ലാത്തൂർ തുടങ്ങിയ ദുരിതാശ്വാസ നിധികൾ ഇപ്പോഴും ദീർഘകാലാടിസ്ഥാനത്തിൽ വിനിയോഗിക്കപ്പെടുന്നുണ്ടെന്ന് ഓർക്കണം. എന്തായാലും ഇത് ദുരിതബാധിതരോട് ചെയ്യുന്ന അനീതിയാണ്. കേരള ജനതയോടുള്ള അവഹേളനവും.

ഇവിടെയാണ് തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ പ്രതിബദ്ധത തൊട്ടറിയേണ്ടത്. 100 കോടി രൂപയുടെ ദീർഘകാലപദ്ധതികൾ പ്രഖ്യാപിച്ച് അടങ്ങിയിരിക്കുകയായിരുന്നില്ല അതിരൂപത. ദുരന്തമുഖത്തുനിന്ന് നേരെ ദുരിതാശ്വാസ പ്രവർത്തനങ്ങളിലേക്കാണ് അതിരൂപത കാലെടുത്തുവച്ചത്. ദുരന്തത്തിൽ മരിച്ചവരുടെയും, കാണാതായവരുടെയും, ദുരന്തത്തിനിരയായവരുടെയും കുടുംബങ്ങളെ തേടിപ്പിടിച്ച് താമസം വിന സഹായമെത്തി ത്സയ്ക്കുള്ള സംവിധാനവും ഒരുക്കി. ഇത്തരമൊരു പശ്ചാത്തലത്തിലാണ് തീരദേശജനതയുടെ വേദനയും സുമനസ്സുകളുടെ പ്രതിഷേധവും അണപൊട്ടിയൊഴുകുന്നത്. ദുരന്ത ബാധിതരുടെയും അവരെ ഉൾക്കൊള്ളുന്ന സമൂഹത്തിന്റെയും മൗനവും ക്ഷമയും ഒരു ദൗർബല്യമായും കഴിവുകേടായും സർക്കാരും ബന്ധപ്പെട്ടവരും കാണരുത്. ദുരന്തമേഖലയിൽ മുഖ്യമന്ത്രി എത്താൻ വൈകിയതിന്റെയും, സഹായം എത്തിക്കുന്നതിൽ ഉണ്ടായ ഉദാസീനതയ്ക്കെതിരെ നടന്ന രാജ്ഭവൻ മാർച്ചിന്റെയും ശക്തിയും ആവേശവും കേരള ജനത കണ്ടതും മനസ്സിലാക്കിയതുമാണ്. അത്തരം നടപടികളിലേക്ക് പാവം മത്സ്യത്തൊഴിലാളികളെ വലിച്ചിഴക്കരുതെന്നാണ് പറയാനുള്ളത്.

തീരദേശജനതയുടെ ജീവിതാവശ്യങ്ങൾ തങ്ങളുടേതിനോട് സമാനമാണെന്ന് ചിന്തിക്കാനുള്ള വിവേകമെങ്കിലും നേതൃത്വം കാണിക്കേണ്ടതായി ശാലകളാണ് തുറക്കാൻ പോകുന്നത്. പതിനായിരത്തിൽ കൂടുതൽ ജനസംഖ്യയുള്ള ഗ്രാമപഞ്ചായത്തുകളിലെല്ലാം ബാർ അനുവദിക്കാൻ പുതിയ മദ്യനയം വ്യവസ്ഥചെയ്യുമ്പോൾ സംസ്ഥാനത്തെ 12 ഗ്രാമപഞ്ചായത്തുകളിലൊഴികെ 929 ഗ്രാമപഞ്ചായത്തുകളിൽ പുതിയ ബാറുകൾ തുറക്കാമെന്നല്ലെ അർത്ഥം. മാത്രവുമല്ല, വിദേശ നിർമ്മിത വിദേശ മദ്യം ബിവറേജ് കോർപ്പറേഷൻ, കൺസ്യൂമർഫെഡ് വില്പനകേന്ദ്രങ്ങളിലൂടെ വില്പന നടത്താനുള്ള തീരുമാനവും ഇടതുപക്ഷ സർക്കാർ കേരള ജനതയ്ക്കുനൽകിയ തെരഞ്ഞെടുപ്പ് പ്രഖ്യാപനത്തിന്റെ ലംഘനമല്ലാതെ മറ്റെന്താണ്. വിശക്കുന്നവന്റെ അന്നത്തിലല്ല, മദ്യമാഫിയയുടെ പണത്തിലാണ് സർക്കാരിന്റെ ശ്രദ്ധ. മദ്യരാജാക്കന്മാരുടെ ആക്രോശത്തിനുമുന്നിൽ പതറുന്ന ഭരണം ദുരിതബാധിതന്റെ നിലവിളി കേൾക്കാതെ പോകുന്നത് എന്തൊരു വിരോധാഭാസമാണ്. ■

## വാർത്തകൾ

# ഓഖി ദുരിതാശ്വാസം: സർക്കാർ അലംഭാവം വെടിയണമെന്ന് ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം

തിരുവനന്തപുരം: ഓഖി ദുരന്തം നടന്ന് നാലുമാസം കഴിഞ്ഞിട്ടും ദുരിതബാധിതർക്ക് സഹായമെത്തിക്കാൻ കഴിയാത്ത സർക്കാർ നടപടി വേദനാജനകവും പ്രതിഷേധാർഹവുമാണെന്ന് ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം പറഞ്ഞു. മരണമടഞ്ഞവരിൽ 49 പേരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നൽകിയതല്ലാതെ യാതൊരുവിധ സഹായവും ദുരിതബാധിതമേഖലയിലെത്തിക്കാൻ സർക്കാരിന് കഴിഞ്ഞിട്ടില്ല. ഇക്കാര്യത്തിൽ സർക്കാർ പുലർത്തുന്ന അലംഭാവം വെടിയണമെന്ന് ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം വാർത്താസമ്മേളനത്തിൽ പറഞ്ഞു. തീരദേശമേഖലയ്ക്ക് സർക്കാരിന്റെ സഹായം കൂടാതെ മുന്നോട്ടുപോകുക പ്രയാസമാണ്. ദുരന്തം നേരിട്ട അവസരങ്ങളിൽ മുഖ്യമന്ത്രിയെ കണ്ടപ്പോൾ അനുഭാവപൂർവമായ സമീപനമാണ് ലഭിച്ചത്. ഓഖി ദുരന്തത്തിൽപ്പെട്ടവർക്ക് വിദ്യാഭ്യാസം, ജോലി, വീട്, ചികിത്സാസഹായം എന്നിവ സർക്കാർ വാഗ്ദാനം ചെയ്തിരുന്നു. മാത്രമല്ല, ഓഖി ദുരന്തസമയത്ത് കേരള സർക്കാരിന്റെ പ്രവർത്തനം മാതൃകാപരവുമായിരുന്നു. സർക്കാർ സഹായ പദ്ധതി നടപ്പിലാക്കിയാൽ മാത്രമേ അതിരൂപതയുടെ പദ്ധതികൾ നടപ്പിലാക്കാൻ കഴിയൂ. സർക്കാർ സഹായം വൈകിയാൽ അത് അതിരൂപതയുടെ പദ്ധതികളെയും ബാധിക്കും. ഓഖി ദുരന്ത സഹായം വിതരണം ചെയ്യുന്ന കാര്യത്തിൽ സർക്കാർ ഇപ്പോൾ ഒളിച്ചുകളിക്കുകയാണ്. ദുരന്തത്തിൽ എത്രപേർ മരിച്ചുവെന്ന് വ്യക്തമായി പറയാൻ പോലും സർക്കാരിന് കഴിയുന്നില്ല. നഷ്ടപരിഹാരം ലഭിച്ചവരാകട്ടെ പലിശ വാങ്ങാൻ ട്രഷറിക്കു മുൻപിൽ ക്യൂ നിൽക്കേണ്ട അവസ്ഥയിലുമാണ്. ദുരന്തത്തിൽ കാണാതായവരുടെ പേരുകൾ സർക്കാർ ഗസറ്റിൽ വിജ്ഞാപനം ചെയ്ത് തമിഴ്നാട് സർക്കാർ കാണിച്ച മാതൃക കേരള സർക്കാരും പിൻതുടരണം. മരിച്ചവരുടെ ആശ്രിത നിയമനം സംബന്ധിച്ചും കാണാതായവരുടെ കുടുംബങ്ങൾക്കുള്ള ധനസഹായം സംബന്ധിച്ചും അടിയന്തിരമായി തീരുമാനങ്ങൾ ഉണ്ടാകണമെന്നും ആർച്ച്ബിഷപ്പ് ആവശ്യപ്പെട്ടു.

## ദയാവധം: സുപ്രീംകോടതി വിധി വേദനാജനകം – കെ.സി.ബി.സി. പ്രസിഡന്റ്

തിരുവനന്തപുരം: ദയാവധത്തിന് ഉപാധികളോടെ അനുമതി നല്കിക്കൊണ്ടുള്ള സുപ്രീംകോടതി വിധി ഏറെ വേദനാജനകമെന്ന് കെ.സി.ബി.സി. പ്രസിഡന്റ് ആർച്ച്ബിഷപ് ഡോ. സൂസപാക്യം പറഞ്ഞു. അന്തസ്സോടെയുള്ള മരണം പൗരന്റെ ഭരണഘടനാവകാശമെന്ന് പരാമർശിക്കുന്ന കോടതി ഉപാധികളോടെ മരണം അനുവദിക്കുന്നത് ഖേദകരവും പ്രതിക്ഷേധാർഹവുമാണ്.

ജീവന്റെ അവകാശം ദൈവത്തിനാണ്. രോഗവും പ്രായാധിക്യവുംമൂലം ബുദ്ധിമുട്ടുന്ന ഒരാളെ ദയയുടെയോ സഹതാപത്തിന്റെയോ പേരിൽ വധിക്കുന്നത് മനുഷ്യസ്നേഹികൾക്ക് അംഗീകരിക്കാനാവില്ല. പ്രായാധിക്യവും രോഗവുംമൂലം വേദന അനുഭവിക്കുന്നവരെ മനുഷ്യ സാധ്യമായ സംവിധാനങ്ങളോടെ ആശ്വസിപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്ത് സ്വസ്ഥമായ ഒരു മരണം അനുവദിക്കുന്നതിനുപകരം ഉപാധികളോടെ ദയാവധമാകാമെന്ന കോടതി വിധി ദൂരവ്യാപകമായ വിപത്തുകൾക്ക് ഇടവരുത്തുമെന്ന് കെ.സി.ബി.സി. പ്രസിഡന്റ് പറഞ്ഞു.

## സൗജന്യക്യാൻസർ നിർണ്ണയക്യാമ്പ്

പേട്ട : റ്റി.എസ്.എസ്.എസിന്റെയും തിരുവന്തപുരം ആർ.സി.സിയുടെയും നേതൃത്വത്തിൽ പേട്ട ഫെറോനയിലെ കാര്യവട്ടം ക്രിസ്തുരാജ ഇടവക ദൈവാലയത്തിൽവച്ച് സൗജന്യ ക്യാൻസർ നിർണ്ണയക്യാമ്പ് നടത്തി. ആർ.സി.സി. യിലെ വിദഗ്ദ്ധ ഡോക്ടർമാർ നേതൃത്വം നൽകിയ ക്യാമ്പ് ഇടവകവികാരി റവ.ഫാ.ജോസഫ് എൽക്കിൻ ഉദ്ഘാടനം ചെയ്തു. ഇടവക റ്റി.എസ്.എസ്.എസ്. സെക്രട്ടറി ജോൺ, ഫെറോന ആനിമേറ്റർ ബിയാട്രീസ് രൂപത ഹെൽത്ത് കോഡിനേറ്റർ സി. അഡോൾഫ എന്നിവർ പങ്കെടുത്തു.

## ബോധവത്ക്കരണക്ലാസ്സ് നടത്തി

പേട്ട: പേട്ട ഫെറോനയിലെ സെന്റ് ആൻസ് ദൈവാലയത്തിൽ വച്ച് ഇടവകയിലെ പ്രവാസികൾക്ക് നോർക്കാറൂട്ട്സിന്റെ നേതൃത്വത്തിൽ ബോധവത്ക്കരണക്ലാസ്സ് നൽകി.

ഇടവകയിലെ പ്രവാസികൾക്ക് നോർക്കാ വെൽഫെയർ സ്കീം, ഇൻഷ്വറൻസ്, ഐ.ഡി. കാർഡ് എന്നീ വിഷയങ്ങളെക്കുറിച്ച് നോർക്കാറൂട്ട്സ് ഓഫീസർ അജിത്ത്, രൂപതാ കോഡിനേറ്റർ സി. ജെനസ്സസ് എന്നിവർ ക്ലാസ്സുകൾ നൽകി.

ഇടവക വികാരി ഫാ.പങ്ക്രേഷ്യസ് , ഫെറോന ആനിമേറ്റർ ബിയാട്രീസ് എന്നിവർ നേതൃത്വം നൽകി



*കുറവൻകോണം സെന്റ് തോമസ് ദേവാലയത്തിൽ ഹോംമിഷന്റെ ഉദ്ഘാടനം ഫാ. മൈക്കിൽ തോമസ് നിർവ്വഹിക്കുന്നു*



*കോൺഫെറൻസ് ഓഫ് കാത്തലിക് ബിഷപ്സ് ഓഫ് ഇന്ത്യ (CCBI) യുടെ 2016-17 വർഷത്തെ അല്മായ പ്രേഷിതർക്കുള്ള പ്രശംസാപത്രത്തിന് അർഹനായ ക്രിസ്തുദാസ് എൽ. ജോസ്, വെട്ടുകാട് സ്വദേശിയും കരിസ്മാറ്റിക് തിരുവനന്തപുരം സോൺ കോ-ഓർഡിനേറ്ററുമാണ്.*



*വിളപ്പിൽശാലയിൽ അമ്മ ചാരിറ്റബിൾ ട്രസ്റ്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന ആശാസ് ഭവനുവേണ്ടി പുതുതായി നിർമ്മിച്ച കെട്ടിടത്തിന്റെ ആശീർവാദ കർമ്മം നിർവഹിച്ച ആർച്ച്ബിഷപ് ഡോ. സൂസപാക്യം കെട്ടിടം അന്തേവാസികൾക്കായി തുറന്നുകൊടുക്കുന്നു. ചാരിറ്റബിൾ ട്രസ്റ്റ് പ്രസിഡന്റ് ശശിധരൻ സമീപം*

# പ്രേഷിത കുരിശിന്റെ പ്രയാണം രണ്ടുഫെറോനകളിൽ പൂർത്തിയായി

തിരുവനന്തപുരം: സമഭാവനയുടെയും സന്തോഷത്തിന്റെയും സമാധാനത്തിന്റെയും സന്ദേശവുമായി തിരുവനന്തപുരം അതിരൂപതയിൽ പ്രേഷിത കുരിശിന്റെ പ്രയാണം അഞ്ചുതെങ്ങ് പുതുക്കുറിച്ചിഫെറോനകളിൽ പൂർത്തിയാക്കി വലിയതുറ ഫെറോനയിൽ പ്രവേശിച്ചു. ഏപ്രിൽ 3 മുതൽ 13 വരെയാണ് വലിയതുറ ഫെറോനയിൽ പ്രേഷിത കുരിശിന്റെ പ്രയാണം.

മാർച്ച് അഞ്ചിന് വെള്ളയമ്പലത്തു നടന്ന ചടങ്ങിൽവച്ച് അഞ്ചുതെങ്ങ് ഫെറോനാ വികാരി ഫാ. ജോസഫ് ബാസ്കർ അതിരൂപതാധ്യക്ഷൻ ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യത്തിൽ നിന്നും പ്രേഷിത കുരിശ് ഏറ്റുവാങ്ങിയതോടെയാണ് അതിരൂപതയിൽ കുരിശിന്റെ പ്രയാണം ആരംഭിച്ചത്. ആത്മീയവും ഭൗതീകവും വൈവിധ്യവുമായ ചടങ്ങുകളും ആചാരാനുഷ്ഠാനങ്ങളും പ്രേഷിത കുരിശിന്റെ ഇടവകകളിലെ പ്രയാണത്തെ ചൈതന്യവത്താക്കി. അഞ്ചുതെങ്ങ് ഫെറോനയിലെ വെന്നികോട്, അരയതുരുത്തി, താഴംപള്ളി, മുങ്ങോട്, അയിരൂർ, ആറ്റിങ്ങൽ, അഞ്ചുതെങ്ങ്, ചമ്പാവ്, പൂത്തുറ, ഇടവകകളിൽ പര്യടനം പൂർത്തിയാക്കിയാണ് പുതുക്കുറിച്ചി ഫെറോനയിൽ പ്രേഷിത കുരിശിന്റെ പ്രയാണം ആരംഭിച്ചത്. മാർച്ച് 13 ന് പെരുമാതുറ പാലത്തിൽവച്ച് പുതുക്കുറിച്ചി ഫെറോന വികാരി മോൺ. വിൽഫ്രഡ് പ്രേഷിത കുരിശ് ഏറ്റുവാങ്ങി. മരിയനാട്, ശാന്തിപുരം, വെട്ടുതുറ, പുത്തൻതോപ്പ്, സെന്റ് ആൻഡ്രൂസ്, ഫാത്തിമപുരം, സെന്റ് ഡൊമിനിക്, തുമ്പ, കൊച്ചുറ, പള്ളിത്തുറ ഇടവകകളിൽ പ്രയാണം പൂർത്തിയാക്കി പ്രേഷിത കുരിശ് വലിയതുറ ഫെറോനയ്ക്ക് കൈമാറി.

ഇടവകവികാരിമാരുടെയും പാരീഷ് കൗൺസിൽ അംഗങ്ങളുടെയും നേതൃത്വം പ്രേഷിതകുരിശിന്റെ പ്രയാണത്തിലൂടെ ഇടവകകൾക്ക് ആത്മീയോർജ്ജം നൽകാൻ പോന്നതായി. കുരിശാരാധന, ഭവനങ്ങൾ തോറുമുള്ള പ്രേഷിത കുരിശിന്റെ പ്രയാണം, പഠനക്കളരികൾ, ഉപവാസ പ്രാർത്ഥന, നേർച്ചക്കഞ്ഞിവിതരണം, ഘോഷയാത്ര, എന്നീ ചടങ്ങുകളോടെ പ്രേഷിത കുരിശിന്റെ പ്രയാണം ഭക്തിസാന്ദ്രവും, അനുഭവവേദ്യവുമായി.



*സെന്റ് ഡൊമിനിക് ഇടവകയിൽ നടന്ന ഹോം മിഷൻ പ്രവർത്തനങ്ങളിൽ പങ്കെടുത്തവർ അതിരൂപതാ സഹായ മെത്രാൻ ഡോ.ക്രിസ്തുദാസ്, ബിസിസി ഡയറക്ടർ ഫാ. മൈക്കിൾ തോമസ് എന്നിവരോടൊപ്പം*



*പുത്തൻതോപ്പ് സെന്റ് ഇഗ്നേഷ്യസ് ഇടവകയിൽ നടന്ന ഹോം മിഷനിൽ പങ്കെടുത്തവർ ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യത്തോടൊപ്പം*

# വാർത്തകൾ

## വനിതാദിനം ആചരിച്ചു

തിരുവനന്തപുരം; ടിഎസ്എസ്എസിന്റെ ആഭിമുഖ്യത്തിൽ പേട്ട, പുല്ലുവിള, വലിയതുറ, പുതുക്കുറിച്ചി, പാളയം ഫൊറോനകളിൽ വനിതാദിനം ആചരിച്ചു. പുല്ലുവിളയിലെ പരിത്തിയൂർ ഇടവകയിൽ നടന്ന വനിതാദിനാഘോഷം കുളത്തൂർ പഞ്ചായത്ത് പ്രസിഡന്റ് ഉദ്ഘാടനം ചെയ്തു. 70 വയസ്സ് കഴിഞ്ഞ 17 മത്സ്യവിപണന സ്ത്രീകളെ ആദരിച്ചുകൊണ്ടായിരുന്നു പുല്ലുവിള ഫെറോനയിലെ വനിതാദിനാചരണം. ഫാ. ജോബി പയ്യപ്പിള്ളി, മേഴ്സി അലക്സാണ്ടർ, രാജാമണി, വളർമതി, എലിസബത്ത് ജോസ് എന്നിവർ പങ്കെടുത്തു. വലിയതുറ ഫെറോനാ വനിതാദിനാചരണം ടിഎസ്എസ്എസ് കോ-ഓർഡിനേറ്റർ ഫാ. പോൾജി ഉദ്ഘാടനം ചെയ്തു. സി.ശോഭ, സി.സലോമി, അന്ന റീത്ത തുടങ്ങിയവർ പങ്കെടുത്തു. ഡോ. ശോഭ കാൻസർ പ്രതിരോധത്തെ കുറിച്ച് ക്ലാസ് നൽകി.

പുതുക്കുറിച്ചി ഫെറോനയിലെ മരിയനാട് ആനിമേഷൻ സെന്ററിൽ നടന്ന വനിതാദിനാഘോഷം മരിയനാട് പഞ്ചായത്ത് പ്രസിഡന്റ് ഫെലിക്സ് ഉദ്ഘാടനം ചെയ്തു. മോൺ. വിൽഫ്രഡ് ഇ, ഡോ.ഐറിസ്, ജോളി പത്രോസ്, ജോസ് നിക്കോളാസ്, ജ്ഞാനസെൽവം, മേഴ്സി അലക്സാണ്ടർ എന്നിവർ പ്രസംഗിച്ചു. പാളയം ഫെറോനാ വനിതാദിനാഘോഷത്തിൽ ഡോ. ഐറിസ് ലിംഗസമത്വത്തെക്കുറിച്ച് ക്ലാസ് നൽകി. അന്ന റീത്ത, രമ്യ തുടങ്ങിയവർ പ്രസംഗിച്ചു.



*പാളയം ഫെറോനാ വനിതാദിനാഘോഷത്തോടനുബന്ധിച്ച് ലിംഗസമത്വത്തെക്കുറിച്ച് ഡോ. ഐറിസ് ക്ലാസ് നയിക്കുന്നു*

## മദ്യകച്ചവടം: സംസ്ഥാനസർക്കാർ സ്വയം അപഹാസ്യരാകരുത് – കെ.സി.ബി.സി. പ്രസിഡന്റ്

തിരുവനന്തപുരം: മദ്യനയത്തിലൂടെ ഇടതുപക്ഷസർക്കാർ സ്വയം അപഹാസിതരായിത്തീരാൻ ശ്രമിക്കരുതെന്ന് കെ.സി.ബി.സി. പ്രസിഡന്റ് ആർച്ച്ബിഷപ് ഡോ. സൂസപാക്യം പറഞ്ഞു. കോടതിവിധിയെ കൂട്ടുപിടിച്ച് പഞ്ചായത്തുതലം മുതൽ മദ്യലഭ്യത വർദ്ധിപ്പിക്കാനുള്ള സർക്കാർ നീക്കം ജനങ്ങളോടുള്ള വെല്ലുവിളിയും ഇടതുപക്ഷ സർക്കാരിന്റെ നയവൈകല്യവുമാണെന്നും കെ.സി.ബി.സി.പ്രസിഡന്റ് പറഞ്ഞു. തെറ്റായ മദ്യനയത്തിന്റെ പേരിൽ കേരള ജനതയെ തെരുവിലിറക്കാൻ സംസ്ഥാന സർക്കാർ ശ്രമിക്കരുതെന്നും ആർച്ച്ബിഷപ് മുന്നറിയിപ്പ് നല്കി. സംസ്ഥാനത്ത് പുതിയതായി ഒരൊറ്റ മദ്യശാലകൾപോലും അനുവദിക്കില്ലെന്നും മദ്യവർജ്ജനം പ്രോത്സാഹിപ്പിക്കുമെന്നും പ്രകടനപത്രികയിലൂടെ വാഗ്ദാനംനല്കി അധികാരത്തിലെത്തിയ ഇടതുപക്ഷസർക്കാർ മദ്യത്തിനും മദ്യലോബികൾക്കും അടിമകളായിത്തീരുന്നതുകാണുമ്പോൾ ഏറെ വേദനയും പ്രതിഷേധവുമുണ്ടെന്നും കെ.സി.ബി.സി. പ്രസിഡന്റ് ഒരു പ്രസ്താവനയിൽ പറഞ്ഞു.

മുൻസർക്കാരിന്റെ മദ്യനയവും ദേശീയപാതകളിൽനിന്ന് മദ്യവില്പന കേന്ദ്രങ്ങൾ മാറ്റിസ്ഥാപിക്കാനുമുള്ള കോടതിവിധിയും ഏറെ പ്രതീക്ഷനൽകിയ പശ്ചാത്തലത്തിലാണ് ഇടതുപക്ഷസർക്കാർ അതിന്റെ പ്രഖ്യാപിത വാഗ്ദാനത്തിൽനിന്ന് വ്യതിചലിച്ച് മദ്യലോബികളുടെ താല്പര്യത്തിന് കൂട്ടുനിൽക്കുന്നത്. ബാറുടമകളുടെയും വ്യവസായികളുടെയും താത്പര്യം സംരക്ഷിക്കുന്ന തരത്തിൽ കോടതി നടത്തിയ വിധിതീർപ്പും ഏറെ സംശയത്തോടെയും ആശങ്കയോടുംകൂടിയാണ് സമാധാനപ്രേമികളായ കേരള ജനത ഉറ്റുനോക്കുന്നത്. ഈ നടപടികൾ സംസ്ഥാന സർക്കാരിൽ ജനങ്ങൾക്കുള്ള പ്രതീക്ഷ തകർത്തിരിക്കുന്നു. ഇടതുപക്ഷ സർക്കാർ ഇപ്പോഴത്തെ മദ്യനയം തിരുത്തുമെന്ന് പ്രതീക്ഷിക്കുന്നതായും ആർച്ച്ബിഷപ് തന്റെ പ്രസ്താവനയിൽ പ്രത്യാശ പ്രകടിപ്പിച്ചു.



*കാച്ചാണി സെന്റ് ജൂഡ് ഇടവകയിൽ ടിഎസ്എസ്എസും കാരക്കോണം മെഡിക്കൽ കോളേജും സംയുക്തമായി നടത്തിയ നേത്രപരിശോധനാ ക്യാമ്പ്. ഇതിന്റെ ഉദ്ഘാടനം ഇടവക വികാരി ഫാ. യേശുദാസ് മത്യാസ് നിർവഹിച്ചു.*

# വിശിഷ്ട വ്യക്തികളെ ആദരിച്ചു

തിരുവനന്തപുരം: ഏറ്റവും നല്ല സ്വഭാവ നടനുള്ള സംസ്ഥാന സർക്കാരിന്റെ ചലച്ചിത്ര അവാർഡ് നേടിയ അലൻസിയർ, പി.എസ്.സി മെമ്പറായി തെരെഞ്ഞെടുക്കപ്പെട്ട ഡോ. ഡി. രാജൻ, ഐ.എ.എസ് ലഭിച്ച അലക്സാണ്ടർ എന്നിവർക്ക് തിരുവനന്തപുരം അതിരൂപത പാസ്റ്ററൽ കൗൺസിലിന്റെ ആദരം. വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ നടന്ന പാസ്റ്ററൽ കൗൺസിൽ യോഗത്തിൽ വച്ചാണ് വിശിഷ്ട വ്യക്തികളെ ആദരിച്ചത്. അതിരൂപതാദ്ധ്യക്ഷൻ ആർച്ച്ബിഷപ്പ് ഡോ. എം. സൂസപാക്യം മൂവരേയും പൊന്നാട അണിയിച്ചു. സഹായമെത്രാൻ ഡോ. ആർ. ക്രിസ്തുദാസ്, വികാരി ജനറൽ മോൺ. യൂജിൻ എച്ച് പെരേര എന്നിവർ പ്രസംഗിച്ചു. അല്മായ ശുശ്രൂഷ ഡയറക്ടർ എം. ആർക്കാഞ്ചലോ വിശിഷ്ടവ്യക്തികളെ സദസ്സിനു പരിചയപ്പെടുത്തി.



**അലൻസിയർ**



**ഡോ. ഡി.രാജൻ**



**അലക്സാണ്ടർ**

### അലൻസിയർ

ബാലനായിരിക്കുമ്പോൾതന്നെ നാടക രംഗത്ത് പ്രവർത്തിച്ചു തുടങ്ങിയ അലൻസിയർ പുത്തൻതോപ്പ് ഇടവകാംഗമാണ്. തൊണ്ടിമുതലും ദൃക്സാക്ഷിയും എന്ന ചിത്രത്തിലെ മികച്ച അഭിനയത്തിനാണ് ചലച്ചിത്ര അവാർഡ് ലഭിച്ചത്. സമൂഹ മനസ്സാക്ഷിയെ ഉണർത്താനായി അദ്ദേഹം തെരുവോരങ്ങളിൽ നടത്തിയ പ്രതിഷേധങ്ങൾ ശ്രദ്ധ പിടിച്ചുപറ്റിയിട്ടുണ്ട്.

### ഡോ. ഡി.രാജൻ

ഡോ. ഡി. രാജൻ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ശ്വാസകോശരോഗ ചികിത്സാ വിഭാഗത്തിൽ പ്രൊഫസറായി സേവനം അനുഷ്ടിച്ചുവരുമ്പോഴാണ് കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ മെമ്പർ ആയി നിയമിതനായത്. ഡി.രാജൻ കേരളാ ലാറ്റിൻ കാത്തലിക്ക് അസോസിയേഷന്റെ കിളളിപ്പാലം യൂണിറ്റിലെ സജീവ അംഗമാണ്.

### അലക്സാണ്ടർ

അലക്സാണ്ടർ തൊഴിൽ വകുപ്പ് അഡീഷണൽ ലേബർ കമ്മീഷണറായി സേവനമനുഷ്ടിച്ചു വരികെയാണ് ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേയ്ക്ക് തെരെഞ്ഞെടുക്കപ്പെട്ടത്. ഇപ്പോൾ ലേബർ കമ്മീഷണറായി സേവനമനുഷ്ടിക്കുന്നു. തൂത്തൂർ ഫൊറോനയിലെ വളളവിള ഇടവകയിൽ ജനിച്ച അദ്ദേഹം പൂന്തുറ ഇടവകാംഗമാണ്.

## സൗജന്യക്യാൻസർ നിർണ്ണയക്യാമ്പ്

പാളയം: പാളയം ഫൊറോനയിലെ മണക്കാട് സഹായമാതാ ദൈവാലയത്തിൽ സ്വസ്തി ഫൗണ്ടേഷനും, മലയാള മനോരമയും, റ്റി.എസ്.എസ്.എസും ചേർന്ന് സൗജന്യ ക്യാൻസർ നിർണ്ണയ ക്യാമ്പ് നടത്തി. ഉത്ഘാടനം ഇടവക വികാരി ഫാ.സ്റ്റീഫൻ മുക്കാട്ടിൽ നിർവ്വഹിച്ചു. സി. അഡോൾഫ, ഡോ. കെ.എം. അശ്വതി, ഡോ. ബാബു മാത്യു എന്നിവർ ക്യാമ്പിന് നേതൃത്വം നല്കി.

## ജീവൻജ്യോതി ക്ഷേമപദ്ധതി രണ്ടാംഘട്ടത്തിന് തുടക്കമായി

തിരുവനന്തപുരം: റ്റി.എസ്.എസ്.എസ് നടപ്പാക്കുന്ന ഈ പദ്ധതിയുടെ കാലാവധി 5 വർഷമാണ്. 18 നും 50 നും മദ്ധ്യേ പ്രായമുള്ളവർക്ക് ഇതിൽ അംഗമാകാം. ഒരു യൂണിറ്റിന് 100 രൂപയാണ്. ഒരാൾക്ക് 5 യൂണിറ്റുവരെ എടുക്കാം. ഒരു വർഷത്തേയ്ക്ക് ഒരുമിച്ചും വരിസംഖ്യ അടയ്ക്കാവുന്നതാണ്. ചികിത്സാ ധനസഹായം തുടങ്ങിയ ആനുകൂല്യങ്ങൾ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് റ്റിഎസ്എസ്എസ് ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

## ക്യാൻസർ നിർണ്ണയക്യാമ്പ് നന്തൻകോട്

നന്തൻകോട്: നന്തൻകോട് ഇടവകയിൽ റ്റി.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ നന്തൻകോട് ഹോളി എഞ്ചൽസ് കോൺവെന്റ് സ്കൂളിൽ വച്ച് സ്വസ്തി ഫൗണ്ടേഷന്റെ സഹായത്തോടെ കൃൻസർ നിർണ്ണയക്യാമ്പ് സംഘടിപ്പിച്ചു. പ്രസ്തുത ക്യാമ്പിന്റെ ഉത്ഘാടനം ഫാ.ഡൈയ്സൺ നിർവ്വഹിച്ചു.

# വീട്ടിൽ ബൈബിൾ ഉണ്ട്, വായിച്ചിട്ടില്ല !

● പി.ജെ.ജോസഫ്, പെരുവിലങ്ങാട്ട്

"നിങ്ങൾ ബൈബിൾ വായിച്ചിട്ടുണ്ടോ" എന്ന് ഏതൊരു കത്തോലിക്കനോടും ചോദിച്ചാൽ, "പിന്നില്ലേ" എന്ന (തെറ്റായ) ഉത്തരമാണ് കിട്ടുക. എന്നാൽ ഈ ചോദ്യം വേദപാഠാധ്യാപകർ, അല്മായർ എന്നിങ്ങനെ വിവിധ നിലയിലുള്ള ആയിരത്തിലധികം കത്തോലിക്കരോട് ചോദിച്ചാൽ, 90 ശതമാനം പേരും യഥാർത്ഥത്തിൽ ബൈബിൾ വായിച്ചിട്ടില്ലെന്ന് മനസ്സിലാക്കാൻ കഴിയും.

ഒരു കത്തോലിക്ക കുടുംബത്തിൽ ജനിച്ചതുകൊണ്ടുമാത്രമാണ്, പലരും കത്തോലിക്കരായി വളരുന്നത്. സഭ വെളിവാക്കിത്തന്നതുപ്രകാരം, നല്ല കത്തോലിക്കൻ കുർബാന ''കാണണം'', കൊന്തചൊല്ലണം, പെരുന്നാൾ കൂടണം, പാപം ചെയ്തത് കുമ്പസാരിക്കണം, വീണ്ടും അതേ പാപങ്ങൾ ചെയ്യുകയും വീണ്ടും കുമ്പസാരിക്കുകയും, വീണ്ടും അതേ പാപങ്ങൾ.... അത്ര തന്നെ. എന്നാൽ വിശ്വാസികൾ ബൈബിൾ വായിക്കാൻ ആരും ഒരിക്കലും പറഞ്ഞില്ല, പഠിപ്പിച്ചില്ല, പ്രോത്സാഹിപ്പിച്ചില്ല. ബൈബിൾ വായിക്കാത്തതിനാൽ ദൈവത്തിന്റെ അക്ഷയമായ കാരുണ്യത്തിന്റെയും അചഞ്ചലമായ വിശ്വസ്തതയുടെയും അത്യുദാരമായ സ്നേഹത്തിന്റെയും നിത്യദീപ്തമായ ചിത്രം." വിശ്വാസികൾ കാണാതെയും ഗ്രഹിക്കാതെയും പോകുന്നു. അതുകൊണ്ടാവണം ചെറുപ്പത്തിൽതന്നെ പലരും പള്ളിയും, സഭയും, ദൈവവും വേണ്ടെന്നുവയ്ക്കാനും, മനശ്ചാഞ്ചല്യമില്ലാതെ ഇതര മതങ്ങളിലേക്ക് ചേക്കാറാനും, കാരണമാകുന്നതെന്ന് കരുതണം.

ഒരിക്കൽ കോഴിക്കോട് നിന്നും തിരുവനന്തപുരത്തേക്ക് കെഎസ്ആർടിസി ബസിൽ യാത്ര ചെയ്യുമ്പോഴാണത് സംഭവിച്ചത്. ഇതുവരെ ബൈബിൾ വായിച്ചില്ലാത്ത എന്നോട് അടുത്ത സീറ്റിലിരുന്ന ദാമോദരൻ ചോദിച്ചു.

''നിങ്ങൾ ബൈബിൾ വായിച്ചിട്ടുണ്ടോ?"

ഹിന്ദുവായ ദാമോദരൻ ക്രിസ്ത്യാനിയായ എന്നോട് ചോദിക്കുന്നു, "ബൈബിൾ വായിച്ചിട്ടുണ്ടോ" എന്ന്! എനിക്ക് പെട്ടെന്ന് അരിശമാണ് വന്നതെങ്കിലും അതുപുറത്തുകാണിക്കാതെ, ചോദ്യത്തെ മറുചോദ്യം കൊണ്ട് നേരിട്ടു. ഞാൻ ക്രിസ്ത്യാനിയാണെന്ന് അറിയില്ലേ?

അതുകൊണ്ടാണല്ലോ ചോദിച്ചത്. അദ്ദേഹം വിടാൻ കൂട്ടാക്കിയില്ല.

ക്രിസ്ത്യാനികൾ ബൈബിൾ വായിക്കാതിരിക്കുമോ? വീണ്ടും എന്റെ മറുചോദ്യം.

"ബൈബിൾ കവർ ടു കവർ വായിച്ചിട്ടുണ്ടോ? എന്നായി ദാമോദരന്റെ അടുത്ത ചോദ്യം.

ഒരുനിമിഷം കൊണ്ട് എന്റെ മനസ്സിൽ കുറേ ചിന്തകൾ കടന്നുപോയി. ഷേക്സ്പിയറിന്റെ നോവൽ ഒരദ്ധ്യായം വായിച്ചാൽ കഥ മനസ്സിലാകില്ലല്ലോ. 100 എപ്പിസോഡുള്ള ടി.വി. സീരിയലിന്റെ ഇടവിട്ടുള്ള ഒന്നോ രണ്ടോ എപ്പിസോഡുകൾ മാത്രം കണ്ടാൽ കഥ മനസ്സിലാകില്ലല്ലോ. അപ്പോൾ, ബൈബിൾ തുറന്ന് എന്തെങ്കിലും ചെറിയൊരുഭാഗം മാത്രം വായിച്ചാൽ ഈ വിശുദ്ധഗ്രന്ഥത്തിന്റെ പൊരുൾ മനസ്സിലാകില്ലല്ലോ. ജാള്യത മറച്ചുവയ്ക്കാൻ ശ്രമിച്ചുകൊണ്ട് ഞാൻ സമ്മതിച്ചു. മുഴുവൻ വായിച്ചിട്ടില്ല. ഇടവിട്ട് വായിച്ചിട്ടേയുള്ളൂ.



അവിടംകൊണ്ട് ചർച്ച അവസാനിക്കും എന്ന് കരുതിയെങ്കിലും ദാമോദരൻ വിടാൻ കൂട്ടാക്കിയില്ല.

അദ്ദേഹം പലതവണ മുഴുവനും വായിച്ചിട്ടുണ്ട് പോലും!!!

ക്രിസ്ത്യാനിയായ ഞാൻ ബൈബിൾ വായിച്ചിട്ടില്ല. ഹിന്ദുവായ ദാമോദരൻ വായിച്ചിട്ടുണ്ട്! അരനൂറ്റാണ്ട് ക്രിസ്ത്യാനിയായി ജീവിച്ചിട്ട് ഒരിക്കൽപോലും ബൈബിൾ മുഴുവൻ വായിക്കാൻ മനസ്സുതോന്നിയില്ലല്ലോ എന്ന് ദുഃഖത്തോടെ ഓർത്തു, എന്നിട്ടൊരു തീരുമാനമെടുത്തു. ഞാനും ബൈബിൾ മുഴുവൻ വായിക്കും. തിരികെ വീട്ടിൽ വന്ന് യാത്രയിലുണ്ടായ എന്റെ അനുഭവം വിവരിച്ചപ്പോൾ ഭാര്യയും മക്കളും സന്തോഷത്തോടെ വായനയിൽ പങ്കുചേരാമെന്ന് സമ്മതിച്ചു.

ഒരുദിവസം ഒരു പുസ്തകം വായിച്ചാൽ 73 ദിവസംകൊണ്ട് ബൈബിൾ മുഴുവൻ വായിക്കാം. ഒരു ദിവസം ഒരു അദ്ധ്യായം വീതം വായിച്ചാൽ 1334 ദിവസംകൊണ്ട് (3 വർഷം 7 മാസം) ബൈബിൾ മുഴുവൻ വായിക്കാൻ കഴിയും. ചില അദ്ധ്യായങ്ങൾ വലുതാണെങ്കിലും (സങ്കീ. 119; വാക്യങ്ങൾ 172), മറ്റുചിലവ വളരെ ചെറുതാണ് (സങ്കീ. 117; വാക്യങ്ങൾ 2) അതുകൊണ്ട് ചെറിയവ ചേർത്ത് വായിച്ചാൽ മൂന്നുവർഷം മതിയാവും. ■



# അജപാലനം

ഫാ. ലോറൻസ് കുലാസ്
അജപാലന ശുശ്രൂഷാ ഡയറക്ടർ

# ദിവ്യബലിയിലെ ഗാനാലാപനത്തിന്റെ പ്രാധാന്യം

കർത്താവിന്റെ പെസഹാരഹസ്യങ്ങൾ അനുസ്മരിക്കപ്പെടുന്ന ദിവ്യബലിയിൽ ഗാനാലാപനത്തിന് പ്രത്യേക സ്ഥാനമുണ്ട്. ആരാധനക്കായി സമ്മേളിച്ചിരിക്കുന്ന എല്ലാവരുടെയും ഹൃദയത്തിൽ നിന്നും ഉയരുന്നതാകണം ദിവ്യബലിയിലെ ഗാനാലാപനം. വി. പൗലോസ് നമ്മെ ഓർമ്മിപ്പിക്കുന്നു: "കൃതജ്ഞത നിറഞ്ഞ ഹൃദയത്തോടെ, ദൈവത്തിന് സങ്കീർത്തനങ്ങളും ഗാനങ്ങളും ആത്മീയഗീതങ്ങളും പാടുവിൻ" (കൊളോ 3:16). ദിവ്യബലി മധ്യേയുള്ള ഗാനാലാപനം ഹൃദയാനന്ദത്തിന്റെ അടയാളമാണ്. "ഒരു ഹൃദയവും ഓരാത്മാവും ആയി (അപ്പ 4:23) ദൈവത്തെ സ്തുതിക്കുകയും എല്ലാ മനുഷ്യരുടേയും സംപ്രീതിക്ക് പാത്രമാവുകയും ചെയ്യുന്ന" (അപ്പ 2:46) പ്രവൃത്തിയാണ് ദിവ്യബിയിലെ ഗാനാലാപനം. അതിനാൽ, വിശുദ്ധ അഗസ്റ്റിൻ പറയുന്നു: "സ്നേഹിക്കുന്നവരുടേതാണ് ഗാനാലാപനം." പുരാതനകാലം മുതൽക്കേ ഇപ്രകാരം ഒരു ചൊല്ലുണ്ട്: "നന്നായി പാടുന്നവർ രണ്ടു മടങ്ങ് പ്രാർഥിക്കുന്നു."

പക്ഷേ, ഇന്ന് പലയിടങ്ങളിലും ദിവ്യബലി മധ്യേ നടത്തപ്പെടുന്ന ഗാനാലാപനരീതി തികച്ചും അപലപനീയമാണ്. കാരണം ആരാധനക്രമത്തിന്റെ ഭക്തിക്കും അനുഷ്ഠാനത്തിനും, പ്രാർഥനക്കും ഇന്നത്തെ ഗാനാലാപനരീതി തടസമായി നില്ക്കുന്നു. സ്റ്റുഡിയോയിൽ റെക്കോർഡ് ചെയ്ത അതേ രീതിയിൽ പാട്ട് മാത്രം ഒഴിവാക്കി ഉണ്ടാക്കുന്ന കരോക്കെയും മറ്റ് മൈനസ് ട്രാക്കുകളും ഫ്ളോപ്പിയിലും പെൻഡ്രൈവിലും ഇലക്ട്രോണിക് ഓർഗനിലും പകർത്തി പശ്ചാത്തലസംഗീതത്തിന്റെ അതിപ്രസരത്തോടുകൂടി ഗാനങ്ങളുടെ തുടക്കത്തിലും പല്ലവികൾക്കിടയിലും നീണ്ട ബാക്ക്ഗ്രൗണ്ട് മ്യൂസിക് ഉപയോഗിച്ചും നടത്തുന്ന സംഗീതാലപനം ആരാധനക്രമ സംഗീതത്തിന്റെ ചൈതന്യത്തിന് വിരുദ്ധമാണ്. ഇന്ന് സംഗീതോപകരണത്തിന്റെ ശബ്ദം ഗായകസംഘത്തിന്റെ സ്വരത്തെക്കാൾ കൂടുതൽ ഉച്ചത്തിൽ ആകുന്നു. കൂടാതെ, കേൾവിക്ക് ഇമ്പം നല്കുന്ന രീതിയിൽ സംഗീതവും പശ്ചാത്തല സംഗീതവും ചിട്ടപ്പെടുത്തി ഇറക്കുന്ന ഭക്തിഗാന സിഡിയിലെ ഗാനങ്ങൾ ആരാധനക്രമത്തിന് വ്യാപകമായി ഉപയോഗിക്കുന്ന രീതി വളർന്നുവരുന്നു.

മറിച്ച്, "ഒരോ ആരാധനാസമൂഹത്തിന്റെയും കഴിവിനെയും ജനങ്ങളുടെ പ്രത്യേകതകളെയും ആസ്പദമാക്കി ദിവ്യപൂജാനുഷ്ഠാനത്തിൽ ഗാനാലാപനം വ്യാപകമായി ഉപയോഗിക്കേണ്ടതാണ്" (GIRM 40). വിശ്വാസിസമൂഹം ഒരുമിച്ച് ആലപിക്കുന്നതരത്തിലുള്ള ഗാനങ്ങൾ തിരഞ്ഞെടുത്ത് ശുശ്രൂഷ നടത്താൻ നിയോഗിക്കപ്പെട്ടവരാണ് ദൈവാലയ ഗായകസംഘം (KRLCCനിർദ്ദേശം 15). ഗായകസംഘം ദിവ്യബലി ഗാനങ്ങൾ തിരഞ്ഞെടുക്കുമ്പോൾ അവ "കത്തോലിക്കാ വിശ്വാസസത്യങ്ങളോട് പൊരുത്തപ്പെടുന്നവയും വിശുദ്ധ ഗ്രന്ഥത്തിൽ നിന്നും ആരാധനക്രമത്തിന്റെ ഉറവിടങ്ങളിൽ നിന്നും ഉരുത്തിരിഞ്ഞവയും ആയിരിക്കണം" (SC 121). "ആലപിക്കേണ്ട ഭാഗങ്ങൾ തിരഞ്ഞെടുക്കുമ്പോൾ കൂടുതൽ പ്രാധാന്യമർഹിക്കുന്ന ഭാഗങ്ങൾക്ക്, പ്രത്യേകിച്ച് പുരോഹിതനും ഡീക്കനും പാഠകനും ജനങ്ങളുടെ പ്രത്യുത്തരത്തോടുകൂടെയോ അല്ലെങ്കിൽ പുരോഹിതനും ജനങ്ങളും ഒരുമിച്ചോ ആലപിക്കേണ്ട ഭാഗങ്ങൾക്ക് കൂടുത് പരിഗണന നല്കേണ്ടതാണ്" (GIRM 40).

ഇന്ന് വിവിധ ഭാഷകളിലുള്ള ഗാനങ്ങൾ ആലപിക്കുന്ന രീതി കാണുന്നുണ്ട്. അത് എപ്രകാരമായിരിക്കണമെന്ന് ആരാധനക്രമം നിർദ്ദേശിക്കുന്നത് ഇങ്ങനെയാണ്: "വിവിധ രാജ്യങ്ങളിൽ [വിവിധ ഭാഷകളിൽ] നിന്നുള്ള ജനങ്ങൾ ഒരുമിച്ചുകൂടാൻ ഇടയുള്ളതുകൊണ്ട് ദിവ്യപൂജാക്രമത്തിന്റെ ഏതാനും ഭാഗങ്ങളെങ്കിലും, വിശേഷിച്ചും ലളിതരീതിയിൽ തയ്യാറാക്കിയിട്ടുള്ള വിശ്വാസപ്രമാണം, കർതൃപ്രാർഥന എന്നിവ, ലത്തീൻ ഭാഷയിൽ ആലപിക്കാൻ ജനങ്ങൾ അറിഞ്ഞിരിക്കുന്നത് അഭിലഷണീയമാണ്" (GIRM 41). ദിവ്യബലിയിലെ മറ്റ് ഗാനങ്ങൾ ദിവ്യബലി അർപ്പിക്കപ്പെടുന്ന ഭാഷയിൽ തന്നെ ആലപിക്കേണ്ടതാണെന്നാണ് ഈ നിർദ്ദേശത്തിലെ സാരം.

ദൈവാലയ ഗായകസംഘത്തെയും ദൈവാലയ സംഗീതത്തെയും ആരാധനക്രമത്തിന് യോജിച്ച രീതിയിൽ രൂപപ്പെടുത്തുന്നതിൽ ഇടവക വികാരിമാർക്ക് നല്ലൊരു പങ്ക് വഹിക്കാനാവും. ഫെറോനതലത്തിൽ ഇവർക്ക് കൂടെകൂടെ പരിശീലനം നല്കാൻ ഫെറോന അജപാലനശുശ്രൂഷ വൈദിക കോ-ഓർഡിനേറ്റർ മുൻകൈയെടുക്കുക. അതിരൂപത തിരിച്ചറിയൽ കാർഡില്ലാത്തവരെ ദൈവാലയസംഗീതം വായിക്കാൻ അനുവദിക്കാതിരിക്കുക. ■



# നീർച്ചാലുകൾ

## ഞായറാഴ്ച വിചിന്തനങ്ങൾ


ഉയിർപ്പു ഞായർ (ഏപ്രിൽ 1)


നീർച്ചാലുകൾ

ഫാ. വിക്ടർ എവരിസ്റ്റസ്


# ഈസ്റ്ററിന് നമുക്കൊന്ന് കൂടെണ്ടേ?

അപ്പോ. 10: 34a.37–43 | കൊളോ 3: 1–4 | യോഹ. 20: 1–9



നാല്പതു ദിവസത്തെ തപസ് വഴി, ഉപവാസത്താലും, പ്രാർത്ഥനയാലും, പശ്ചാത്താപത്താലും, പിതാവിനെയും പുത്രനെയും പരിശുദ്ധാത്മാവിനെയും പ്രസാദിപ്പിക്കാൻ സാധിച്ചോ എന്ന് ഒരു ആത്മപരിശോധന അനിവാര്യമാണ്.

നാലാം സുവിശേഷത്തിലെ ഉത്ഥാനവിവരണമാണ് സന്ദർഭം. ഉത്ഥാനത്തിന് തെളിവുനൽകുക എന്നതിനപ്പുറം ആദിമശിഷ്യൻ ഉത്ഥിതനിലേക്കുള്ള വിശ്വാസത്തിലേക്ക് എപ്രകാരം വളർന്നു എന്ന് വിശദീകരിക്കുകയാണ് സുവിശേഷകന്റെ ലക്ഷ്യം. മഗ്ദലന മറിയം, ശിമയോൻ പത്രോസ്, വത്സലശിഷ്യൻ, തോമാശ്ലീഹാ, പന്ത്രണ്ട് അപ്പസ്തോലന്മാരുടെ കൂട്ടായ്മ എന്നിവർ ഉത്ഥിതനെ തിരിച്ചറിയുന്നതും വിശ്വസിക്കുന്നതും വിവരിക്കുന്നതിലൂടെ ഉത്ഥാനവിശ്വാസത്തിന്റെ ആധികാരികതയ്ക്കൊപ്പം അനിവാര്യതയും സുവിശേഷകൻ വ്യക്തമാക്കുന്നുണ്ട്.

നോമ്പുകാലത്തെ എല്ലാ വെള്ളിയാഴ്ചകളിലും ആ പള്ളിയിൽ കുരിശിന്റെ വഴിയുടെ പ്രാർത്ഥന നടക്കാറുണ്ട്. മത്തായി ചേട്ടനാണ് നേതൃത്വം കൊടുക്കുന്നത്. വർഷങ്ങളായി അയാളാണ് പ്രാർത്ഥനകളൊക്കെ ചൊല്ലിയിരുന്നത്. വേറെ ആരെയും അതിന് അനുവദിക്കാറില്ല. പ്രായമായതുകൊണ്ട് കുറച്ച് ഓർമ്മ പിശകുണ്ടെന്നതൊഴിച്ചാൽ എല്ലാം ഭദ്രം. പുസ്തകം നോക്കാതെ ഓരോ സ്ഥലത്തിന്റെയും അടുത്തുചെന്ന് ഫോട്ടോയിൽ നോക്കിയാണ് അയാൾ പ്രാർത്ഥിക്കാറ്. കാരണം പ്രാർത്ഥനകളെല്ലാം മനഃപാഠമാണ്.

ഒരു വെള്ളിയാഴ്ച പതിവുപോലെ കുരിശിന്റെ വഴി ചൊല്ലാൻ വന്ന മത്തായി ചേട്ടൻ ഒന്നാം സ്ഥലത്തിന് പകരം പതിനാലാം സ്ഥലത്ത് മുട്ടുകുത്തി എന്നിട്ട് പറഞ്ഞു: 'ഒന്നാം സ്ഥലം' നമ്മുടെ കർത്താവീശോ മിശിഹായുടെ ശരീരം കല്ലറയിൽ സംസ്കരിക്കുന്നു" ആളുകൾക്ക് ഇത് മനസ്സിലായെങ്കിലും മത്തായി ചേട്ടനോട് പറയാൻ പേടിയാണ്. അങ്ങനെ ഓരോ സ്ഥലവും പിറകോട്ടാ പോകുന്നത്. അപ്പോഴാണ് വികാരിയച്ചൻ വന്നത്. അച്ചൻ ചോദിച്ചു; 'മത്തായി ചേട്ടാ! ചേട്ടൻ കുരിശിന്റെ വഴി പിറകോട്ടാണല്ലോ ചൊല്ലുന്നത്. തെറ്റിപ്പോയല്ലോ' അപ്പോൾ മത്തായി ചേട്ടൻ പറഞ്ഞു: അതുതന്നെയാണച്ചോ ഞാനും ചിന്തിക്കുന്നത്, ഓരോ സ്ഥലം കഴിയും തോറും കർത്താവിന്റെ നില മെച്ചപ്പെട്ട് മെച്ചപ്പെട്ടുവരികയാണ്. എല്ലാ വെള്ളിയാഴ്ചയും കർത്താവിന് കഷ്ടപ്പാടായിരുന്നു. എന്നാൽ ഇന്നു മാത്രം നിലമെച്ചപ്പെട്ടുവരുന്നു.

ഇന്ന് ഈ ഉയിർപ്പ് ഞായറാഴ്ച നാം കൂടിയിരിക്കുന്നത് കർത്താവിന്റെ നിലമെച്ചപ്പെട്ടോ എന്നറിയാനല്ല. നാല്പത് ദിവസത്തെ നോമ്പിനും ഉപവാസത്തിനും ശേഷം എന്റെ ജീവിതത്തിന് ഒരു ഉയിർപ്പുണ്ടോ, ഉണ്ടാകുമോ എന്ന് ചിന്തിക്കാനാണ്.

നാല്പതു ദിവസത്തെ തപസ് വഴി, ഉപവാസത്താലും, പ്രാർത്ഥനയാലും, പശ്ചാത്താപത്താലും, പിതാവിനെയും പുത്ര



നെയും പരിശുദ്ധാത്മാവിനെയും പ്രസാദിപ്പിക്കാൻ സാധിച്ചോ എന്ന് ഒരു ആത്മപരിശോധന അനിവാര്യമാണ്. യാതൊരു മാറ്റവും എനിക്ക് സംഭവിച്ചിട്ടില്ലെങ്കിൽ നോമ്പ് നോക്കിയതുകൊണ്ട് വീട്ടിലെ കുറച്ചുചെലവ് കുറഞ്ഞു എന്നല്ലാതെ മറ്റൊരു പ്രയോജനവുമില്ല.

'കുട്ടി പിശാച് ഇരുന്ന് കരയുകയാണ്. അതുവഴി കടന്നുപോയ ഈശോ ചോദിച്ചു: എന്തിനാ നീ കരയുന്നത്? പിശാച് പറഞ്ഞു: മനുഷ്യരെല്ലാവരും നോമ്പും ഉപവാസവും എടുത്ത് മാനസാന്തരപ്പെട്ടിരിക്കുന്നു. ആരും ഇപ്പോൾ മദ്യപിക്കുന്നില്ല. ചീത്ത സിനിമകൾ കാണുന്നില്ല. കള്ളം പറയുന്നില്ല... ഈശോ പറഞ്ഞു: നീ ഒട്ടും വിഷമിക്കേണ്ട. അതൊക്കെ ഈസ്റ്റർ വരെയേ കാണൂ.

കഥയിൽ അൽപ്പം കാര്യമുണ്ട് കേട്ടോ. 'ഈസ്റ്ററിന് നമുക്കൊന്ന് കൂടെണ്ടേ' എന്ന് ചോദിക്കുമ്പോൾ എന്തോ പന്തികേട് തോന്നില്ലേ. ഈസ്റ്ററിന്റെ സന്ദേശമെന്ന് പറയുന്നത് സമാധാനത്തിന്റേതാണ്. സന്തോഷത്തിന്റേതാണ്. നമ്മുടെ കൂടലുകളൊക്കെ ഈ സന്ദേശം നൽകുന്നുണ്ടോ എന്ന് ചിന്തിക്കണം.

ലോകം ഇന്ന് സമാധാനത്തിനു വേണ്ടി നെട്ടോട്ടമോടുകയാണ്. ഒരു ഷോപ്പിംഗ് കോംപ്ലക്സിലും മാർജിൻ ഫ്രീ ഷോപ്പുകളിലും അത് വാങ്ങാൻ കിട്ടുന്നില്ല. എവിടെയാണ്, എപ്പോഴാണ് ഒരു പൊട്ടിത്തെറിയുണ്ടാകുന്നതെന്ന് ആർക്കും പറയാൻ പറ്റുന്നില്ല. ഒരു ഗവണ്മെന്റിനും ഒരു നേതാവിനും മനുഷ്യന് സമാധാനവും സന്തോഷവും നൽകാൻ സാധിക്കുന്നില്ല.

ഇളകിമറിയുന്ന തിരമാലകളുടെ മീതെ നടന്നുവന്ന് 'ഭയപ്പെടേണ്ട ഇത് ഞാനാണ്' എന്നുപറഞ്ഞ കർത്താവാണ് വിജയശ്രീലാളിതനായി ഉയിർത്തെഴുന്നേറ്റ് നിൽക്കുന്നത്. ഇനി മരണത്തിന് അവിടുത്തെമേൽ അധികാരമില്ല. എന്തെന്നാൽ രാജ്യവും ശക്തിയും മഹത്വവും അവിടുത്തേതാണ്.

നമ്മുടെയൊക്കെ പ്രവർത്തനമണ്ഡലങ്ങളിലേക്കും കുടുംബത്തിലേക്കും ഈ സമാധാന രാജാവിനെ ക്ഷണിക്കണം. ആരെയെങ്കിലുമൊക്കെ മാറ്റിനിർത്തി സമാധാനം ഉണ്ടാക്കാനാണ് നമ്മിൽ പലരും ശ്രമിക്കുന്നത്.

ഒരു പഴയകഥ : എവിടെ മധുവിധു ആഘോഷിക്കണമെന്നതിനെ ചൊല്ലി ഭാര്യയും ഭർത്താവും തർക്കമായി. ഭർത്താവിന് ലണ്ടനിൽ പോകണം, ഭാര്യയ്ക്ക് മലേഷ്യയിൽ പോകണമെന്നും വാശി. ആർക്കും വഴങ്ങാത്ത അവർ അവസാനം വികാരിയച്ചന്റെ മുമ്പിൽ കീഴടങ്ങി. വയോധികനായ ആ വൈദികൻ ഇങ്ങനെ വിധിച്ചു: മധുവിധു ആഘോഷിക്കാൻ ഭർത്താവ് ലണ്ടനിലേക്കും ഭാര്യ മലേഷ്യയിലേക്കും പോകട്ടെ.'

പ്രശ്നങ്ങൾ ഇവിടെയൊന്നും തീരുന്നില്ല. കർത്താവിന്റെ നില ഇനി മെച്ചപ്പെടേണ്ട ആവശ്യമില്ല. നമ്മുടെയൊക്കെ ആത്മീയ ജീവിതത്തിന്റെ നില മെച്ചപ്പെടുത്തിയാൽ മതി. പാപത്തിന്റെയും പാപസാഹചര്യങ്ങളുടെയും കല്ലറയിൽ കിടക്കുന്ന നമ്മൾ പുതിയ ജീവിതത്തിലേക്ക് ഉയിർത്തെഴുന്നേൽക്കണം. അകന്നുപോയ ബന്ധങ്ങൾ വിളക്കി യോജിപ്പിക്കണം. മറന്നുപോയ പ്രാർത്ഥനകൾ ഓർമ്മിച്ചെടുക്കണം. തള്ളിപ്പറഞ്ഞവരൊക്കെ വീണ്ടും ആ പഴയ സ്നേഹത്തിലേക്ക് തിരിച്ചുവരണം. സ്വാർത്ഥത ഉപേക്ഷിച്ച് നിസ്വാർത്ഥരാകണം. ഓരോരുത്തരും അവരവരുടെ കാര്യങ്ങൾ മാത്രം നോക്കാതെ മറ്റുള്ളവരെ കൂടി പരിഗണിക്കണം.

യേശുവിന്റെ ഉയിർപ്പ് നമുക്കൊരു പ്രത്യാശ നൽകുന്നു. ദുഃഖങ്ങൾക്കുശേഷം ആശ്വാസവും, സഹനങ്ങൾക്കുശേഷം സന്തോഷവും ഉണ്ടെന്നുള്ള പ്രത്യാശ. നായിമിലെ വിധവ, അവൾ കരയുകയായിരുന്നു. കാരണം അവളുടെ ഏക മകൻ മരിച്ചുപോയി. അവളെ കണ്ടപ്പോൾ യേശു പറഞ്ഞു: ''കരയേണ്ട, അവളുടെ കരച്ചിൽ നിന്നു. മരിച്ചുകിടക്കുന്ന യുവാവിനോട് പറഞ്ഞു: 'എഴുന്നേൽക്കുക' മരിച്ചവൻ എഴുന്നേറ്റു (ലൂക്ക 7:11-15). ജെയ്റോസ് പ്രമാണിയാണ്, ഉന്നതനാണ്. പക്ഷേ, തീരാദുഃഖത്തിലാണ്. കാരണം അയാളുടെ മകൾ മരിച്ചുപോയി. യേശു അവനോടും പറഞ്ഞു: കരയേണ്ട യേശു കൈനീട്ടി പെൺകുട്ടിയോട് പറഞ്ഞു, 'എഴുന്നേൽക്കുക, അവൾ എഴുന്നേറ്റിരുന്നു.'

ഉയിർത്തെഴുന്നേറ്റ് നിൽക്കുന്ന കർത്താവിന്റെ രൂപത്തിലേക്ക് നോക്കുമ്പോൾ അവിടുന്ന് നമ്മോടും പറയുന്നുണ്ട് 'എഴുന്നേൽക്കുക' ഞാൻ വീണുകിടക്കുന്ന ഇടം എവിടെയോ അവിടം നിന്നും എഴുന്നേൽക്കണം. ദൈവചിന്തയില്ലാത്ത പ്രവർത്തികൾ, അവിഹിത വേഴ്ചകൾ, മദ്യപാനം, അലസത, പരദൂഷണം, കുറ്റംപറച്ചിൽ ഇതൊക്കെ ഞാൻ വീണുപോയ മേഖലകളായിരിക്കാം. ഈശോ പറയുന്നു; 'എഴുന്നേൽക്കുക' എഴുന്നേറ്റ് ഉയിർത്തെഴുന്നേറ്റ കർത്താവിന്റെ കരങ്ങളിൽ മുറുകെ പിടിക്കൂ. നിന്റെ നില മെച്ചപ്പെടട്ടേ!

ഏവർക്കും ഉയിർപ്പുജീവിതത്തിന്റെ മംഗളാശംസകൾ. ■

നീർച്ചാലുകൾ

ഫാ. ഡൈസൺ



# യേശു ദൈവമാണ്

അപ്പോ. 4 : 32-35 | 1 യോഹ. 5 : 1-6 | യോഹ. 20: 19-31

യേശു ആരാണെന്നും തോമസ് അപ്പോസ്തലനും നമ്മളും ആരാണെന്നുള്ള ചോദ്യങ്ങൾക്ക് വചന ഭാഗങ്ങൾ കൃത്യമായ ഉത്തരം നൽകുന്നു. യേശു ദൈവമാണെന്നും തോമസ് അപ്പസ്തോലൻ യേശുവിന്റെ ദിദിമൂസാണെന്നും സുവിശേഷം പറയുമ്പോൾ നമ്മൾ യേശുവിൽ വിശ്വസിക്കുകയാണെങ്കിൽ ദൈവത്തിന്റെ മക്കളാണെന്ന് രണ്ടാം വായന വ്യക്തമാക്കുന്നു. നാം ദൈവത്തിന്റെ മക്കളാണെങ്കിൽ നമ്മിൽ കൃപാവരം സമൃദ്ധമായി ഉണ്ടാവും. അങ്ങനെയാണെങ്കിൽ നമ്മിൽ ദാരിദ്ര്യം അനുഭവിക്കുന്നവർ ആരും ഉണ്ടാവുകയില്ല എന്ന സത്യം ആദ്യവായന പകർന്നു നൽകുന്നു.



ഇസ്രായേൽ ജനം യഹോവായെ ദൈവമെന്നും കർത്താവെന്നും വിളിച്ചിരുന്നു. യേശുവിനെ നോക്കി "എന്റെ കർത്താവേ, എന്റെ ദൈവമേ" എന്ന് ആദ്യമായി വിളിക്കുന്നത് തോമസ് അപ്പസ്തോലനാണ്.

## യേശു ആരാണ്?

പഴയ നിയമത്തിൽ ഉല്പത്തി പുസ്തകത്തിൽ ദൈവം പൂഴികൊണ്ട് മനുഷ്യനെ രൂപപ്പെടുത്തിയശേഷം അവന്റെ നാസാരന്ധ്രങ്ങളിലേക്ക് നിശ്വസിച്ചുകൊണ്ട് അവന് ജീവൻ നൽകിയതുപോലെ (ഉല്പത്തി 2:7), പുതിയനിയമത്തിൽ യേശു ഭയം കൊണ്ട് ജീവനറ്റ ശിഷ്യന്മാരുടെമേൽ നിശ്വസിച്ചുകൊണ്ട് പരിശുദ്ധാത്മാവിനെ നൽകുക വഴി, അവരെ ജീവനുള്ളവരാക്കുകയും നിത്യജീവന്റെ ഉടമകളാക്കുകയും ചെയ്യുന്നു. താഴ്വരയിലെ ഉണങ്ങി വരണ്ട അസ്ഥികൾക്ക് വചനവും ജീവശ്വാസവും ലഭിച്ചപ്പോൾ ജീവനുള്ള മനുഷ്യരായതുപോലെ (എസെക്കിയേൽ 37) നിരാശകൊണ്ടു തകർന്നുപോയ ശിഷ്യന്മാർ യേശുവിന്റെ ജീവശ്വാസം ലഭിച്ചപ്പോൾ കൃപകൊണ്ട് ജ്വലിക്കുന്ന വ്യക്തികളായി. യേശു ദൈവമാണ്. കാരണം ദൈവത്തിനു മാത്രമേ തന്റെ ജീവശ്വാസമായ പരിശുദ്ധാത്മാവിനെ നൽകാൻ സാധിക്കുകയുള്ളൂ.

പാപങ്ങൾ മോചിക്കാനുള്ള അധികാരം ദൈവത്തിനാണുള്ളത്. ദൈവികമായ ഈ അധികാരം യേശു ഉപയോഗിച്ച് പാപങ്ങൾ മോചിപ്പിച്ചപ്പോൾ, യഹൂദർ നിശിതമായി യേശുവിനെ വിമർശിക്കുകയും എതിർക്കുകയും ചെയ്യുന്നു. പാപങ്ങൾ മോചിക്കാനുള്ള അധികാരം യേശുവിനുണ്ടെന്നു യഹൂദർ അറിയാൻ വേണ്ടി തളർവാത രോഗിയോട് കിടക്കയുമെടുത്ത് നടക്കാൻ ആജ്ഞാപിച്ചപ്പോൾ തളർവാതരോഗി സൗഖ്യം പ്രാപിച്ചു (ലൂക്ക 5:17-26). പാപങ്ങൾ മോചിക്കുന്ന യേശു ദൈവമാണ്. ദൈവമായ യേശു ദൈവത്തിന്റെ നാമത്തിൽ പാപങ്ങൾ മോചിക്കാനുള്ള അധികാരം ശിഷ്യർക്ക് നൽകി (യോഹ 20:23).

ഇസ്രായേൽ ജനം യഹോവായെ ദൈവമെന്നും കർത്താവെന്നും വിളിച്ചിരുന്നു. യേശുവിനെ നോക്കി "എന്റെ കർത്താവേ, എന്റെ ദൈവമേ" എന്ന് ആദ്യമായി വിളിക്കുന്നത് തോമസ് അപ്പസ്തോലനാണ്. സീസറിനെ ദൈവമായി ആരാധിച്ചിരുന്ന രാജാരാധനയുടെ കാലത്താണ് തോമസ് ഇത് പറയുന്നത്. മറ്റു വാക്കുകളിൽ സീസറല്ല എന്റെ കർത്താവും, ദൈവവും, യേശുവാണ് എന്റെ കർത്താവും ദൈവവും. യേശു ആരാണെന്നുള്ള ചോദ്യത്തിന് ഏറെ വ്യക്തവും, ഏറ്റവും കൃത്യവുമായ ഉത്തരമാണ് തോമസ് നല്കുന്നത്. യേശു ദൈവമാണ്!

ഒരു വെള്ളിയാഴ്ച തന്നെത്തന്നെ മരണത്തിന് വിട്ടുകൊടുത്തുകൊണ്ട് അടുത്ത ഞായറാഴ്ച സ്വന്തം ശക്തിയാൽ ഉയിർത്തെഴുന്നേറ്റ യേശു ദൈവമാണ്. ദൈവത്തിനു മാത്രമേ സ്വന്തം ശക്തിയാൽ ഉയിർത്തെഴുന്നേൽക്കാൻ സാധിക്കുകയുള്ളൂ. അവന് മാത്രമേ സ്വന്തം ശക്തിയാൽ സ്വർഗ്ഗത്തിൽ ആരോഹണം ചെയ്യാൻ കഴിയുകയുള്ളൂ. കാരണം യേശു ദൈവമാണ്.

## ആരാണ് തോമസ്?

പന്ത്രണ്ട് ശിഷ്യന്മാരിൽ ഒരാളായ തോമസ് യേശുവിന്റെ ദിദിമോസാണ്. ദിദിമോസ് എന്ന വാക്കിന്റെ അർത്ഥം 'ഇരട്ട' എന്നാണ്. തോമസിന്റെ നടപടികൾ എന്ന അപ്രമാണിക ഗ്രന്ഥത്തിൽ തോമസിനെ യേശുവിന്റെ ഇരട്ട പിറന്ന സഹോദരനായി വിശേഷിപ്പിച്ചിരിക്കുന്നു. യേശുവിന്റെ 'ഇരട്ട' എന്നാൽ എന്താണർത്ഥം? മറിയത്തിന്റെ ഉദരത്തിൽ നിന്ന് യേശുവിനോടൊപ്പം ഇരട്ട ജനിച്ചവൻ എന്നല്ല മറിച്ച് ഒരുവൻ എപ്പോ

ഴാണോ ക്രിസ്തുവിന്റെ ആത്മാവിനെ കൊണ്ട് നിറയുന്നത് അപ്പോൾ അവൻ ക്രിസ്തുവിന്റെ ഇരട്ടയാണ്. വി.പൗലോസിന്റെ ഭാഷയിൽ: "എന്നിൽ ഞാനല്ല ജീവിക്കുക ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത്" (ഗലാത്തി 2:20) ഓരോ ക്രിസ്ത്യാനിയും ക്രിസ്തുവിന്റെ ഇരട്ടയാണ്. ക്രിസ്തു എപ്പോൾ എന്നിൽ ജീവിക്കുന്നുവോ അപ്പോൾ മുതൽ എനിക്ക് ക്രിസ്തുവിന്റെ മുഖമാണ്.

ക്രിസ്തുവിന്റെ പ്രവൃത്തികൾ ചെയ്യുമ്പോൾ നമ്മൾ ക്രിസ്തുവിന്റെ ഇരട്ടകളായി മാറുന്നു. മദർതെരേസായും ഫ്രാൻസിസ് അസ്സീസ്സിയും, വിൻസെന്റ് ഡി പോളും ക്രിസ്തുവിന്റെ ഇരട്ടകളാണ്. രാത്രിയിലെ അവസാന ട്രെയിനിനുവേണ്ടിയുള്ള ഓട്ടത്തിൽ സെയിൽസ് ബോയ്സ് എതിരെ അപ്പോൾ കൈയ്യിൽ കുട്ടയുമായി വന്ന അന്ധബാലനെ ഇടിച്ച് താഴെയിട്ടത് ഗൗനിച്ചില്ല. കൂട്ടത്തിൽ ഒരുവൻ മാത്രം വീട്ടിലേക്കുള്ള യാത്ര ഉപേക്ഷിച്ച്, കൂടെയുള്ളവരെ ദൂരെ നിന്ന് കൈവീശി യാത്രയാക്കി. അന്ധനായ ബാലൻ പ്ലാറ്റ്ഫോമിൽ ചിതറി കിടക്കുന്ന ആപ്പിൾ ശേഖരിക്കാൻ വിഫല ശ്രമം നടത്തുകയായിരുന്നു. അപ്പോൾ ഈ സെയിൽസ് ബോയ് ചിതറിയ ആപ്പിളെല്ലാം ശേഖരിച്ച് കുട്ടയിലാക്കി, കേടുവന്നതിന്റെ വിലയായി കുറച്ചു നോട്ടുകൾ അവന്റെ ഉള്ളം കൈയ്യിൽ വച്ചു. അപ്പോൾ ആ അന്ധബാലൻ ചോദിച്ചു:

"Are you Jesus Christ? താങ്കൾ യേശുക്രിസ്തുവാണോ? ദൈവത്തിന്റെ പ്രവൃത്തികൾ ചെയ്യുമ്പോൾ നാം ക്രിസ്തുവിന്റെ ഇരട്ടകളാണ്.

## ആരാണ് നമ്മൾ?

ഇളം തലമുറയെ വഴി തെറ്റിക്കുന്നുവെന്നതിന്റെ പേരിൽ തത്വചിന്തകനായ ഡയനീഷ്യസിനോട് ആ നാട്ടിലെ അധികാരി ചോദിച്ചു: "നീ ആരാണ്" അവൻ മറുപടി പറഞ്ഞു: "ഈ കാലമത്രയും ഞാനും അന്വേഷിക്കുന്നത് ഈ ചോദ്യത്തിനുള്ള ഉത്തരമാണ്. ഈ ലോകത്തിൽ ഉത്തരം പറയാൻ ഏറ്റവും പ്രയാസമുള്ള ചോദ്യമാണിത്. ഒരിക്കൽ ലൂയി രാജാവിന്റെ മകൾ തന്റെ ദാസിയോട് പറഞ്ഞു: 'ഞാനാരാണെന്ന് നിനക്ക് അറിയാമോ? അവൾ തന്നെ മറുപടി പറഞ്ഞു. നിന്നെയും, ഈ രാജ്യത്തെയും ഭരിക്കുന്ന നിന്റെ രാജാവിന്റെ മകളാണ് ഞാൻ." പരിചാരിക തിരിച്ചു പറഞ്ഞു. ഞാനാരാണെന്നറിയാമോ? നിന്നെയും എന്നെയും നിന്റെ പിതാവിനെയും സൃഷ്ടിച്ച ദൈവത്തിന്റെ മകളാണ് ഞാൻ. നമ്മളെല്ലാം ദൈവത്തിന്റെ മക്കളാണ്.

ദൈവത്തിന്റെ മക്കളാകണമെങ്കിൽ യോഹന്നാന്റെ ഒന്നാം ലേഖനം പറയുന്നതുപോലെ യേശു, ക്രിസ്തുവാണെന്ന് വിശ്വസിക്കണം. അവന്റെ കല്പനകൾ പാലിക്കണം. പാലിക്കാൻ സാധിക്കാത്ത വിധം ഭാരമുള്ളതല്ല യേശുവിന്റെ കല്പനകൾ. ശത്രുക്കളെ സ്നേഹിക്കുകയും പീഡിപ്പിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുമ്പോൾ നം ദൈവത്തിന്റെ മക്കളായി മാറും. ദൈവമായ യേശുവിൽ വിശ്വസിച്ച്, അവന്റെ മക്കളാകാം. ദൈവം കൈവിട്ടുവെന്ന് തോന്നിയാൽപോലും ഉപേക്ഷിക്കേണ്ട സുകൃതമല്ല വിശ്വാസം. യേശുവിനെ നാം മാതൃകയാക്കണം. എന്റെ ദൈവമേ, എന്റെ ദൈവമേ, എന്തുകൊണ്ട് അങ്ങ് എന്നെ ഉപേക്ഷിച്ചു (മർക്കോസ് 15:34) എന്ന് പറയുന്ന യേശു, അടുത്ത നിമിഷത്തിൽ ഇപ്രകാരം പറയുന്നു: "പിതാവേ, അങ്ങയുടെ കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു" (ലൂക്ക 23:46). പെരുവിരൽ ഊന്നി നില്ക്കുമ്പോഴും നമ്മുടെ കാൽചുവട്ടിൽ നിന്നും വിശ്വാസമാകുന്ന മണൽതരികൾ ഒലിച്ചു പോകാത്തതായിരിക്കണം. ജീവിതത്തിൽ ഉത്തരം കിട്ടാതെ മിഴിച്ചു നില്ക്കുമ്പോഴും, സൗഖ്യമാകാത്ത രോഗത്തിന്റെ മുമ്പിലും, എടുത്താൽ പൊങ്ങാത്ത ഉത്തരവാദിത്വത്തിന്റെ മുമ്പിലും നമ്മുടെ വിശ്വാസം ഒലിച്ചുപോകരുത്. കാരണം അവനിൽ വിശ്വസിക്കുന്നവർക്ക് ലജ്ജിക്കേണ്ടി വരികയില്ല (റോമ. 9:23). അവൻ നമ്മുടെ ദൈവമാണ്. നാം അവിടത്തെ മക്കൾ.

ഉത്ഥിതനായ യേശുവിന്റെ സാന്നിദ്ധ്യം ഭയത്തിലും നിരാശയിലും കഴിഞ്ഞിരുന്ന ശിഷ്യർക്ക് സമാധാനവും സന്തോഷവും നല്കുന്നു. നമ്മുടെ ഭയത്തിന്റേയും വിഹ്വലതകളുടെയും ജീവിതാനുഭവത്തിൽ യേശുവിനെ കൊണ്ട് വരാം. അവൻ സമാധാനം നൽകുകയും, തന്റെ അഭിഷേകത്തിൽ നമ്മെ ജ്വലിപ്പിച്ചു നിറുത്തുകയും ചെയ്യും. അവനിൽ വിശ്വസിക്കാം. അവൻ ദൈവമാണ്. ■

നീർച്ചാലുകൾ

ഫാ. പോൾ സണ്ണി

പെസഹാക്കാലം 3-ാം ഞായർ (ഏപ്രിൽ 15)

# കല്ലുകൾ ഉരുട്ടിമാറ്റുക

അപ്പോ. 3: 13-15, 17-19 | 2 യോഹ. 1-5 a | ലൂക്ക. 24 : 35-48

പത്രോസ് യേശുവിനെ പ്രഘോഷിക്കുന്നത് യേശു ഉയിർത്തെഴുന്നേറ്റ് പ്രത്യക്ഷപ്പെട്ടതുകൊണ്ടു മാത്രമല്ല, അവൻ മാറിയിരുന്ന് ചിന്തിച്ചപ്പോൾ മനസ്സിലാക്കുന്നു യേശു തന്റെ ജീവിതത്തിൽ എത്രമാത്രം ഇടപെട്ടുവെന്ന്. ഉയിർത്തെഴുന്നേറ്റവന്റെ സുവിശേഷം പ്രഘോഷിക്കാൻ മുമ്പെങ്ങുമില്ലാത്ത ധൈര്യം പത്രോസിനു കിട്ടുന്നു. ഭഗ്നാശനായി ഒരിക്കൽക്കൂടി വഞ്ചിയിലേക്ക് മടങ്ങിയവനായിരുന്നു പത്രോസ്.

യോഹന്നാന്റെ രണ്ടാം ലേഖനത്തിൽ

അഭിസംബോധന തിരഞ്ഞെടുക്കപ്പെട്ട മഹതിക്കും അവളുടെ മക്കൾക്കുമാണ്. അവൾ എലക്ത്തയാണോ? മർത്തായാണോ? അവൾ ഒരു അമ്മയാണോ? സഭയിലെ ഒരു നേതാവാണോ? റോമാക്കാരുടെ ലേഖനത്തിൽ റൂഫസിനെയും അവന്റെ അമ്മയെയുംകുറിച്ച് പറയുന്നുണ്ട്. അതുപോലെ ഈ സ്ത്രീയും തിരഞ്ഞെടുക്കപ്പെട്ട ഒരു വ്യക്തിയാണ്. എല്ലാവരാലും സ്നേഹിക്കപ്പെടുന്ന കുടുംബം. ദൈവത്തിൽനിന്നും പുത്രനിൽനിന്നും കൃപയും കരുണയും സമാധാനവും ആശംസിക്കുന്നു; സത്യത്തിലും സ്നേഹത്തിലുമാണ് ആശംസിക്കുന്നത്. യേശു കുരിശിൽ മരിച്ചപ്പോൾ കീറപ്പെട്ട ദേവാലയതിരശ്ശീല ദൈവത്തെ മനുഷ്യർക്ക് ദൃഷ്ടിഗോചരമാക്കുക മാത്രമല്ല ചെയ്തത്, യഹൂദനും പുറജാതിക്കാരനും ഇടയിലുണ്ടായിരുന്ന വേർപാടിന്റെ നടുച്ചുവർ തകർക്കപ്പെട്ടു.

## പത്രോസിന്റെയും യോഹന്നാന്റെയും ഓട്ടമത്സരം

ഒരു വയസ്സനും ഒരു ചെറുപ്പക്കാരനും. ആദ്യം ഓടിയെത്തിയത് യോഹന്നാൻതന്നെ. പക്ഷേ, അവൻ പുറത്തുതന്നെനിന്നു. പത്രോസ് ഓടി അകത്തുകയറി. യഹൂദ മര്യാദയനുസരിച്ച് മൃതശരീരം സുഗന്ധദ്രവ്യങ്ങളിലിട്ടു കാൽമുതൽ തോൾവരെ മുകളിലോട്ട് ഭദ്രമായി ചുറ്റിക്കെട്ടി തലയിലൊരു വട്ടക്കെട്ടുമായാണ് സംസ്കാരം ചെയ്യപ്പെടുക പതിവ്. യേശുവിനെ ചുറ്റിയിരുന്ന വസ്ത്രം ആരും അഴിക്കുകയോ സ്പർശിക്കുകപോലുമോ ചെയ്തിട്ടില്ല. തലയിലുണ്ടായിരുന്ന കെട്ടും അതുപോലെതന്നെ തലനീക്കപ്പെട്ടാലെന്നപോലെ പുറകോട്ടു മറഞ്ഞു കിടപ്പുണ്ട്.

ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെടും മുമ്പേ യേശു മറിയത്തിനു പ്രത്യക്ഷപ്പെട്ടു. കല്ലറയ്ക്കരികിലെ കാത്തിരിപ്പിന്റെ പ്രതിഫലം. കല്ലറയിൽ ഓടിവന്ന പത്രോസിന് യേശുവിനെ കാണാൻ സാധിച്ചില്ലെങ്കിലും യേശു പിന്നീട് ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെട്ടു. സമാധാനം (Shalom) ആശംസിച്ചു. പക്ഷേ, ഭയമാണ് അപ്പോസ്തലന്മാർക്ക് ഉണ്ടായത്. ഭൂതത്തെയാണ് കാണുന്നതെന്ന് അവർ ധരിച്ചു. മഗ്ദലേനമറിയവും എമ്മാവൂസിലേക്കു പോയ ശിഷ്യരും പറഞ്ഞ ഉയിർപ്പുകഥ കേട്ടിട്ടും യേശുവിനെ കണ്ടമാത്രയിൽ അവർക്ക് ഭയം തോന്നി. ഭൂതത്തിന് ശരീരമുണ്ടാവുകയില്ല. തന്റെ കൈകളും കാലുകളും നീട്ടി അവ സ്പർശിച്ചുനോക്കാൻ യേശു ശിഷ്യന്മാരെ ക്ഷണിച്ചു. ശിഷ്യന്മാർ വികാരത്തള്ളിച്ചയിലായിരുന്നു. അവരെ വീണ്ടും സമാധാനിപ്പിക്കാൻ അരങ്ങേറുന്നതാണ് മീൻസദ്യ (fish meal). ഒത്തിരി വിഭവങ്ങളില്ല. യോഹ 21 അധ്യായത്തിൽ യേശു മീൻ പാചകംചെയ്യുന്ന സംഭവവുമായി സമാന്തരബന്ധമുണ്ട്. യോഹന്നാന്റെ സുവിശേഷത്തിൽ യേശു പാചകം ചെയ്ത് ശിഷ്യന്മാർക്ക് ഭക്ഷിക്കാൻ നല്കി. ലൂക്കായിൽ ശിഷ്യന്മാർ യേശുവിന് ഭക്ഷിക്കാൻ നല്കുന്നു. എമ്മാവൂസിലെ സംഭവവുമായി ലൂക്കാ ഇത് ഇടകലർത്തുന്നു. രണ്ടിടത്തും അപ്പം മുറിക്കലുണ്ട്. അപ്പവും മീനും ഗലീലിയിൽ തീരത്തും ജറുസലേമിലും സാധാരണ ഭക്ഷണമായിരുന്നു. സാധാരണക്കാരുടെ ഭക്ഷണമായി ഉണക്കമീൻ മാർക്കറ്റിൽ വിറ്റഴിക്കപ്പെട്ടിരുന്നു. യേശുവിന്റെയും ശിഷ്യന്മാരുടെയും യാത്രയിൽ ഇത് എപ്പോഴും ഭക്ഷണമായിരുന്നു. ഇന്നു നാം ക്രിസ്തുവിനെ കാണുകയും കേൾക്കുകയും സ്പർശിക്കുകയും ചെയ്യുന്നത് കൂദാശകളിലൂടെയാണ്.

വിശുദ്ധ ലിഖിതങ്ങൾ ഗ്രഹിക്കാനുള്ള പ്രാപ്തി ശിഷ്യന്മാർക്കു ലഭിച്ചു. പാപമോചനത്തിനുള്ള അനുതാപമാണ് ശിഷ്യർ പ്രഘോഷിക്കേണ്ടത്. ദൈവം ആദത്തോട് ചോദിക്കുന്നത് 'നീ എവിടെയാണ്' (ഉൽപ 3:11) ചോദ്യം ചോദിക്കാതെതന്നെ ദൈവത്തിന് ആദം എവിടെയാണെന്ന് അറിയാം. അവന്റെ അനുതാപമാണ് ആഗ്രഹിച്ചത്. പശ്ചാത്താപത്തിനുപകരം കുറ്റപ്പെടുത്തലുകളാണ് ഉണ്ടായത്. സഭാപിതാവായ തെർത്തുല്യൻ പറയുന്നു: 'ജ്ഞാനസ്നാനവും അനുതാപവുമാണ് രക്ഷയുടെ രണ്ട് പ്രകാശഗോപുരങ്ങൾ'. 'ജ്ഞാനസ്നാനം, അനുതാപം എന്നീ രണ്ടു വാതിലുകളിലൂടെയാണ് കത്തോലിക്കർ സത്യഭവനത്തിലേക്കു പ്രവേശിക്കുന്നത്' എന്ന് വിശുദ്ധ ജറോമും പറഞ്ഞിട്ടുണ്ട്.

## ചില കല്ലുകൾ ഉരുട്ടിമാറ്റപ്പെടേണ്ടതുണ്ട്

മറ്റുള്ളവരോട് തുറവിയില്ലാത്ത മനോഭാവങ്ങൾ നമുക്കുണ്ട്. സഹോദരങ്ങളോട് ഹൃദൈക്യപ്പെടാതെ സ്വാർത്ഥതയുടെ കല്ലുരുട്ടിവച്ച് മറ തീർക്കുന്നത് എന്തിനാണ്. സ്വയം ഇരുളിൽ തളയ്ക്കപ്പെടുന്നവരുണ്ട്. ആത്മീയപ്രകാശം ചോർന്നുപോയവർ. ഇരുട്ടിന്റെ മഹാനിദ്രയിൽ പാപത്തിന്റെ ഭാരവുമായി കവിയുന്നവർ. കല്ല് നീക്കിയേ പറ്റൂ. വചനപ്രകാശം കടന്നുവരുമ്പോൾ അവർക്ക് ക്രിസ്തുവിനെ അനുഭവിക്കാനാകും. സ്നേഹിക്കുക, നല്കുക, പങ്കുവയ്ക്കുക ഇങ്ങനെ ലളിതമാണ് ക്രിസ്തുവിന്റെ സന്ദേശങ്ങൾ. ഈ സന്ദേശങ്ങൾ ജീവിതവഴികളിൽ പ്രാവർത്തികമാക്കാത്തതാണ് ക്രൈസ്തവദുരന്തം. മോശയ്ക്ക് ദൈവത്തിന്റെ മുഖം കാണണമെന്നുണ്ടായിരുന്നു. 'നീ എന്റെ മുഖം കണ്ടുകൂടാ; എന്തെന്നാൽ, എന്നെ കാണുന്ന ഒരു മനുഷ്യനും ജീവനോടിരിക്കുകയില്ല' (പുറ 33:18-20). രൂപാന്തരപ്പെട്ടവർക്കേ പിതൃദർശനം സാധ്യമാകുകയുള്ളൂ. യേശുവുമായുള്ള നമ്മുടെ ഐക്യത്തിലൂടെയേ അത് സാധിക്കുകയുള്ളൂ.

സഭ തന്റെ ഏറ്റവും ദുർബലരായ മക്കളെ ശ്രദ്ധയോടും കരുതലോടുംകൂടെ സഹഗമിക്കണം. അവർ മുറിവേറ്റതും ദ്രോഹിക്കപ്പെട്ടതുമായ സ്നേഹത്തിന്റെ അടയാളങ്ങൾ കാണിക്കുന്നു. അവരിൽ പ്രത്യാശയും ആത്മധൈര്യവും പുനഃസ്ഥാപിച്ചുകൊണ്ടാണ് അങ്ങനെ ചെയ്യുന്നത്. ഒരു തുറമുഖത്ത് ലൈറ്റ്ഹൗസിൽ നിന്നുള്ള പ്രകാശരശ്മിപോലെ അല്ലെങ്കിൽ വഴിതെറ്റിയവർക്കോ കൊടുങ്കാറ്റിൽപ്പെട്ടവർക്കോ പ്രകാശം നല്കാൻ ജനങ്ങളുടെയിടയിൽ വഹിക്കപ്പെടുന്ന വിളക്കുപോലെതന്നെ. സഭയുടെ ദൗത്യം മിക്കപ്പോഴും യുദ്ധരംഗത്തിനടുത്തു സ്ഥാപിക്കപ്പെട്ട ആശുപത്രിയുടേതിനു സമാനമാണെന്ന കാര്യം നമുക്കു മറക്കാതിരിക്കാം.

(Amoris Latitia)

നീർച്ചാലുകൾ

ഫാ. വിക്ടർ എവരിസ്റ്റസ്

പെസഹാക്കാലം 4-ാം ഞായർ (ഏപ്രിൽ 22)

# നല്ല മനുഷ്യൻ - നല്ല ഇടയൻ

അപ്പോ. 4: 8-12 | 1 യോഹ 3:1-2 | യോഹ. 10:11-18

ഓസ്ട്രേലിയയിൽ നടന്ന സംഭവമാണ്. ഒരു ചെറുപ്പക്കാരൻ ഒരാടിനെ മോഷ്ടിച്ചതിന്റെ പേരിൽ അറസ്റ്റു ചെയ്യപ്പെട്ടു. അയാൾ വാദിച്ചു, വളരെ നാളുകൾക്കു മുൻപ് നഷ്ടപ്പെട്ട തന്റെ ആടു തന്നെയാണിതെന്ന്. തർക്കം ഒടുവിൽ കോടതിയിലെത്തി. കേസുവിസ്താരം ഗൗരവതരമായതിനാൽ ന്യായാധിപന് വിധി പ്രസ്താവിക്കാൻ വിഷമമായി. ഒടുവിലയാൾ ആടിനെ കോടതി മുറിയിൽ ഹാജരാക്കാൻ കൽപ്പിച്ചു. എന്നിട്ട് കുറ്റമാരോപിച്ചവനോട് ആടിനെ പേരുചൊല്ലി വിളിക്കാൻ പറഞ്ഞു. അയാൾ വിളിച്ചു. ആ സാധുമൃഗം ഒന്നും പ്രതികരിച്ചില്ല. ഭയത്തോടെ തലയുയർത്തി നോക്കു മാത്രം ചെയ്തു. പിന്നെ ന്യായാധിപൻ കുറ്റമാരോപിച്ച ചെറുപ്പക്കാരനോടും അതു തന്നെ ആവശ്യപ്പെട്ടു. അയാളും സ്നേഹപൂർവ്വം വിളിച്ചു. ആ മൃദുസ്വരം കേട്ടമാത്രയിൽ ആട് അയാളുടെ അടുത്തേക്ക് ഓടി വന്നു. പുഞ്ചിരിച്ചുകൊണ്ട് ന്യായാധിപൻ പറഞ്ഞു; "His sheep knows him, case dismissed" ഇടയന്റെ സ്വരം ആട് തിരിച്ചറിയുകയെന്നത് ഇടയന്റെ മഹത്വമാണ്.

(വഴിതെറ്റിപോകുന്ന ആടുകളുടെ ലോകമാണിത്. വെറുപ്പിന്റെയും വിരോധത്തിന്റെയും കലഹത്തിന്റെയും സ്വാർത്ഥതകളുടെയും അപകടവഴികളിൽ അലയുന്നവർ ഇടയസ്വരം കേൾക്കാതെയായിരിക്കുന്നു.)

യോഹന്നാൻ തന്റെ സുവിശേഷത്തിൽ ക്രിസ്തുവിന് കൊടുത്തിട്ടുള്ള വിശേഷണങ്ങളിൽ ഏറ്റവും സൗന്ദര്യമുള്ളത് "നല്ല ഇടയൻ" എന്ന വർണനയാണ്. ഇടയനെന്നാൽ ആടുകൾക്ക് കാവലായി നിൽക്കുന്ന ദാസനാണ്. സർവ്വതാ ജാഗ്രത സൂക്ഷിക്കുന്നവൻ. നിനക്ക് യോജിക്കുന്ന സമയത്തു മാത്രം നീ സഹായഹസ്തം നീട്ടുന്നവനാണെങ്കിൽ ഇനിയും ഇടയഹൃദയം ദാസ്യവേലയ്ക്കായി രൂപപ്പെട്ടിട്ടില്ല. ഇടയ ഹൃദയമുള്ളവൻ തന്റെ സ്വാർത്ഥതകളുടെ അനുദിന ഷെഡ്യൂളുകൾ മാറ്റിവച്ച് സർവതാ സേവന നിരതനാകുന്നു. വിജനതയിൽ വിശന്നു തളർന്ന ജനത്തിനായി ആവശ്യമറിഞ്ഞ് അപ്പം വർധിപ്പിച്ചവനാണ് ക്രിസ്തു.

ഇടയൻ ദാസനാകുമ്പോൾ ലാളിത്യത്തിന്റെ പ്രതീകം കൂടിയാകുന്നു. ചെറിയ പ്രവർത്തികൾ പലപ്പോഴും വലിയ ഹൃദയത്തിന്റെ തെളിവാണ്. മാനവലോകം നിസാരമെന്ന് കരുതുന്ന കാര്യങ്ങളിൽ കാണിക്കുന്ന കരുതലാണ് ഒരാളുടെ ഇടയധർമ്മം വെളിപ്പെടുത്തുന്നത്.

ദൈവം ഇസ്രായേൽ ജനത്തിനായി തെരഞ്ഞെടുത്ത ദാവീദ് ഒരു ഇടയനായിരുന്നു. അവനാകട്ടെ സ്വന്തം ഭവനത്തിൽ പോലും പരിഗണന കിട്ടാതെ പോയവനായിരുന്നു. തിരഞ്ഞെടുക്കപ്പെട്ടവനെ അഭിഷേകം ചെയ്യാൻ സാമുവൽ ജെസ്സെയുടെ ഭവനത്തിൽ എത്തിയപ്പോൾ അയാൾ തന്റെ മക്കളെ നിരത്തി നിർത്തി ദാവീദിനെ ആ പിതാവ് വിസ്മരിച്ചു കളഞ്ഞു. സ്വപിതാവിനാൽ അവഗണിക്കപ്പെട്ടവൻ. സാമുവൽ പോലും ആകാരവടിവും ഉയരവുമുള്ള ഏലിയാസിനെ കണ്ട് അഭിഷിക്തനാകാൻ യോഗ്യൻ അവനാണെന്ന് കരുതി. പ്രവാചകൻ പോലും മാനുഷിക കരുത്തിലും ശക്തിയിലും ആകർഷണീയനായി. ഹൃദയം വീക്ഷിക്കുന്ന ദൈവമാകട്ടെ എല്ലാവരേയും വിസ്മയിപ്പിച്ചുകൊണ്ട് നിഷ്കളങ്കനായ ഇടയചെറുക്കൻ ദാവീദിനെ തെരഞ്ഞെടുക്കുന്നു. മനുഷ്യൻ ഉള്ളത് കാണുന്നു, ദൈവം ഉള്ളം കാണുന്നു.

ദൈവം ദാവീദിൽ കണ്ടെത്തിയ ഏക ഗുണം തന്റെ ഹൃദയത്തിനിണങ്ങിയ മനുഷ്യനാണ് എന്നതാണ്. ദൈവഹൃദയത്തിനിണങ്ങിയ വ്യക്തിയാകുകയെന്നാൽ, സ്നേഹിക്കാൻ കൃപയുള്ള ദാസനാകുകയെന്നതാണ്. വേറെ യാതൊരു യോഗ്യതയും ആവശ്യമില്ല. തിബേരിയൂസ് കടൽത്തീരത്തുവച്ച് പത്രോസിനെ ക്രിസ്തു തന്റെ ആടുകളെ മേയിക്കാൻ ക്ഷണിക്കുന്നത് "നീ എന്നെ സ്നേഹിക്കുന്നോവ" എന്ന ആത്മ പരിശോധനയ്ക്കുശേഷമാണ്.

നിന്നെ ഭരമേൽപ്പിച്ച ദൈവജനത്തെ നയിക്കാൻ സ്നേഹത്താൽ കരുത്താർജ്ജിച്ച ദാസഹൃദയം രൂപപ്പെടാൻ പ്രാർത്ഥിക്കുക. ■



ഇടയൻ ദാസനാകുമ്പോൾ ലാളിത്യത്തിന്റെ പ്രതീകം കൂടിയാകുന്നു. ചെറിയ പ്രവർത്തികൾ പലപ്പോഴും വലിയ ഹൃദയത്തിന്റെ തെളിവാണ്. മാനവലോകം നിസാരമെന്ന് കരുതുന്ന കാര്യങ്ങളിൽ കാണിക്കുന്ന കരുതലാണ് ഒരാളുടെ ഇടയധർമ്മം വെളിപ്പെടുത്തുന്നത്.

ഫാ. അജിമോൻ IVDei

പെസഹാക്കാലം 5-ാം ഞായർ (ഏപ്രിൽ 29)

# ഇഷ്ടമുള്ളത് ചോദിക്കുക അവൻ തരും

അപ്പോ. 9: 26-31 | 1 യോഹ 3:18-24 | യോഹ. 15:1-8

മാർസിയോ എന്നായിരുന്നു അയാളുടെ പേര്. ഒരു സാധാരണ കൂലിപ്പണിക്കാരൻ. അതിലുപരി നല്ലൊരു ഗായകനും. അദ്ദേഹത്തിന്റെ സംഗീതം ആസ്വദിക്കാൻ അനേകർ ചുറ്റുംകൂടി പലരെയും ആകർഷിച്ചത് മാർസിയോയുടെ മുടിയാണ് മുടി അഴിച്ചിട്ട് പാട്ടുപാടി നൃത്തം ചവിട്ടുമ്പോൾ സദസ്യർ കരഘോഷത്തോടെയാണ് സ്വീകരിച്ചിരുന്നത്. വൈകാതെ മാർസിയോ അറിഞ്ഞു തനിക്ക് ക്യാൻസറാണെന്ന്. ചികിത്സയുടെ ഭാഗമായി മുടിയെല്ലാം നഷ്ടപ്പെട്ടു. മുടിച്ചുരുളുകൾ നഷ്ടപ്പെട്ട് മുണ്ഡനം ചെയ്ത തന്നെ ഇനിയാരും സ്വീകരിക്കില്ല എന്നോർത്ത് അയാളുടെ ഉള്ളുപിടഞ്ഞു. മാർസിയോ തന്റെ തെരുവിലേക്കിറങ്ങിയപ്പോൾ വലിയൊരു ബാനർ കുറെ കെട്ടിവച്ചിരിക്കുന്നതു കണ്ട്. 'മർസിയോ പ്രിയപ്പെട്ട ചങ്ങാതീ നിനക്ക് സ്വാഗതം. ആരോ വിളിച്ചുപറഞ്ഞു. ദാ... മർസിയോ... കേട്ടമാത്രയിൽ ഇരുവശങ്ങളിലുള്ള കെട്ടിടങ്ങളിൽ നിന്നും സ്ത്രീകളും പുരുഷന്മാരും കുട്ടികളുമൊക്കെ കൂട്ടത്തോടെ ഇറങ്ങിവന്നു. അയാൾക്കത് വിശ്വസിക്കാനായില്ല. കാരണം അവരെല്ലാവരും തല മുണ്ഡനം ചെയ്തിരുന്നു. മർസിയോ പൊട്ടിക്കരഞ്ഞു. ആ കരച്ചിൽ പതിയെ സ്നേഹത്തിന്റെ ഉത്സവത്തിലേക്ക് വഴിമാറി. ഇതാണ് ക്രിസ്തുവിന്റെ സ്വപ്നം - വാക്കിലും പ്രവൃത്തിയിലുമുള്ള സ്നേഹം അവനോടു ചേർന്നു നിൽക്കുന്ന സ്നേഹം ഫലം പുറപ്പെടുവിക്കുന്ന സ്നേഹം.




കുരിശാണ് ഫലം പുറപ്പെടുവിക്കാനുള്ള നമ്മുടെ ശക്തി. അവനോടുകൂടെ ചേർന്നുനിൽക്കുന്നത് കുരിശോടുകൂടെ ചേർന്നു നിൽക്കുക എന്നും അർത്ഥമുണ്ട്. അതുകൊണ്ട് നമുക്ക് പ്രാർത്ഥിക്കാം. ദൈവമേ ഞാൻ നിന്റെ കുരിശിനോടു ചേർന്നു നിൽക്കട്ടെ

ഇന്ന് ക്രിസ്തു നമുക്ക് സമ്മാനിക്കുന്ന പാഥേയം ഇതാണ്. അവനോടു ചേർന്നുനിന്ന് ഫലം പുറപ്പെടുവിക്കുന്ന ജീവിതത്തിന് ഉടമയാവുക. കൃഷി ശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടിയ ഒരാൾ ചെയ്യുന്ന കൃഷി നശിച്ചുപോയാൽ അവൻ നേടിയ അറിവുകൊണ്ട് എന്തു പ്രയോജനം? എൻജിനീയറിംഗ് ബിരുദം നേടിയ ഒരാൾ പണിത വീടും നിലംപൊത്തിയാലുള്ള അവസ്ഥയെന്ത്/ ക്രിസ്തുവിനെ രക്ഷകനായി സ്വീകരിച്ച്, ക്രിസ്ത്യാനിയായ ഒരു ജീവിതം പരാജയമായിരുന്നു എന്നു പറയുമ്പോൾ, സുവിശേഷം അതിനുത്തരമായി മാറുന്നു. അവനോട് ചേർന്നുനിൽക്കാതെ ഫലം പുറപ്പെടുവിക്കാൻ സാധ്യമല്ല.

ക്രിസ്തു മറ്റൊരു ഉറപ്പും തരുന്നു. അവനോടു ചേർന്നുനിൽക്കുന്നെങ്കിൽ ഇഷ്ടമുള്ളതുചോദിക്കുക അവൻ തരും എന്ന്. ഏതാവശ്യമാണ് അവൻ സാധിച്ചുതരാത്തത്. നിനക്ക് ഭക്ഷണം വേണോ യോഹ. 6:35 ഞാനാണ് ജീവന്റെ അപ്പം എന്റെ അടുക്കൽ വരുന്നവന് ഒരിക്കലും വിശക്കുകയില്ല. നിനക്ക് ദാഹിക്കുന്നുണ്ടോ യോഹ. 4:14 ഞാൻ തരുന്ന ജലം കുടിക്കുന്നവന് ഒരിക്കലും ദാഹിക്കുകയില്ല. നിനക്ക് പാർപ്പിടം വേണോ? യോഹ. 15:5 നിങ്ങൾ എന്നിൽ വസിക്കുവിൻ പാർപ്പിടം റെഡിയാണ്, നിനക്ക് വസ്ത്രം വേണോ? റോമാ. 13:14. നിങ്ങൾ യേശുക്രിസ്തുവിനെ ധരിക്കുവിൻ. നമ്മുടെ അടിസ്ഥാന ആവശ്യങ്ങൾ വരെ യേശുവിൽ കണ്ടെത്താൻ നമുക്ക് സാധിക്കും. ഈ തിരിച്ചറിവാണ് അവനോടു ചേർന്നുനിൽക്കുക വഴി നമുക്ക് ലഭിക്കുന്നത്. നീതി ലഭിക്കാൻ വക്കീലിനേയും, ഭവനം ലഭിക്കാൻ എൻജിനീയർമാരെയും, സൗഖ്യം ലഭിക്കാൻ ഡോക്ടർമാരേയും സമീപിക്കാനറിയുന്ന നമുക്ക് ക്രിസ്തുവിനോട് എങ്ങനെ ചേർന്നുനിൽക്കണമെന്ന് അറിയില്ല.

ചേർന്നുനിൽക്കുമ്പോൾ അവന്റെ വേദനയും കുരിശും മറക്കരുത്. കുരിശാണ് ഫലം പുറപ്പെടുവിക്കാനുള്ള നമ്മുടെ ശക്തി. അവനോടുകൂടെ ചേർന്നുനിൽക്കുന്നത് കുരിശോടുകൂടെ ചേർന്നു നിൽക്കുക എന്നും അർത്ഥമുണ്ട്. അതുകൊണ്ട് നമുക്ക് പ്രാർത്ഥിക്കാം. ദൈവമേ ഞാൻ നിന്റെ കുരിശിനോടുചേർന്നു നിൽക്കട്ടെ. ജീവിതത്തിന്റെ നടുക്കുന്ന ഓർമ്മകളിൽ അപ്രതീക്ഷിതമായ തിരിച്ചടികളിൽ സ്നേഹിക്കുന്നവർ നൽകിയ മുറിവുകളിൽ ഒരിക്കലും നികത്താനാവാത്ത നഷ്ടങ്ങളിൽ, ഹൃദയം മുറിപ്പെടുത്തുന്ന വേർപാടുകളിൽ ജീവിതം അർത്ഥശൂന്യമാണെന്നുപറഞ്ഞ് എന്റെ കുരിശിന്റെ ഭാരം താങ്ങാൻ എനിക്ക് വയ്യ എന്നുപറയുമ്പോഴും ഞാൻ നിന്റെ കുരിശിനോട് ചേർന്നുനിൽക്കും. എന്തെന്നാൽ ഞാൻ വഹിക്കുന്നത് എന്റെ കുരിശു തന്നെയാണ്. ഞാൻ നിറവേറ്റുന്നത് നിന്റെ ഹിതമാണ്, ഞാൻ ഉയിർത്തെഴുന്നേൽക്കുന്നതും നിന്നോടൊപ്പമാണ്. എനിക്ക് വഹിക്കാൻ കഴിയാത്ത ഒരു കുരിശും നീ എനിക്കായി കരുതില്ലല്ലോ എന്റെ പൊന്നുതമ്പുരാനേ... നിന്നോടുചേർന്നതിന് ഞാനും ഒരു കുരിശാകട്ടെ - രക്ഷയുടെ അടയാളമാകട്ടെ - ഒരു ക്രിസ്ത്യാനിയാകട്ടെ. ■



സെന്റ് ജോസഫ് ദേവാലയം
കഴക്കൂട്ടം ഫൊറോന
തൊഴിലാളി മധ്യസ്ഥനായ വിശുദ്ധ ഔസേപ്പ് പിതാവിന്റെ
തിരുനാൾ മഹോത്സവം
2018 ഏപ്രിൽ 25 മുതൽ മേയ് ഒന്നുവരെ
1-5-2018 ചൊവ്വാഴ്ച രാവിലെ 10 ന് തിരുനാൾ പൊന്തിഫിക്കൽ ദിവ്യബലി
റൈറ്റ് റവ. ഡോ. ക്രിസ്തുദാസ് ആർ
(തിരു. ലത്തീൻ അതിരൂപത സഹായ മെത്രാൻ)
തുടർന്ന് സ്നേഹവിരുന്ന്
പാരീഷ് കൗൺസിൽ &
തിരുന്നാൾ കമ്മിറ്റി
ഏവർക്കും സ്വാഗതം
ഇടവകവികാരി

# വചനജ്വാല

**2018 മേയ് മാസം ബി.സി.സികളിൽ ഉപയോഗിക്കാൻ തയ്യാറാക്കിയത്**



# പരിശുദ്ധാത്മാവിന്റെ ചലനാത്മക സാന്നിദ്ധ്യത്തിലൂടെ വളരുന്ന കൂട്ടായ്മയും പങ്കുവയ്ക്കലും

## 1. പരിശുദ്ധാത്മാവിന്റെ ഗാനം
## ബൈബിൾ വന്ദനം
## 2. സ്വാഗതം: കുടുംബനാഥൻ/നാഥ
## 3. ആമുഖം

ഏപ്രിൽ മാസത്തെ കുടുംബകൂട്ടായ്മ യോഗത്തിൽ ഉത്ഥിതനായ യേശുവിന്റെ സാന്നിദ്ധ്യത്തെയും അതിലൂടെ ലഭിക്കുന്ന ഉൾവെളിച്ചവും പ്രത്യാശയും ഉൾക്കൊണ്ടുകൊണ്ട് ശുശ്രൂഷാ പ്രവർത്തനങ്ങൾ സജീവമാക്കി പ്രാദേശിക പ്രശ്നങ്ങൾ പരിഹരിക്കപ്പെടേണ്ടതിന്റെ ആവശ്യകതയെയും കുറിച്ചാണ് ചിന്തിച്ചതും ചർച്ച ചെയ്തതും. പെന്തക്കോസ്താ മഹോത്സവത്തിനായ് ഒരുങ്ങുന്ന ഈ മാസത്തെ നമ്മുടെ ബി.സി.സി. യോഗത്തിൽ നമ്മുടെ എല്ലാ സഭാപ്രവർത്തനങ്ങളുടെയും, കൂട്ടായ്മയുടെയും പ്രേരകശക്തിയും പ്രചോദനവുമായി നിലകൊള്ളുന്ന പരിശുദ്ധാത്മാവിനെയും അവിടുത്തെ കൃപയാൽ രൂപപ്പെടുന്ന പങ്കുവയ്ക്കലിന്റെ സംസ്ക്കാരത്തെയും കുറിച്ച് ചിന്തിക്കാം; ചർച്ച ചെയ്യാം. വിശിഷ്യാ, ആത്മാവിന്റെ പ്രചോദനത്താൽ നമ്മുടെ സമയവും കഴിവും അറിവും സമ്പത്തും മറ്റ് വിഭവങ്ങളും പങ്കുവയ്ക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് മനസിലാക്കണം. ഇങ്ങനെ നമുക്ക് ദാനമായി ലഭിച്ചവയുടെ ഒരു ഓഹരി പങ്കുവയ്ക്കുവാൻ നമ്മെ പ്രചോദിപ്പിക്കുന്ന പരിശുദ്ധാത്മാവിലൂടെ നാം നവീകരിക്കപ്പെടുന്ന, നയിക്കപ്പെടുന്ന, വിശുദ്ധീകരിക്കപ്പെടുന്ന, ശക്തിപ്പെടുത്തുന്ന, ആനന്ദിപ്പിക്കുന്ന, സൗഖ്യപ്പെടുത്തുന്ന അവിടുത്തെ സാന്നിദ്ധ്യത്തെക്കുറിച്ച് ആഴമായി മനസിലാക്കാം, പ്രായോഗിക തീരുമാനങ്ങളെടുത്ത് നടപ്പിലാക്കാം.

## 4. യേശുവിനെ ക്ഷണിക്കൽ

സൗഖ്യത്തിന്റെയും വിശുദ്ധിയുടെയും അറിവിന്റെയും ആത്മാവിനെ നൽകി നമ്മുടെ സമയവും കഴിവും സമ്പത്തും അറിവും പര്സപരം പങ്കുവച്ചുകൊണ്ട് കൂട്ടായ്മയെ ശക്തിപ്പെടുത്തുവാൻ ശക്തി നൽകുന്ന യേശുവിനെ നമ്മുടെ മധ്യേ ക്ഷണിക്കാം.

## 5. വചനഗീതി

## 6. ദൈവവചന പാരായണം

**(1 കൊറി 12:1-11)**

## 7. വചനവിചിന്തനം

കൂട്ടായ്മയെ ശക്തിപ്പെടുത്തുന്ന നിറസാന്നിദ്ധ്യമാണ് പരിശുദ്ധാത്മാവിന്റേത്. പലവിധ പ്രാരാപ്തങ്ങളാൽ ജീവിതത്തിൽ വീഴ്ചയുണ്ടാകുമ്പോൾ എഴുന്നേൽക്കുവാൻ വേണ്ട ഊർജ്ജം നൽകുന്നത് പരിശുദ്ധാത്മാവാണ്.

തെറ്റിദ്ധാരണകളും വ്യക്തി താല്പര്യങ്ങളും കാരണം ഭിന്നിപ്പിക്കപ്പെടുമ്പോൾ ഒന്നിപ്പിക്കുന്ന ശക്തമായ ചൈതന്യമാണ് ആത്മാവിന്റേത്. അത് മനസ്സിന്റെ ഊർജ്ജസ്വലതയെ ഉയർത്തുകയും ആത്മീയ ചൈതന്യമായി വ്യക്തികളെ ഒന്നിപ്പിക്കുകയും ചെയ്യുന്നു.

കൂട്ടായ്മയിൽ അരക്കിട്ടുറപ്പിക്കുന്ന ചൈതന്യമായ പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾ വ്യക്തികളെ ബന്ധങ്ങളിൽ ആഴപ്പെടുത്തുന്നു. അതിനായ് നമ്മുടെ കുടുംബകൂട്ടായ്മയെ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിനായ് വിട്ടുകൊടുക്കേണ്ടതാണ്. വ്യക്തിപരമായി പരിശുദ്ധാത്മാവിനോട് പ്രാർത്ഥിക്കാനും അവിടുത്തെ ദാനങ്ങളേഴും സ്വന്തമാക്കുവാനും ഓരോരുത്തരും പ്രത്യേകം താല്പര്യമെടുക്കണം. വ്യക്തിജീവിതത്തിൽ പരിശുദ്ധാത്മാവിന്റെ ഫലങ്ങൾ അനുഭവിക്കുമ്പോൾ അത് വ്യക്തിക്കതീതമായ സ്നേഹബന്ധത്തിലേക്ക് നയിക്കും. കൂട്ടായ്മകളിൽ തളർച്ചയും ബന്ധങ്ങളിൽ അസഹിഷ്ണുതയും വർദ്ധിക്കുമ്പോൾ പരിശുദ്ധാത്മാവിനെ വിളിച്ചു പ്രാർത്ഥിക്കുവാൻ നാം തയ്യാറാകണം.

ദാനങ്ങളിലും ശുശ്രൂഷകളിലും പ്രവൃത്തികളിലും വൈവിധ്യമുണ്ടെങ്കിലും ഒരു ആത്മാവും ഒരു ദൈവവുമാണ് എല്ലാറ്റിനും പ്രചോദനമേകുന്നത്. ദാനങ്ങളും കൃപകളും നൽകുന്നത് പൊതുനന്മക്കുവേണ്ടിയാണെന്ന് വചനം സാക്ഷ്യപ്പെടുത്തുന്നു. ഇത് കൂട്ടായ്മയിലേക്ക് നമ്മെ നയിക്കുന്നു. കൂട്ടായ്മ ശക്തിപ്രാപിക്കുന്നതും നിലനിൽക്കുന്നതും പങ്കുവയ്ക്കലിലൂടെയാണ്. പങ്കുവയ്ക്കലിന്റെ ഉദാത്ത മാതൃക ആദിമ സഭയിൽ കാണാം. സ്വന്തമായി ഒന്നുമില്ലെന്നു പറയുവാൻ സാധിക്കുന്ന തരത്തിൽ എല്ലാം പങ്കുവച്ചു ജീവിക്കുന്ന ശൈലിയാണ് ആദിമസഭിയലുണ്ടായിരുന്നത്. എല്ലാം പങ്കുവയ്ക്കപ്പെട്ടപ്പോൾ ദാരിദ്ര്യമില്ലാത്ത അവസ്ഥ അവിടെ സംജാതമാകുകയും എല്ലാവരും സമ്പന്നരാകുകയും ചെയ്യുന്നു.

എനിക്കുവേണ്ടി എന്നചിന്തയാൽ സ്വന്തമായി വാരിക്കോരി കൂട്ടുവാനും നാളേക്കുവേണ്ടി സ്വരൂപിച്ച് വയ്ക്കുവാനും പരിശ്രമിക്കുമ്പോൾ ക്രൈസ്തവ ചൈതന്യം നശിക്കുന്നു. എന്നാൽ ''ഞാൻ'' എന്ന വികാരം മരിക്കുകയും ''ഞങ്ങൾ'' എന്ന ചിന്ത ഉണരുകയും ചെയ്യുമ്പോൾ കൂട്ടായ്മ വളരുകയും ചെയ്യുന്നു. അതിനാൽ നമ്മുടെ കുടുംബകൂട്ടായ്മയെ, ഇടവക കുടുംബത്തെ, അതിരൂപതയെ നമുക്കു സ്നേഹിക്കാം. നാം ഓരോരുത്തരും ഭാഗമായിരിക്കുന്ന യൂണിറ്റിന്റെ, ഇടവകയുടെ, രൂപതയാകുന്ന പ്രാദേശിക സഭയുടെ വളർച്ചക്കുവേണ്ടി, ദൈവം ദാനമായി നൽകിയ, ആത്മാവിന്റെ കൃപയാൽ പരിപോഷിപ്പിക്കപ്പെടുന്ന നമ്മുടെ സമയത്തിന്റെ, അറിവിന്റെ, ആരോഗ്യത്തിന്റെ, സമ്പത്തിന്റെ ഒരോഹരി നമുക്ക് പങ്കുവയ്ക്കാം; കൂട്ടായ്മയെ ശക്തിപ്പെടുത്താം.

### 8. ചർച്ച

a. കൂട്ടായ്മ പ്രവർത്തനങ്ങൾ മന്ദീഭവിക്കുന്നതിനുള്ള കാരണങ്ങൾ ഏവ?

b. നമ്മുടെ ബി.സി.സികളിൽ കൂട്ടായ്മ ജീവിതത്തിനു തടസ്സമായി വളർന്നുവരുന്ന "ഞാൻ" മനോഭാവം എങ്ങനെ മാറ്റിയെടുക്കാനാകും?

c. നമ്മുടെ ബി.സി.സി.യെയും ഇടവകയെയും ശക്തിപ്പെടുത്താൻ വ്യക്തിപരമായും കുടുംബപരമായും നമുക്ക് എന്തുചെയ്യാനാകും?

### 9. റിപ്പോർട്ട്.

### 10. ഹാജർ

### 11. പൊതു അറിയിപ്പ്

ശുശ്രൂഷാ പ്രതിനിധികൾ ഇടവക, ഫൊറോനാതല പ്രവർത്തനങ്ങൾ പങ്കുവയ്ക്കുന്നു.

### 12. വിശ്വാസികളുടെ പ്രാർത്ഥന

നമ്മുടെ ബി.സി.സി. യൂണിറ്റിലും ഇടവകയിലും കൂട്ടായ്മാ ജീവിതത്തിൽ വന്ന വീഴ്ചകളെ സമർപ്പിച്ചുകൊണ്ട് പരിശുദ്ധാത്മാവിന്റെ ഇടപെടലിനും അവിടുത്തെ പ്രത്യേക കൃപകളും ദാനങ്ങളും നൽകി പങ്കുവയ്ക്കലിലൂടെ കൂട്ടായ്മയെ ശക്തിപ്പെടുത്തുവാനുള്ള അനുഗ്രഹത്തിനായ് പ്രാർത്ഥിക്കാം.

### 13. സമാപനഗാനം

### 14. സ്നേഹവിരുന്ന്.

### 15. നന്ദി

---

## തീരദേശപരിപാലന പദ്ധതി: തിടുക്കം ഉപേക്ഷിക്കണം – കടൽ

തിരുവനന്തപുരം: തീരദേശപരിപാലനപദ്ധതി തിടുക്കത്തിൽ രൂപപ്പെടുത്താനുള്ള സർക്കാർ നീക്കം ഉപേക്ഷിക്കണമെന്ന് കെ.ആർ.എൽ.സി.സിയുടെ ആഭിമുഖ്യത്തിലുള്ള കോസ്റ്റർ ഏരിയ ഡെവലപ്മെന്റ് ഏജൻസി ഫോർ ലിബറേഷൻ (കടൽ) സംസ്ഥാന സമിതി സർക്കാരിനോട് ആവശ്യപ്പെട്ടു. 2017 മേയ് 31-ന് ദേശീയ ഹരിത ട്രൈബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവിന്റെ പശ്ചാത്തലത്തിൽ 1996-ൽ തയ്യാറാക്കിയ കരടു പദ്ധതി ആവശ്യമായ പഠനങ്ങളും ചർച്ചകളും ഇല്ലാതെ അതിവേഗം നടപ്പിലാക്കിയാൽ തീരദേശവാസികളുടെ ജീവിതത്തെ അത് സാരമായി ബാധിക്കുമെന്ന് കടൽ വർക്കിംഗ് ചെയർമാൻ യൂജിൻ എച്ച്. പെരേരയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം ചൂണ്ടിക്കാട്ടി.

2011-ലെ തീരദേശ നിയന്ത്രണ വിജ്ഞാപനത്തിലെ അപാകതകൾ സംബന്ധിച്ച് തീരദേശ സംസ്ഥാനങ്ങളും തീരജനതയും ഉയർത്തിക്കാട്ടിയ ന്യൂനതകൾ പഠിച്ച് നിർദ്ദേശം സമർപ്പിക്കാനായി 2014 ജൂണിൽ കേരള സർക്കാർ നിയോഗിച്ച ഡോ. ഷൈലേഷ് നായക് കമ്മിറ്റി സർക്കാരിന് സമർപ്പിച്ച സമഗ്ര റിപ്പോർട്ട് വിവരാവകാശ നിയമപ്രകാരം പുറത്തുവന്നിട്ടുമുണ്ട്. ഈ റിപ്പോർട്ട് പരിഗണിച്ച് ഇത് അടിയന്തിരമായി നടപ്പാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളണമെന്ന് യോഗം ആവശ്യപ്പെട്ടു. യോഗത്തിൽ കെ.ആർ.എൽ.സി.സി. വൈസ്പ്രസിഡന്റ് ഷാജി ജോർജ്ജ്, കെ.ആർ.എൽ.സി.സി. ജനറൽ സെക്രട്ടറി ഫാ. ഫ്രാൻസിസ് സേവ്യർ താന്നിക്കാപറമ്പിൽ, കടൽ ജനറൽ സെക്രട്ടറി ജോസഫ് ജൂഡ്, ഡയറക്ടർ ഡോ. ആന്റണിറ്റൊ പോൾ, കടൽ സെക്രട്ടി ജോയി സി. കമ്പക്കാരൻ എന്നിവർ പ്രസംഗിച്ചു.



## ഇളം തൂവൽ

# സെന്റ് ജോസഫ്സ് ഹയർ സെക്കണ്ടറി സ്കൂൾ, അഞ്ചുതെങ്ങ്

ചരിത്രസ്മൃതികളലയടിക്കുന്ന അഞ്ചുതെങ്ങ് തീരദേശത്തിന്റെ വിജ്ഞാനവസന്തമായ് പരിമളം പരത്തി ശോഭിക്കുന്ന സെന്റ് ജോസഫ്സ് ഹയർ സെക്കണ്ടറി സ്കൂൾ 125-ാം വർഷത്തിലേക്ക് അഭിമാനപൂർവ്വം പദമൂന്നുകയാണ്. തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ കീഴിലുള്ള ഈ അക്ഷരകേദാരം 1893 ൽ ഒരു പ്രൈമറി ഇംഗ്ലീഷ് മീഡിയം സ്കൂളായി പ്രവർത്തനം ആരംഭിക്കുകയും 1966 ൽ ഹൈസ്കൂളാവുകയും 1998 ൽ ഹയർ സെക്കണ്ടറി സ്കൂളായി ഉയർത്തപ്പെടുകയും ചെയ്തു. കെ.ജി, എൽ.പി, യു.പി, എച്ച്.എസ്, എച്ച്.എസ്എസ് വിഭാഗങ്ങളിലായി 1200 കുട്ടികളും 55 അധ്യാപകരും 8 അനധ്യാപകരുമാണ് ഇന്ന് ഈ സ്കൂളിലുള്ളത്.

പ്രിൻസിപ്പാൾ കനകദാസ്, ഹെഡ്മിസ്ട്രസ് മേരി ഫെർണാണ്ടസ് എന്നിവരുടെ സാരഥ്യവും കരുതലും ഈ വിദ്യാലയത്തെ മികവുറ്റതാക്കുന്നു. അധ്യയന നിലവാരത്തിലും അച്ചടക്കത്തിലും കുട്ടികളുടെ സ്വഭാവ രൂപീകരണത്തിലും ഈ സ്ഥാപനം പ്രത്യേക ശ്രദ്ധ നൽകുന്നു. ആർ.സി.മാനേജ്മെന്റിന്റെ കീഴിലുള്ള വിദ്യാലയങ്ങളിൽ മെച്ചപ്പെട്ട നിലയിൽ പ്രവർത്തിക്കുന്ന എന്നതോടൊപ്പം വിദ്യാഭ്യാസ ജില്ലയിൽ മികച്ച വിജയ ശതമാനവും രണ്ടാം സ്ഥാനവും ഈ വിദ്യാലയത്തിനാണ് ഇതിന് പിന്നിൽ വിദ്യാഭ്യാസ വകുപ്പിന്റെയും മാനേജ്മെന്റിന്റെയും അധ്യാപകരുടെയും രക്ഷിതാക്കളുടെയും മറ്റ് അഭ്യുദയകാംക്ഷികളുടെയും നിസ്വാർത്ഥ സേവനവും സഹകരണവുമാണെന്ന് നിസംശയം പറയാനാവും.

### ഒന്നാം സ്ഥാനം

കലാ-കായിക രംഗത്ത് മെച്ചപ്പെട്ട നിലവാരവും തിളക്കമാർന്ന വിജയവും സെന്റ് ജോസഫ്സ് സ്കൂൾ നേടുകയുണ്ടായി. സംസ്ഥാന ഫുട്ബോൾ ടീമിലേക്ക് ഹയർസെക്കണ്ടറി വിഭാഗത്തിലെ ജോമോൻ, ഡിബിൻ എന്നിവരും 10-ാം ക്ലാസ്സിലെ ജ്യോതികയും തെരഞ്ഞെടുക്കപ്പെട്ടു. കൊല്ലം യുകെഎഫ് കോളേജ് ഓഫ് എൻജിനീയറിംഗ് നടത്തിയ ഫുട്ബോൾ മത്സരത്തിൽ ഈ സ്കൂളിലെ വിദ്യാർത്ഥികൾ ഒന്നാം സ്ഥാനവും ക്യാഷ്പ്രൈസും ട്രോഫിയും നേടി. ചിറയിൻകീഴ് മുസലിയാർ കോളേജ് ഓഫ് എൻജിനീയറിംഗ് നടത്തിയ ക്വിസ് മത്സരത്തിൽ പ്ലസ് ഒൻ ക്ലാസിലെ സാംചാക്കോ, ജെഫ്ന.സി എന്നീ വിദ്യാർത്ഥികൾ 5000 രൂപ വീതം ക്യാഷ് പ്രൈസ് നേടി. സബ് ജില്ലാ യുവജനോത്സവത്തിൽ ജിബിൻ വർഗീസ് ഒന്നാം സമ്മാനം നേടി.









## ലഹരിക്കെതിരെ ക്ലാസസ്സുകൾ

ആരോഗ്യവകുപ്പുമായി ചേർന്ന് പാലിയേറ്റീവ് കെയറിന്റെയും സന്നദ്ധ സംഘടനകളുടെയും പങ്കാളിത്തത്തോടെ സ്കൂൾ കുട്ടികൾ രോഗികളുടെ ഭവനങ്ങൾ സന്ദർശിക്കുകയും സിസ്റ്റർ പ്രതിനിധിയുടെ നേതൃത്വത്തിൽ അവർക്ക് ആവശ്യമായ സഹായങ്ങൾ നൽകുകയു ചെയ്തു. അഞ്ചുതെങ്ങ് പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികൾക്ക് ലഹരി വിമുക്ത ബോധവൽക്കരണ മാജിക്ഷോയും എയ്ഡ്സ് ബോധവൽക്കരണ തെരുവു നാടകവും നടത്തുകയുണ്ടായി. സൗഹൃദക്ലബിന്റെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥികൾക്കും അമ്മമാർക്കും പ്രത്യേകം ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു.

## റാലികൾ സംഘടിപ്പിച്ചു

പൊതുസമൂഹവും വിദ്യാലയവും തമ്മിൽ വളരെ നല്ല സൗഹാർദ്ദത്തിലാണ്. എൻഎസ്എസ് വിദ്യാർത്ഥികൾ അഞ്ചുതെങ്ങ് പ്രാഥമികാരോഗ്യകേന്ദ്രവും സ്കൂൾ പരിസരവും പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളും ശുചിയാക്കി ബോധവൽക്കരണ റാലികൾ സംഘടിപ്പു. സപ്തദിന ക്യാമ്പ് സംഘടിപ്പിച്ച് എൻ.എസ്.എസ്. വിദ്യാർത്ഥികൾ സർവ്വേ നടത്തി വിവരങ്ങൾ ശേഖരിച്ച പൊതുജനങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകി. എൻ.എസ്എസ്. വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ നവംബർ മാസം ചിറയിൻകീഴ് ആശുപത്രിയിലെ ആശ്രിതർക്കായി 220 ഓളം ഉച്ചഭക്ഷണപ്പൊതി സമാഹരിച്ച് വിതരണം ചെയ്തു.

## എ.സമ്പത്ത് എം.പി അഭിനന്ദിച്ചു

ചെന്നൈയിൽ വച്ചുനടന്ന 'ഇന്ത്യൻ ഇന്റർനാഷണൽ സയൻസ് ഫെസ്റ്റിവൽ' ആറ്റിങ്ങൽ നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ച് പ്ലസ്-ഒണിൽ നിന്ന് രണ്ടു വിദ്യാർത്ഥികളും പത്താം ക്ലാസിൽ നിന്ന് മൂന്നു വിദ്യാർത്ഥികളും പങ്കെടുത്തു. യാത്രയയപ്പുവേളയിൽ എ.സമ്പത്ത് എം.പിയും മുഖ്യമന്ത്രിയുടെ ഉപദേഷ്ടാവ് എം.സി.ദത്തനും അഭിനന്ദിച്ചു.

## നന്ദി

ഭൗതിക സാഹചര്യങ്ങളുടെ മെച്ചപ്പെടുത്തൽ കാര്യക്ഷമമായി നടത്തി. അതിന്റെ ഭാഗമായി പ്രൊഫ. റിച്ചാർഡ് ഹേ എം.പിയുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും ഒരു സ്കൂൾ ബസ്, അസാപ് കംപ്യൂട്ടർ ലാബ്, സ്മാർട്ട് ക്ലാസ് റൂം എന്നിവ സ്കൂളിന് സ്വന്തമായി. പി.റ്റി.എയുടെയും പാരിഷ് കൗൺസിലിന്റെയും സജീവ സാന്നിധ്യവും സഹായസഹകരണവും എടുത്തുപറയേണ്ട ഒന്നാണ്. പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ സ്തുത്യർഹമായ സേവനമാണ് അവർ നൽകി വരുന്നത്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സർക്കാർ നിർദ്ദേശിച്ച പ്രകാരം ഐ.ടി. സംവിധാനങ്ങൾ സജ്ജമാക്കി എല്ലാ ക്ലാസ് മുറികളും 'സ്മാർട്ട് ക്ലാസ് റൂമുകളാക്കി മാറ്റി പ്രവർത്തനം ആരംഭിക്കാൻ പി.റ്റി.എ. നേതൃത്വം വഹിച്ചു.







നേർക്കാഴ്ച

ജെ.സി



# ദയാ (വധം) മരണം സുപ്രീംകോടതി വിധിന്യായം

ലൈംഗികാതിക്രമത്തെ തുടർന്ന് 42 വർഷം അബോധാവസ്ഥയിൽ കഴിഞ്ഞ അരുണ ഷാൻ ബാഗിന് ദയാമരണം അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഹർജിയിൽ ഈ പ്രശ്നം രാജ്യവ്യാപകമായി ചർച്ച ചെയ്യപ്പെട്ടിരുന്നു. പൊതുജനങ്ങളിൽനിന്ന് ലഭിച്ച നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ദയാവധം സംബന്ധിച്ച ബിൽ കഴിഞ്ഞ വർഷാവസാനം കേന്ദ്രസർക്കാർ പരിഷ്ക്കരിക്കുകയും ചെയ്തു. കേരളത്തിൽ ദയാമരണം അനുവദിച്ചുകൊടുത്ത് കരട് നിയമത്തിന് ജസ്റ്റിസ് വി.ആർ.കൃഷ്ണയ്യർ അധ്യക്ഷയിലുള്ള നിയമപരിഷ്കരണ കമ്മിഷൻ പത്തുവർഷം മുൻപ് രൂപം നൽകിയെങ്കിലും അത് നിയമമായില്ല.

ഒരിക്കലും രക്ഷപ്പെടില്ലെന്ന് അറിഞ്ഞുകൊണ്ട് വേദനാപൂർണ്ണമായി മരണം നീട്ടിക്കൊണ്ട് പോകുന്നതിനേക്കാൾ ശാന്തിയോടെയുള്ള മരണം ഒരുക്കി കൊടുക്കുകയാണോ നല്ലതെന്ന ചോദ്യം ഇന്ത്യയടക്കം പലരാജ്യങ്ങളും എത്രയോ വർഷമായി ചോദിച്ചുകൊണ്ടിരുന്നതാണ്. പലരാജ്യങ്ങളും ഇതിനകം ദയാവധത്തിന് അംഗീകാരം നൽകി കഴിഞ്ഞുവെങ്കിലും ജീവിക്കാനുള്ള മൗലിക അവകാശത്തിൽ മരണം സുഗമവും അന്തസ്സുള്ളതുമാക്കാനുള്ള അവകാശവും ഉൾപ്പെടുന്നുവെന്ന് സുപ്രീം കോടതി ഇക്കഴിഞ്ഞദിവസം അഭിപ്രായപ്പെട്ടത്, ഈ സാഹചര്യത്തിൽ നിർണ്ണായകമായിത്തീരുന്നു. ഭരണഘടനയിൽ പറയുന്ന 'ജീവിതം എന്ന വാക്കിൽ മരണം വരെയുള്ള അന്തസ്സുറ്റ ജീവിതം ഉൾപ്പെടുന്നുവെന്ന് വിധിന്യായത്തിൽ പറഞ്ഞതിലുണ്ട്. ദയാമരണത്തിന് വേണ്ടിയുള്ള ഏറ്റവും കാമ്പുള്ള പിൻതുണ ജീവിതത്തിലേക്ക് തിരിച്ചുവരുമെന്ന് ഉറപ്പില്ലാതെ പുതിയൊരു കണ്ടുപിടുത്തം ഉണ്ടാകുമെന്നും അതിലൂടെ രോഗം ഭേദപ്പെടുമെന്നും ചുറ്റുമുള്ളവർ കരുതുന്നതുകൊണ്ടുമാത്രം, ഒരു വ്യക്തി ജീവിതം തള്ളി നീക്കണമോ എന്നും ന്യായാധിപർ ചോദിക്കുന്നു.

ദയാമരണത്തിന്റെ ന്യായങ്ങളോടൊപ്പം നിന്ന കോടതി അത് ദുരുപയോഗം ചെയ്യപ്പെടാനുള്ള സാധ്യതകളെയും അംഗീകരിക്കുന്നു. അത് തടയാനുള്ള മാർഗ്ഗങ്ങളും സ്വീകരിച്ചിട്ടുണ്ട്. അനുമതി വ്യക്തമായ ഉപാധികളോടെ മാത്രമേ നടപ്പിലാക്കാനാവൂ എന്നും നിഷ്കർഷിക്കുന്നുണ്ട്. ഭേദപ്പെടുത്തുവാനാവാത്ത രോഗാവസ്ഥയിലുള്ളവർക്ക് ദുരിതജീവിതം വലിച്ചുനീട്ടുന്നതിന് പകരം ചികിത്സ വേണ്ടെന്നുവയ്ക്കാമെന്ന് വ്യക്തമാക്കുമ്പോൾ തന്നെ ചികിത്സയും കൃത്രിമ ജീവൻ രക്ഷാ മാർഗങ്ങളും ഒഴിവാക്കുന്നതിന് കർശന മാർഗരേഖ കോടതി നിർദ്ദേശിക്കുകയും ചെയ്യുന്നു. മരണാസന്നമായ വ്യക്തി സ്വബോധത്തോടെ രേഖാമൂലം നേരത്തെ നൽകിയിട്ടുള്ള നിർദ്ദേശമനുസരിച്ചോ അല്ലാതെയോ ചികിത്സ ഒഴുവാക്കാൻ ബന്ധുക്കളും ഡോക്ടർമാരും ജില്ലാ കളക്ടറും ഹൈക്കോടതിയും ഉൾപ്പെടുന്ന അനുമതി സംവിധാനമാണ് ചീഫ് ജസ്റ്റിസ് അധ്യക്ഷനായ അഞ്ചംഗ ഭരണഘടനാ ബഞ്ച് നിർദ്ദേശിച്ചത്.

ഈ നിയമം ദുരുപയോഗപ്പെടുത്തുവാനുള്ള സാധ്യത വളരെ വലുതാണ്. വളരെ ഗൗരവമാർന്ന വൈകാരികവും ധാർമ്മികവുമായ പ്രശ്നങ്ങൾ ഈ നിയമത്തിൽ ഒളിഞ്ഞിരിപ്പുണ്ട്. കത്തോലിക്കസഭ ദയാവധത്തെ അംഗീകരിക്കുന്നില്ല. രോഗത്തിലും വാർധക്യത്തിലും കഴിയുന്നവരോട് അർഹിക്കുന്ന പരിഗണന കിട്ടാതെ പോകുന്ന ആനുകാലിക സമൂഹത്തിൽ, ഈ നിയമം ദുരുപയോഗിക്കാനുള്ള സാധ്യത വളരെ കൂടുതലാണെന്ന കാര്യം നമുക്ക് മറക്കാതിരിക്കാം. ■



അന്തർദേശീയ തീർത്ഥാടന കേന്ദ്രം
സെന്റ് തോമസ് ചർച്ച്
മലയാറ്റൂർ
കുരിശുമുടി
2018
MY LORD AND
MY GOD
വിശുദ്ധവാര തിരുക്കർമ്മങ്ങൾ
മാർച്ച്, 25, 29, 30, 31
ഏപ്രിൽ 1
പുതുഞായർ തിരുനാൾ
ഏപ്രിൽ 5, 6, 7, 8
എട്ടാമിടം ഏപ്രിൽ 13, 14, 15
ഏവർക്കും സ്വാഗതം

Total Page 44
Pub. Date : 01.04.2018
RNI Registered NO. 36056/81 REG NO. KL/TV(S)266/2018-2020. WPP NO. KL/TV(S)WPP/171/2018-2020 JEEVANUM VELICHAVUM Rs. 25.00




Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at St.Joseph's Press, Tvm 0471-2327671, for Jeevajyothi Offset Press, Vellayambalam, TVM - 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam-695003. Editor : Fr. Thomas J. Netto